# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഡിസംബർ 2015 വാല്യം 42 ലക്കം 9 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


## മുതലാളിത്ത സാമ്പത്തികാക്രമണങ്ങൾക്കെതിരെ നേർദിശയിൽ

# ജനകീയപ്രതിഷേധം വളർത്തിയെടുക്കുക

**ആഗോളസമ്പദ്ഘടന 1930-കളിലെ മഹാമാന്ദ്യത്തെ അനുസ്മരിപ്പിക്കുന്നുപോലെ പ്രശ്നങ്ങളിലേയ്ക്ക് വഴുതിവീണുകൊണ്ടിരിക്കുകയാണെന്ന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഗവർണർ രഘുറാം രാജൻ ഏതാനും മാസങ്ങൾക്കുമുമ്പ് ലണ്ടൻ ബിസിനസ് സ്കൂൾ കോൺഫ്രൻസിൽ ചെയ്ത ഒരു പ്രസംഗത്തിൽ സമ്മതിക്കുകയുണ്ടായി. ഈ പ്രശ്നങ്ങൾ വ്യവസായിക സമ്പദ്ഘടനകളെയോ ഉയർന്നുവരുന്ന കമ്പോളങ്ങളെയോ മാത്രമല്ല, ലോകത്തെ ആകെ ഗ്രസിക്കുന്നതാണെന്നും ഇതിന് പരിഹാരം കണ്ടെത്തണമെങ്കിൽ "കളിയുടെ നിയമങ്ങൾ" നിർവ്വചിക്കേണ്ടതുണ്ട് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ പുതിയ നിയമങ്ങൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ച് അഭിപ്രായപ്രകടനം നടത്താനൊന്നും മുതിരുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാജൻ മാത്രമല്ല, മുതലാളിത്തലോകം നാശത്തിന്റെ വക്കിലാണെന്ന യാഥാർത്ഥ്യം മൂടിവയ്ക്കാൻ, അതിന്റെ നടത്തിപ്പുകാരായ സാമ്പത്തിക വിശാരദൻമാരും കോളമെഴുത്തുകാരും ഉദ്യോഗസ്ഥ പ്രമാണിമാരുമെല്ലാം ഏറെ കഷ്ടപ്പെടുന്നുണ്ട്. ലോക സമ്പദ്ഘടനയെ ഐഎംഎഫ് മേധാവി കഴിഞ്ഞ ദിവസം വിശേഷിപ്പിച്ചത് "ദുർബ്ബലവും", "ലോലവും" എന്നാണ്. യൂറോപ്പ് ഒരു മൂന്നാം മാന്ദ്യത്തിലേക്ക് നിപതിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.**

കമ്പോളത്തിന്റെ അഭാവത്തിൽ ചരക്ക് കുന്നുകൂടുന്നതാണ് മാന്ദ്യം എന്നകാര്യം ഏവർക്കുമറിയാം. അത് സമ്പദ്ഘടനയുടെ രോഗാതുരമായ അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ആ പദത്തിനുപകരം"വേഗതകുറയൽ","പിന്നാക്കംപോകൽ" തുടങ്ങിയ പദപ്രയോഗങ്ങളൊക്കെയാണ് സമ്പദ്ഘടനയുടെ രോഗാവസ്ഥയെ മറച്ചുവയ്ക്കാൻ ബൂർഷ്വാ സാമ്പത്തിക വിദഗ്ദ്ധർ ഇപ്പോൾ ഉപയോഗിക്കുന്നത്. "നിഷേധാത്മക വളർച്ച"എന്നാണ് സാമ്പത്തികത്തകർച്ച എന്നതിനുപകരം പറയുന്നത്. വളർച്ച എങ്ങനെയാണ് നിഷേധാത്മകമാകുന്നത് എന്ന് തോന്നിയേക്കാം. സത്യം മറച്ചുവയ്ക്കാൻ വാക്കുകൾകൊണ്ട് കളിക്കുകയല്ലേ നിവൃത്തിയുള്ളൂ. സാമ്പത്തിക സൂചകങ്ങളായി കണക്കാക്കപ്പെട്ടിരുന്ന ജിഡിപി, പണപ്പെരുപ്പം, ദാരിദ്ര്യരേഖ, വ്യാവസായികോല്പാദനം, തൊഴിൽ തുടങ്ങിയവയെയൊക്കെ വളച്ചൊടിച്ച് പുതിയ വിവക്ഷകൾ മെനയാനുള്ള ഗവേഷണകേന്ദ്രങ്ങൾ ഐഎംഎഫ്, ലോകബാങ്ക് പോലെയുള്ള ബൂർഷ്വാ ആസ്ഥാനങ്ങളുടെയും സർക്കാർ സംവിധാനങ്ങളുടെയുമൊക്കെ അനുബന്ധമായി പ്രവർത്തിക്കുന്നുണ്ട്. ബൂർഷ്വാ സംവിധാനങ്ങളാകെ പാളംതെറ്റിക്കിടക്കുമ്പോഴും എല്ലാം ദ്രുതഗതിയിൽ ചലിച്ചുകൊണ്ടിരിക്കുന്നു എന്ന് ബോദ്ധ്യപ്പെടുത്താൻ ഇവ്വിധം വളച്ചൊടിച്ച് അവതരിപ്പിക്കുന്ന കണക്കുകൾ സഹായകമാകുന്നു. ഇന്ത്യയിൽ ജിഡിപി കണക്കാക്കുന്നതിനുള്ള അടിസ്ഥാനങ്ങളൊക്കെ മാറ്റി ഊതിപ്പെരുപ്പിച്ച കണക്കുകളാണ് അവതരിപ്പിക്കുന്നത്. അതുപോലെതന്നെ പണപ്പെരുപ്പനിരക്ക് സംബന്ധമായ കണക്കുകളും യാഥാർത്ഥ്യവുമായി ഒരു പൊരുത്തവുമില്ലാത്തതാണ്.

**ധനികരും ദരിദ്രരും തമ്മിലുള്ള അകലം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.**

എന്നാൽ, കണക്കുകൊണ്ടുള്ള ഈ കസർത്തുകൊണ്ടൊന്നും സത്യം മൂടിവയ്ക്കാനാകില്ല. ഒരു വർഷം രാജ്യത്ത് ആകെ ഉല്പാദിപ്പിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും കമ്പോളവിലയായ ജിഡിപിയുടെ വളർച്ചയെക്കുറിച്ച് സാമ്പത്തിക വിശാരദൻമാരും സർക്കാരുമൊക്കെ വർണ്ണാഭമായ ചിത്രം അവതരിപ്പിക്കുമ്പോഴും ഒരുപിടി വരുന്ന സമ്പന്നരും ബഹുഭൂരിപക്ഷം വരുന്ന ദരിദ്രരും തമ്മിൽ നിരന്തരം വർദ്ധിച്ചുവരുന്ന അകലം കാണിക്കുന്നത്, ഇപ്രകാരം ഉല്പാദിപ്പിക്കപ്പെടുന്നതൊക്കെ വിതരണം ചെയ്യുന്നതിൽ ഭീകരമായ അന്തരം നിലനിൽക്കുന്നു എന്നുതന്നെയാണ്. ലോകത്തെ ഒരു ശതമാനം വരുന്ന അതിസമ്പന്നർ ആകെയുള്ള സ്വത്തിന്റെ 41 ശതമാനം കയ്യടക്കിയിരിക്കുന്നു. മുകളിലുള്ള 10 ശതമാനമാകട്ടെ ആകെ സ്വത്തിന്റെ 86 ശതമാനമാണ് കരസ്ഥമാക്കിയിരിക്കുന്നത്. എന്നാൽ താഴെക്കിടയിലുള്ള 50 ശതമാനം പേർക്ക് ആകെ സ്വത്തിന്റെ ഒരു ശതമാനം മാത്രമേയുള്ളൂ. വികസിതവും വികസ്വരവുമായ രാജ്യങ്ങളിൽ ഒരുപോലെ കാണുന്നത് രാജ്യത്തെ സ്വത്തിന്റെ 10 ശതമാനം മാത്രമാണ് താഴെയുള്ള പകുതിയാളുകൾ കൈകാര്യം ചെയ്യുന്നത് എന്നത്രെ. ലോകത്തെ 350 കോടി ദരിദ്രർക്കുള്ളത്രയും സ്വത്ത് വെറും 85 വ്യക്തികൾ കയ്യടക്കിവച്ചിരിക്കുന്നു എന്നാണ് ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ പറയുന്നത്. മുതലാളിത്ത ലോകത്തിന്റെ നായകനായ അമേരിക്കയിൽ 0.1 ശതമാനം

*(ശേഷം 4-ാം പേജിൽ)*

## ജയം-തോൽവി സമ്പ്രദായം പുനഃസ്ഥാപിക്കാനാവശ്യപ്പെട്ട് അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ

# പാർലമെന്റിന് മുന്നിൽ ബഹുജനറാലി

ദേശീയ തലത്തിൽ പുതിയ വിദ്യാഭ്യാസ സമ്പ്രദായം നടപ്പാക്കപ്പെട്ടതിന് ശേഷം വിശേഷിച്ചും ഡിപിഇപി-സർവ്വശിക്ഷാ അഭിയാൻ പദ്ധതികൾ വന്നതിനുശേഷം കുട്ടികളുടെ അക്കാദമിക നിലവാരത്തിലുണ്ടായ വലിയ തകർച്ചകൾക്കെതിരെ പ്രതിഷേധം അലയടിക്കുകയുണ്ടായി. ബിജെപി നയിക്കുന്ന പുതിയ കേന്ദ്ര സർക്കാരിന്, നമ്മുടെ സ്കൂൾ വിദ്യാർത്ഥികളിൽ നല്ലൊരു ശതമാനത്തിനും അടിസ്ഥാന ശേഷികൾ ഉറച്ചിട്ടില്ലായെന്ന് തുറന്ന് സമ്മതിക്കേണ്ട സാഹചര്യവും ഉണ്ടായി. വിശേഷിച്ചും ജയം-തോൽവി സമ്പ്രദായം എടുത്ത കളഞ്ഞ 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ വകുപ്പു പുനഃപരിശോധിക്കണമെന്ന വിദ്യാഭ്യാസ സ്നേഹികളുടെ ആവശ്യം അംഗീകരിക്കാതെ എൻഡിഎ സർക്കാരിന് മുന്നോട്ട് പോകാനാവില്ല. എന്നാൽ, ഇന്ത്യയിലെ 21 സംസ്ഥാനങ്ങൾ കൂട്ടക്ലാസ്സ് കയറ്റ നയത്തിനെതിരെ നിലപാട് അറിയിച്ചിട്ടും നടപടിയെടുക്കാതെ വൈകിപ്പിക്കുന്ന പശ്ചാത്തലത്തിലാണ് അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി നവംബർ 23 ന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിദ്യാഭ്യാസ പ്രവർത്തകരെ അണിനിരത്തികൊണ്ട് പാർലമെന്റിനു മുന്നിൽ ബഹുജന റാലി സംഘടിപ്പിച്ചത്.

അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും അണിനിരന്ന പ്രകടനം രാവിലെ 11 മണിക്ക് രാംലീല മൈതാനിയിൽ നിന്നാരംഭിച്ച് ഉച്ചയോടെ ജന്തർ മന്തറിൽ എത്തിചേർന്നു. സ്കൂൾ വാർഷിക പരീക്ഷകളിൽ ജയം-തോൽവി സമ്പ്രദായം എത്രയും പെട്ടെന്ന് പുനഃസ്ഥാപിക്കുക, ശാസ്ത്രീയ-മതേതര-ജനാധിപത്യ സമീപനം പാഠ്യപദ്ധതിയിലും സിലബസ്സിലും ഉള്ളടക്കത്തിലും കർശനമായി പരിപാലിക്കുക, ചരിത്രം തിരുത്തിയെഴുതുന്നത് അവസാനിപ്പിക്കുക, സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിനു മേലുള്ള കടന്നുകയറ്റം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുള്ള പ്ലക്കാർഡുകൾ പിടിച്ചുകൊണ്ടാണ് മാർച്ച് ജന്തർമന്തറിൽ എത്തിച്ചേർന്നത്.

വാർഷിക പരീക്ഷയിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിലുള്ള ക്ലാസ്സുകയറ്റം എടുത്തുകളഞ്ഞത് പഠനനിലവാരത്തിന്റെ കാര്യത്തിൽ ദുരന്തഫലമാണുണ്ടാക്കിയതെന്ന് റാലിയെ അഭിസംബോധന ചെയ്ത കർണ്ണാടക ലോ അക്കാദമി മുൻ വി.സി. പ്രൊഫ.ജെ.എസ്. പാട്ടീൽ പറഞ്ഞു. കൊൽക്കത്ത സർവ്വകലാശാലയിലെ മുൻ പ്രൊഫ. ദ്രുബ ജ്യോതി മുഖർജി മുഖ്യപ്രഭാഷണം നടത്തി. കേരളത്തിൽ നിന്ന്, ജെഎൻയുവിലെ പ്രൊഫ. എ.കെ.രാമകൃഷ്ണൻ പ്രസംഗകരിൽ ഒരാളായിരുന്നു. വിദ്യാഭ്യാസ രംഗത്തെ വാണിജ്യവൽകരണവും ഹിന്ദുത്വവൽകരണവുമാണ് മോദി സർക്കാർ നടത്തികൊണ്ടിരിക്കുന്ന രണ്ട് അപകടകരമായ നയങ്ങളെന്ന് അദ്ദേഹം പറഞ്ഞു. ലോകബാങ്കിന്റെ വിദ്യാഭ്യാസ നയങ്ങളാണ് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ അടിത്തറ തകർത്തതെന്നും അതിനെതിരെ കേരളത്തിൽ സേവ് എജ്യൂക്കേഷൻ കമ്മിറ്റി നടത്തിയ പോരാട്ടങ്ങൾ ശ്ലാഘനീയമാണെന്നും അദ്ദേഹം പറഞ്ഞു.

പ്രൊഫ. ജെയ്നൽ അബ്ദീൻ(ആസാം), പ്രൊഫ,നന്ദിത നാരായണൻ(ഡൽഹി), കെ. ഉമ(കർണ്ണാടക), പ്രൊഫ.പി.മഹാപത്ര(ആസാം), രാമവതാർ ശർമ്മ(മധ്യപ്രദേശ്), സുമിത് റോയ് (ജാർഖണ്ഡ്), എം.ഷാജർ ഖാൻ (കേരളം), അമീന്ദർപാൽ സിംഗ്(പഞ്ചാബ്), പ്രൊഫ.എൻ ചന്ദ്രശേഖർ(എ.പി), ഡോ.ചന്ദ്രവാൻ യാദവ്(യു.പി), പ്രൊഫ. എച്ച്.തിലഗർ(തമിഴ്നാട്) എന്നിവരും പ്രസംഗിച്ചു. അഖിലേന്ത്യാ സെക്രട്ടറി ഡോ.എ.കെ.അനീസ് റോയിയുടെ നേതൃത്വത്തിലുള്ള ഒരു സംഘം മാനവ വിഭവ വകുപ്പു മന്ത്രി സ്മൃതി ഇറാനിക്കുള്ള നിവേദനം കൈമാറി.




2015 നവംബർ 23 ന് അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാർലമെന്റിനുമുന്നിൽ നടന്ന പടുകൂറ്റൻ ബഹുജനറാലിയുടെ മുൻനിര

വിനാശകരമായ പുതിയ പാഠ്യപദ്ധതി സമ്പ്രദായങ്ങൾക്കും വർഗ്ഗീയവൽകരണ നയങ്ങൾക്കുമെതിരായ വിദ്യാഭ്യാസ സംരക്ഷണ സമരം രാജ്യവ്യാപകമായ തലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ തുടർന്ന് നടന്ന അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചു.

# നവംബർ വിപ്ലവത്തിന്റെ 98-ാം വാർഷികം സമുചിതം ആചരിച്ചു




തലശ്ശേരി ടൗണിൽ നടന്ന നവംബർ വിപ്ലവദിനാചരണ യോഗത്തിൽ എസ്‌യുസിഐ (സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ പ്രസംഗിക്കുന്നു. വേദിയിൽ യു.കെ.അഭിലാഷ്, പോൾ ടി.സാമുവൽ, ഡോ.ഡി.സുരേന്ദ്രനാഥ്, ഷാജി പാണ്ഡ്യാല.




ഹരിപ്പാട് മുട്ടം നേതാജി സെന്ററിൽ ചേർന്ന നവംബർ വിപ്ലവ ദിനാചരണയോഗത്തിൽ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ പ്രസംഗിക്കുന്നു. വേദിയിൽ സഖാക്കൾ ശിവൻകുട്ടി, വർഗ്ഗീസ് ജേക്കബ്, വി.വേണുഗോപാൽ.

**ന**വംബർ വിപ്ലവത്തിന്റെ 98ാം വാർഷികം രാജ്യമെമ്പാടും എസ്‌യുസിഐ(സി) പാർട്ടിയുടെ ആഭിമുഖ്യത്തിൽ ആചരിച്ചു.

ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഹരിപ്പാട് മുട്ടം നേതാജി സ്റ്റഡി സെന്ററിൽ ആചരണയോഗം നടന്നു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറിയും സംസ്ഥാന സെക്രട്ടേറിയറ്റംഗവുമായ സഖാവ് വി.വേണുഗോപാൽ യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ മുഖ്യപ്രസംഗം നടത്തി. സംസ്ഥാന കമ്മിറ്റിയംഗം സഖാവ് വർഗ്ഗീസ് എം.ജേക്കബ്, ജില്ലാ കമ്മിറ്റിയംഗം സഖാവ് ശിവൻകുട്ടി എന്നിവർ പ്രസംഗിച്ചു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തലശ്ശേരി ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 17ന് തലശ്ശേരി പഴയ ബസ് സ്റ്റാന്റിൽ നടന്ന പൊതുയോഗത്തിൽ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. തലശ്ശേരി ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി സഖാവ് പോൾ ടി.സാമുവൽ അദ്ധ്യക്ഷത വഹിച്ചു. കണ്ണൂർ ജില്ലാ കമ്മിറ്റിയംഗം സഖാവ് ഡോ. ഡി.സുരേന്ദ്രനാഥ്, തലശ്ശേരി ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റിയംഗം സഖാവ് യു.കെ.അഭിലാഷ്, സഖാവ് ഷാജി പാണ്ഡ്യാല എന്നിവർ പ്രസംഗിച്ചു.

എസ്‌യുസിഐ(സി) കണ്ണൂർ ടൗൺ ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 18 ന് കമ്പിൽ ബസാറിൽ നവംബർ വിപ്ലവാചരണ പൊതുയോഗം നടന്നു. സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ടൗൺ ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റിയംഗം സഖാവ് അഡ്വ:പി.സി.വിവേക് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി സഖാവ് കെ.കെ.സുരേഷ്, ടൗൺ ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റിയംഗം സഖാവ് അഡ്വ:ഇ.സനൂപ് എന്നിവർ പ്രസംഗിച്ചു. ●

## ബിജെപി ഗവൺമെന്റിന്റെ സാമ്പത്തിക ആക്രമണങ്ങളെ ചെറുക്കുക

*എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് 8-11-2015ന് പുറപ്പെടുവിച്ച പ്രസ്താവന*

**ബീ**ഹാർ തെരഞ്ഞെടുപ്പ് കഴിഞ്ഞയുടൻ പാർലമെന്റിനെ മറികടന്നുകൊണ്ട് സർക്കാർ ഉത്തരവിലൂടെ ബിജെപി ഗവണ്മെന്റ് ഒരുപറ്റം ജനവിരുദ്ധ നടപടികൾ പ്രഖ്യാപിച്ചിരിക്കുന്നു. സേവന നികുതി ഈടാക്കുന്ന എല്ലാ ഇനങ്ങൾക്കുംമേൽ 0.5 ശതമാനം സ്വച്ഛ്ഭാരത് സെസ് അടിച്ചേൽപ്പിച്ചതാണ് നടപടികളിലൊന്ന്. ഫലത്തിൽ സേവന നികുതി ഇതോടെ 14 ശതമാനത്തിൽനിന്ന് 14.5 ശതമാനമായി ഉയർന്നു. റെയിൽവേ ടിക്കറ്റിന്റെ ക്യാൻസലേഷൻ ചാർജ് ഇരട്ടിയാക്കിയതും ട്രെയിൻ പുറപ്പെടുന്നതിന് നാലുമണിക്കൂർമുമ്പ് ക്യാൻസൽ ചെയ്തില്ലെങ്കിൽ പണം മടക്കി നൽകേണ്ടതില്ല എന്നുള്ള തീരുമാനവുമാണ് രണ്ടാമത്തേത്. ഗവണ്മെന്റ് നിശ്ചയിക്കുന്ന വരുമാന പരിധിക്കുമുകളിലുള്ളവരുടെ പാചക വാതക സബ്സിഡി പിൻവലിച്ചതാണ് മൂന്നാമത്തെ നടപടി.

ദാരിദ്ര്യം, തൊഴിലില്ലായ്മ, വിലക്കയറ്റം എന്നിവകൊണ്ട് നടുവൊടിഞ്ഞിരിക്കുന്ന ജനങ്ങളുടെമേൽ മേൽപറഞ്ഞ ജനദ്രോഹ നടപടികളിലൂടെ കടുത്ത സാമ്പത്തികഭാരം അടിച്ചേല്പിച്ചതുവഴി കേന്ദ്രത്തിലെ ബിജെപി ഗവണ്മെന്റ് അതിന്റെ ജനവിരുദ്ധവും കുത്തകാനുകൂലവുമായ സ്വഭാവം ഒരിക്കൽക്കൂടി വെളിപ്പെടുത്തിയിരിക്കുകയാണ്. എല്ലാ അർത്ഥത്തിലും വൃത്തികെട്ട ഒരു ഗവണ്മെന്റ്, രാജ്യത്തെ മാലിന്യമുക്തമാക്കുമെന്നുപറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുന്നതിനേക്കാൾ പരിഹാസ്യമായി മറ്റൊന്നുമില്ല. ഏതാനും മാസങ്ങളായി കേന്ദ്രസർക്കാർ സ്വമേധയാ സബ്സിഡി ഉപേക്ഷിക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുകയാണ്. എല്ലാവർക്കും വിലകുറഞ്ഞതും ശുദ്ധവുമായ ഇന്ധനം എന്ന ബിജെപിയുടെ തെരഞ്ഞെടുപ്പ് വാഗ്ദാനത്തിൽനിന്ന് പിന്നാക്കം പോകുന്നതിന് കളമൊരുക്കുകയാണ് ഇതിലൂടെ. തെരഞ്ഞെടുപ്പിൽ പ്രത്യാഘാതമുണ്ടാകുമെന്ന ഭയമുണ്ടായിരുന്നതിനാൽ ബീഹാർ തെരഞ്ഞെടുപ്പ് കഴിഞ്ഞശേഷമാണ് ഈ പ്രഖ്യാപനങ്ങളൊക്കെ ഉണ്ടായത് എന്നത് ശ്രദ്ധേയമാണ്.

ജനങ്ങളെ വീണ്ടും കൊള്ളയടിക്കാനുള്ള എല്ലാ നടപടികളെയും ശക്തമായി എതിർക്കുന്നതോടൊപ്പം, ശരിയായ നേതൃത്വത്തിൻകീഴിൽ, യോജിച്ചതും ശക്തവുമായ ജനകീയ പ്രക്ഷോഭം കെട്ടഴിച്ചുവിടുന്നതിലൂടെ മാത്രമേ കേന്ദ്ര ഗവണ്മെന്റിന്റെ വർദ്ധിച്ചുവരുന്ന ജനദ്രോഹ നടപടികൾക്ക് തടയിടാൻ കഴിയൂ എന്ന വസ്തുത മനസ്സിലാക്കാൻ ഞങ്ങൾ ഒരിക്കൽക്കൂടി ജനങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ●




പത്തനംതിട്ടയിൽ നടന്ന വിദ്യാഭ്യാസ സെമിനാറിൽ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എം. ഷാജർഖാൻ വിഷയം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിക്കുന്നു

## കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ് മതേതരത്വത്തെ ദുർവ്യാഖ്യാനം ചെയ്യുന്നു

*പാർലമെന്റിൽ ശ്രീ. രാജ്നാഥ്സിംഗ് നടത്തിയ ചർച്ചയിൽ മതേതരത്തെ ദുർവ്യാഖ്യാനം ചെയ്തതിനെ ശക്തമായ ഭാഷയിൽ വിമർശിച്ചുകൊണ്ട് എസ്‌യുസിഐ(സി) ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് 2015 നവംബർ 29 ന് പുറപ്പെടുവിച്ച പ്രസ്താവന*

**ആ**ർഎസ്എസ്-ബിജെപി-സംഘപരിവാർ-ശിവസേന ശക്തികളുടെ പദ്ധതികൾക്കിണങ്ങുംപടി കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ.രാജ്നാഥ്സിംഗ് മതേതരത്വം എന്ന സങ്കൽപ്പത്തെ ബോധപൂർവ്വം ദുർവ്യാഖ്യാനം ചെയ്തതിൽ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു. മതേതരത്വം എന്ന സങ്കൽപ്പം മുതലാളിത്തത്തിന്റെ ആവിർഭാവകാലത്ത്, പാർലമെന്ററി ജനാധിപത്യത്തിന്റെ ഉദയത്തോടൊപ്പം ഉരുത്തിരിഞ്ഞുവന്നതാണ് എന്ന് ചരിത്രവിദ്യാർത്ഥികൾക്കെല്ലാമറിയാം. ജന്മിത്ത സ്വേച്ഛാധിപത്യത്തെയും മതാധിഷ്ഠിതവും കാലഹരണപ്പെട്ടതുമായ ആശയങ്ങളെയും നിരാകരിക്കുന്നതും അലൗകികമായ ഒരു ശക്തിയെയും അംഗീകരിക്കാത്തതുമായ സങ്കൽപ്പമാണ് മതേതരത്വത്തിന്റേത്. ഒരു യഥാർത്ഥ മതേതര ഭരണകൂടം മതത്തെ പ്രോത്സാഹിപ്പിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യില്ല; മതം വ്യക്തിയുടെ വിശ്വാസത്തിന്റെ പ്രശ്നമാണ്, അതിന് ഭരണകൂടവുമായി ഒരു ബന്ധവും പാടില്ല എന്ന നിലപാട് സ്വീകരിക്കുന്നതിലൂടെ മതത്തെ അത് ഉചിതമായ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. മതേതര സമൂഹത്തിൽ മതത്തിന് രാഷ്ട്രീയത്തിലോ വിദ്യാഭ്യാസത്തിലോ പൊതുക്കാര്യങ്ങളിലോ യാതൊരു പങ്കും നിർവ്വഹിക്കാനില്ല. സ്വാഭാവികമായും വിശ്വാസികൾക്കും അവിശ്വാസികൾക്കും തുല്യാവകാശങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യും.

ചരിത്രപരമായും ശാസ്ത്രീയമായും എല്ലാ അർത്ഥത്തിലും മതേതരത്വമെന്നാൽ മതനിരപേക്ഷതയല്ലാതെ മറ്റൊന്നുമല്ല. എന്നാൽ ശ്രീ. രാജ്നാഥ് സിംഗ് പറയുന്നത് ഇത് പക്ഷ നിരപേക്ഷതയാണ് എന്നത്രെ. അദ്ദേഹത്തിന്റെ പ്രസ്താവന, രാഷ്ട്രീയത്തിലും വിദ്യാഭ്യാസത്തിലും പൊതുക്കാര്യങ്ങളിലുമൊക്കെയുള്ള മതത്തിന്റെ ഇടപെടലിനെ പവിത്രീകരിക്കുകയും മതാഭിമുഖ്യത്തോടെ പ്രവർത്തിക്കുന്ന പാർട്ടികളെയും ശക്തികളെയും രാഷ്ട്രീയപ്രവർത്തനത്തിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു. മതേതരത്വം യഥാർത്ഥത്തിൽ പിന്തുടരാത്ത ഒരു ഭരണകൂടം ഏതെങ്കിലുമൊരു മതത്തെ പ്രോത്സാഹിപ്പിക്കുകയും ഒരു ഏകമതാധിഷ്ഠിത രാഷ്ട്രമായി ചുരുങ്ങുകയും ചെയ്യുന്നു. അല്ലെങ്കിൽ എല്ലാ മതങ്ങളെയും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഒരു ബഹുമതാധിഷ്ഠിതരാഷ്ട്രമായി മാറുന്നു എന്ന ലളിതമായ വസ്തുത മനസ്സിലാക്കേണ്ടതുണ്ട്. മതേതരത്വത്തെക്കുറിച്ച് ഇവ്വിധമൊരു ധാരണയാണ് രാജ്നാഥ്സിംഗ് ഉയർത്തിപ്പിടിക്കുന്നത്. മതേതരത്വം എന്നത് പാശ്ചാത്യരാജ്യങ്ങളുടെ ഒരു ആശയമാണെന്നും ഇന്ത്യൻസാഹചര്യത്തിന് ഇണങ്ങുന്നതല്ലെന്നുമുള്ള രാജ്നാഥ് സിംഗിന്റെ വാദഗതിയും ഒരു ദുർവ്യാഖ്യാനമാണ്. എല്ലാ ബൂർഷ്വാ ആശയക്കാരെയുംപോലെ രാജ്നാഥ്സിംഗും പുകഴ്ത്തുന്ന പാർലമെന്ററി ജനാധിപത്യവും പാശ്ചാത്യനാടുകളിലാണ് ഉദയംചെയ്തതെന്നോർക്കണം. രാജ്യത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക അന്തരീക്ഷത്തെ മലീമസമാക്കാനേ ഇത്തരം ദുർവ്യാഖ്യാനങ്ങൾ ഉപകരിക്കൂ. നീറുന്ന ജീവിതപ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ജനകീയ പ്രക്ഷോഭങ്ങൾ യഥാർത്ഥ മതേതരത്വത്തെ അടിസ്ഥാനമാക്കി വളർന്നുവരുന്നത് തടയാനും ജനങ്ങളെ വഴിതെറ്റിക്കാനും ഉന്നംവച്ചുള്ള ഈ നീക്കത്തിനെതിരെ എല്ലാ ജനാധിപത്യ മതേതര പാർട്ടികളും ശക്തികളും ഒറ്റക്കെട്ടായി ശബ്ദമുയർത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതോടൊപ്പം, രാജ്യത്ത് വളർന്നുവരുന്ന വർഗ്ഗീയഭ്രാന്തിനെ ശക്തമായി ചെറുത്ത്, ജനാധിപത്യമൂല്യങ്ങളും തത്വങ്ങളും പുനഃസ്ഥാപിച്ച്, ജനാധിപത്യ ബഹുജനസമരങ്ങൾ വളർന്നുവരാൻ സഹായകമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി യത്നിക്കാൻ ഞങ്ങൾ ജനങ്ങളോടാകെ അഭ്യർത്ഥിക്കുന്നു. ●

# സൈദ്ധാന്തിക പാഠങ്ങൾ

**(1971 നവംബർ 16 ന് സഖാവ് ശിബ്ദാസ് ഘോഷ് നടത്തിയ പ്രസംഗത്തിൽ നിന്ന്)**




കൽക്കട്ടയിൽ നടന്ന നവംബർ വിപ്ലവവാർഷികാചരണ യോഗത്തിൽ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗവും കേരള സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് പ്രസംഗിക്കുന്നു. പൊളിറ്റ്ബ്യൂറോ അംഗങ്ങളായ സഖാക്കൾ മണിക് മുഖർജി, അസിത് ഭട്ടാചാര്യ എന്നിവരും കേന്ദ്രക്കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ഛായമുഖർജി,സൗമൻബസു,ഗോപാൽകുണ്ടു,ദേവപ്രസാദ്സർക്കാർ എന്നിവരും മുൻനിരയിൽ

**ലെ**നിനിസത്താൽ സായുധരായ റഷ്യയിലെ തൊഴിലാളിവർഗ്ഗം ബോൾഷെവിക് പാർട്ടിയുടെ നേതൃത്വത്തിൽ അവിടെ വിപ്ലവം സംഘടിപ്പിച്ചു. നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ സ്വഭാവം ദേശീയമായിരുന്നില്ല, അന്തർദ്ദേശീയമായിരുന്നു. ആ വിപ്ലവം എല്ലാ രാജ്യങ്ങളിലെയും വിപ്ലവത്തിനുവേണ്ടുന്ന ഒരു പശ്ചാത്തലം സൃഷ്ടിച്ചു. ഈ യുഗത്തിലെ വിപ്ലവത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ വ്യക്തമാക്കിത്തീർത്തു. വിപ്ലവം നടത്താൻ തൊഴിലാളിവർഗ്ഗത്തിന് പ്രാപ്തിയുണ്ട് എന്ന് നവംബർ വിപ്ലവം തെളിയിച്ചു. ബൂർഷ്വാ ജനാധിപത്യത്തിന്റെ യുഗം അവസാനിച്ചിരിക്കുന്നുവെന്നും ലോകമുതലാളിത്തം ജീർണ്ണതയുടെയും മുരടിപ്പിന്റെയും ഘട്ടത്തിലേയ്ക്ക്, അതായത് മാനവപുരോഗതിക്കും ദേശീയ വിമോചനപോരാട്ടങ്ങൾക്കും സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും എതിരായുള്ള ഒരു ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നുവെന്നും നവംബർ വിപ്ലവം അസന്നിഗ്ദ്ധമായി തെളിയിച്ചു. സാമൂഹിക വികാസത്തിന്റെ പാതയിൽ അങ്ങനെ ലോകമുതലാളിത്തം വിലങ്ങുതടിയായിത്തീർന്നിരിക്കുകയാണ്. സാങ്കേതികവികാസങ്ങളും ആധുനികവൽക്കരണവുമെല്ലാമുണ്ടായിട്ടും ഉൽപ്പാദനരംഗമാകെ രൂക്ഷമായ പ്രതിസന്ധിയുടെ പിടിയിലാണ്. മുതലാളിവർഗ്ഗത്തിന് ഒരു പ്രകാരേണയും പരിഹരിക്കാൻ കഴിയാത്തതാണ് ഈ പ്രതിസന്ധി. മുതലാളിമാർ തമ്മിൽത്തമ്മിലുള്ള മത്സരം ഒരു വശത്ത്. മറുവശത്ത് ജനങ്ങളുടെ മേലുള്ള ദ്വിമുഖചൂഷണം — തദ്ദേശീയ മുതലാളിമാരുടെയും ഒപ്പംതന്നെ വിദേശസാമ്രാജ്യത്വത്തിന്റെയും — ഇവ മൂലം വളരുന്ന ഉൽപ്പാദനശക്തികളുമായുള്ള താരതമ്യത്തിൽ കമ്പോളം നിരന്തരം ചുരുങ്ങിക്കൊണ്ടേയിരിക്കുന്നു. മുതലാളിത്ത പ്രതിസന്ധിയുടെ അടിസ്ഥാന കാരണമിതാണ്. തുടർന്ന് ഈ പ്രതിസന്ധിയുടെ അനിവാര്യഫലമായി വിജ്ഞാനവികാസത്തിന്റെ എല്ലാ രംഗങ്ങളിലും അത് അതിന്റെ നിഴൽ പരത്തുന്നു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ദ്വന്ദ്വത്തിൽ നിന്ന് ഉടലെടുക്കുന്ന അറിവിന്റെ മണ്ഡലങ്ങൾ, ശാസ്ത്രം, സാങ്കേതികവിദ്യകൾ, കല, തത്ത്വചിന്ത, സാഹിത്യം, സംസ്കാരം, നൈതികത ഇവയുടെയെല്ലാം വളർച്ചയെ തടയുന്നു. അങ്ങനെ ഏതുവശത്തുനിന്ന് നോക്കിയാലും മുതലാളിത്തം ജീർണ്ണമാണ്, അങ്ങേയറ്റം പ്രതിലോമകരമാണ്. അതിനാൽ വിപ്ലവം കൊണ്ട് അതിനെ തൂത്തെറിഞ്ഞേ മതിയാവൂ. നിശ്ചയമായും തൊഴിലാളിവർഗ്ഗമാണ് ഈ വിപ്ലവം നയിക്കേണ്ട വർഗ്ഗം. അതിനാൽ ഇന്നത്തെ വിപ്ലവത്തിന്റെ ഘട്ടം, സാർവ്വദേശീയമായി, തൊഴിലാളിവർഗ്ഗം നയിക്കുന്ന മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റേതാണ്...

മുതലാളിത്ത ഭരണകൂടം സ്ഥാപിക്കപ്പെട്ടതും ബൂർഷ്വാസിക്ക് യാതൊരു വിധ പുരോഗമന സ്വഭാവം അവശേഷിക്കാത്തതുമായ താരതമ്യേന അവികസിത മുതലാളിത്ത രാജ്യങ്ങളിലും ബൂർഷ്വാസിയെ അധികാരത്തിൽ നിന്ന് തൂത്തെറിഞ്ഞ് അതത് രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളികളും കർഷകജനസാമാന്യവുമായിട്ടുള്ള സഖ്യത്തിലൂടെ സോഷ്യലിസ്റ്റ് വിപ്ലവം വിജയത്തിലെത്തിക്കേണ്ടതുണ്ട്...

## വിശകലന പദ്ധതിയും ചിന്താപ്രക്രിയയും: ഏറ്റവും പ്രധാന്യമാർന്ന വിഷയം

പാർട്ടി നേതൃത്വത്തിന്റെ വിശകലന പദ്ധതിയും അതിന്റെ നേതാക്കളുടെയും അണികളുടെയും ചിന്താപ്രക്രിയയും വളരെ പ്രധാനപ്പെട്ട വിഷയമാണ്. സുപ്രധാനമായ ഒരു കാര്യം ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. മാർക്സിസം-ലെനിനിസമെന്ന ശാസ്ത്രം ശരിയായ, ശാസ്ത്രീയമായ വിശകലനപദ്ധതിയായിരിക്കുന്നത് അതിന്റെ ദ്വന്ദ്വാത്മകവും ഭൗതികവാദപരവുമായ ചിന്താപ്രക്രിയ മൂലമാണ്. അതിൽ പ്രാവീണ്യം നേടുകയെന്നത് ഒരു വ്യക്തിയുടെ ബുദ്ധിവൈഭവത്തെ, ബുദ്ധിപരമായ കഴിവുകളെ മാത്രം ആശ്രയിച്ചല്ല ഇരിക്കുന്നത്. മറിച്ച് ഒരു വ്യക്തിയുടെ ബുദ്ധിയും ബൗദ്ധികക്ഷമതയും ഏതുവിധ ചിന്താപ്രക്രിയയാൽ കരുപിടിപ്പിക്കപ്പെട്ടിരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ്. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉദാഹരണമെടുക്കുക, ട്രോട്സ്കി, ബുഖാറിൻ മുതൽപേരും അതല്ലെങ്കിൽ ക്രൂഷ്ചേവിന്റെ അനുയായികളും സ്റ്റാലിൻ സോവിയറ്റ് യൂണിയന് അപരിഹാര്യമായ ക്ഷതങ്ങൾ വരുത്തിത്തീർത്തുവെന്ന് വിശ്വസിച്ചവരായിരുന്നു. സ്റ്റാലിൻ ആൾരൂപം പൂണ്ട ഒരു ചെകുത്താൻ ആണെന്നുതന്നെ അവർ പറഞ്ഞു. മറുവശത്ത് മൂന്നാം ഇന്റർനാഷണലിന്റെ അനുയായികൾ ലെനിൻ, സ്റ്റാലിൻ, മാവോ എന്നിവരോട് അചഞ്ചലമായ വിശ്വാസം പുലർത്തിയവരും ട്രോട്സ്കിയുടെ ഗൂഢാലോചനാപരമായ നീക്കങ്ങളും ക്രൂഷ്ചേവിനെപ്പോലുള്ള ആധുനിക തിരുത്തൽവാദികളും സോവിയറ്റ് യൂണിയനും സോഷ്യലിസത്തിനും അക്ഷന്തവ്യമായ ദ്രോഹം വരുത്തിയവരാണെന്ന നിഗമനത്തിലാണ് വന്നെത്തിയത്. ഈ രണ്ട് കൂട്ടരും അവകാശപ്പെടുന്നത് തങ്ങൾ മാർക്സിസം-ലെനിനിസത്തിലും തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയിലും വിശ്വസിക്കുന്നവരാണെന്നാണ്. ഇരുകൂട്ടരും കമ്മ്യൂണിസ്റ്റുകളാണ് എന്നും അവകാശപ്പെടുന്നു. പക്ഷേ ഇത്ര സുപ്രധാനമായതും അടിസ്ഥാനപരവുമായ വിഷയങ്ങളിന്മേൽ കാഴ്ചപ്പാടിലും അഭിപ്രായങ്ങളിലും നേർവിപരീതമായ ധാരണകൾ എന്തുകൊണ്ടുണ്ടായി? ....ഇവിടെയാണ് വിശകലന പദ്ധതിയുടെയും ചിന്താപ്രക്രിയയുടെയും സ്വഭാവം വളരെ വളരെ പ്രധാനപ്പെട്ടതായിരിക്കുന്നത് — അവ മാർക്സിസം-ലെനിനിസത്തിന് അനുരോധമാണോ അല്ലയോ എന്നത് അങ്ങേയറ്റം പ്രധാന്യമർഹിക്കുന്ന വിഷയമായിരിക്കുന്നത്.

## എന്താണ് മാർക്സിസം-ലെനിനിസത്തെപ്പറ്റിയുള്ള ശരിയായ ധാരണ?

മാർക്സിസം-ലെനിനിസത്തിലുള്ള ശരിയായ ധാരണ അതായത്, ശരിയായ വിശകലന പദ്ധതി മാർക്സിന്റെയും ഏംഗൽസിന്റെയും ലെനിന്റെയും കൃതികൾ കാണാപ്പാഠം പഠിക്കുന്നതിൽ നിന്ന് സിദ്ധിക്കുന്നില്ല. റഷ്യയിൽ പല പണ്ഡിതന്മാരും മാർക്സിന്റെ വാക്കുകൾ ഉരുവിട്ടുകൊണ്ട് വിപ്ലവം നടത്തുന്നതിനെപ്പറ്റിയുള്ള അഭിപ്രായങ്ങൾ മുന്നോട്ടുവച്ചിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ വ്യാവസായികമായി മുന്നേറ്റം കൈവരിച്ച വികസിത മുതലാളിത്ത രാജ്യങ്ങളിലാണ് ആദ്യം വിപ്ലവം നടക്കുകയെന്ന് മാർക്സ് കരുതിയിരുന്നു. ബൂർഷ്വാ ജനാധിപത്യ വ്യവസ്ഥിതിയിൽ അന്നുണ്ടായിരുന്ന ഉദാരപരിതസ്ഥിതികളുടെ വെളിച്ചത്തിൽ സാമാധാനപരമായ മാർഗ്ഗങ്ങളിലൂടെ വിപ്ലവം പൂർത്തീകരിക്കപ്പെടും എന്നുപോലും മാർക്സ് നിരീക്ഷിച്ചിരുന്നു. മാർക്സിന്റെ ആ നിരീക്ഷണങ്ങൾ വച്ചുകൊണ്ട് റഷ്യയിലെ പല മാർക്സിസ്റ്റ് പണ്ഡിതന്മാരും വിപ്ലവത്തെപ്പറ്റിയുള്ള അതേ ധാരണ പുലർത്തിയിരുന്നു. ലെനിന് അവരുമായി നിശിതമായ ആശയസമരത്തിൽ ഏർപ്പെടേണ്ടിവന്നു.

ലെനിനാണ് മാർക്സിന്റെ കാലഘട്ടവും അതിനുശേഷമുളവായ സാമ്രാജ്യത്വ കാലഘട്ടവും തമ്മിലുള്ള വ്യത്യാസം വിശകലനം ചെയ്ത് അവതരിപ്പിച്ചത്. ഈ വ്യത്യാസം മൂലം വികസിതമുതലാളിത്ത രാജ്യങ്ങൾ ഇനിമേൽ വിപ്ലവത്തിന്റെ സിരാകേന്ദ്രങ്ങളായിരിക്കുകയില്ല മറിച്ച് അത് താരതമ്യേന പിന്നാക്കം നിൽക്കുന്ന രാജ്യങ്ങളിലേയ്ക്ക് മാറും, ലോകസാമ്രാജ്യത്വ ചങ്ങലയുടെ ഏറ്റവും ദുർബ്ബലമായ കണ്ണിയിലായിരിക്കും വിപ്ലവം പൊട്ടിപ്പുറപ്പെടുക, ബൂർഷ്വാസി കൂടുതൽ കൂടുതൽ സൈനികവൽകൃതവും ഉദ്യോഗസ്ഥമേധാവിത്വപരവും ആയിത്തീർന്നിരിക്കുന്നതിനാലും സ്വാതന്ത്ര്യത്തിൽനിന്നും ജനാധിപത്യത്തിൽനിന്നും കൂടുതൽ കൂടുതൽ അകന്നുപൊയ്ക്കൊണ്ടിരിക്കുന്നതിനാലും ഈ യുഗത്തിൽ ഏതൊരു രാജ്യത്തും ഇനിമേൽ വിപ്ലവം സായുധ വിപ്ലവമായേ മതിയാവൂ: ലെനിൻ സൈദ്ധാന്തികമായി ഇക്കാര്യങ്ങൾ വ്യക്തമാക്കി. ഇതിനുംപുറമേ പ്ലഖ്നേവ്, ട്രോട്സ്കി, കൗട്സ്കി തുടങ്ങിയവരുമായി സാമ്രാജ്യത്വത്തിന്റെ സ്വഭാവവും രൂപവും, പാർട്ടി സംഘടനയെയും ജനാധിപത്യസങ്കൽപ്പത്തെയും പറ്റിയുള്ള ചോദ്യങ്ങൾ, തൊഴിലാളിവർഗ്ഗ വിപ്ലവത്തിൽ കർഷകരുടെ പങ്ക് എന്നിങ്ങനെയുള്ള അടിസ്ഥാനപരമായ വിഷയങ്ങളിന്മേൽ ലെനിന് മൂർച്ചയേറിയ വാദപ്രതിവാദത്തിനും ആശയസംഘർഷത്തിലും ഏർപ്പെടേണ്ടിവന്നു. എന്തുകൊണ്ട്? ഇവരെല്ലാം മാർക്സിന്റെയും ഏംഗൽസിന്റെയും കൃതികളിൽ അവഗാഹമുള്ളവരായിരുന്നുവെന്ന് നമുക്കറിയാം. എന്നിട്ടും എന്തുകൊണ്ട് ഇത്ര രൂക്ഷമായ ആശയസംഘർഷങ്ങൾ? കാരണം ഒരു കൂട്ടർ മാർക്സിന്റെയും ഏംഗൽസിന്റെയും നീരിക്ഷണങ്ങളും നിഗമനങ്ങളും മാത്രമാണ് സിദ്ധാന്തം എന്നുകരുതി. എന്നാൽ ലെനിൻ, മാർക്സിന്റെയും ഏംഗൽസിന്റെയും നീരിക്ഷണങ്ങളും നിഗമനങ്ങളും മാത്രമല്ല അവരുടെ കാലഘട്ടത്തിന്റെ പരിപ്രേക്ഷ്യത്തിൽ അവർ ഏങ്ങനെ ആ നിഗമനങ്ങളിൽ ചെന്നെത്തി എന്നതാണ് മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ അന്തഃസത്ത എന്ന് മനസ്സിലാക്കി. മാർക്സിസത്തെ അദ്ദേഹം ശാസ്ത്രമായി കണ്ടു. ശാസ്ത്രീയ വിശകലന പദ്ധതി, കാര്യകാരണ പരിശോധനാ രീതി, അത് പ്രയോഗിച്ചുകൊണ്ട് മാർക്സ് ചെന്നെത്തിയ നിഗമനങ്ങൾ — അതിനെയാണ് മാർക്സിസം എന്ന നിലയിൽ ലെനിൻ വ്യവച്ഛേദിച്ചത്. ഉദാഹരണത്തിന് ഇംഗ്ലണ്ടിൽ അന്ന് നിലവിലുണ്ടായിരുന്ന ഉദാരജനാധിപത്യ പരിതഃസ്ഥിതികൾ കണക്കിലെടുത്ത് മാർക്സ് അവിടെ, സാമാധാനപരവും ജനാധിപത്യമാർഗ്ഗങ്ങളിലും തൊഴിലാളിവർഗ്ഗവിപ്ലവം പൂർത്തീകരിക്കാൻ സാദ്ധ്യതയുണ്ട് എന്ന നിഗമനം നടത്തിയിരുന്നു. എന്നാൽ പിന്നീട് *പാരീസ് കമ്മ്യൂണിന്റെ* അനുഭവത്തിന്റെ വെളിച്ചത്തിൽ മാർക്സ് സ്വയം ഈ ആശയത്തിൽ തിരുത്തൽ വരുത്തി. *ഗോഥ പ്രോഗ്രാമിന്റെ നിരൂപണം* എന്ന ഗ്രന്ഥത്തിൽ അത് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. മാർക്സ് ബൂർഷ്വാ ഭരണകൂടത്തിന്റെ നഗ്നമായ ആക്രമണോത്സുക സ്വഭാവം പ്രകടിതമായിത്തീരുന്നതിനുമുമ്പ് ചില നിഗമനങ്ങളിൽ ചെന്നെത്തിയിരുന്നു. ഏറെക്കാലവിളമ്പമൊന്നുമുണ്ടായില്ല, പാരീസ് കമ്മ്യൂണിന്റെ അനുഭവം അതിൽ തിരുത്തലുകൾ വരുത്താൻ കാരണമായി. ഇന്നും മാർക്സിനെ സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റി ഉദ്ധരിച്ചുകൊണ്ട് മാർക്സിന്റെ ഈ നീരിക്ഷണം ശരിയായിരുന്നു, എന്നാൽ മറ്റൊരു പ്രത്യേക നീരിക്ഷണം ചരിത്രം തെറ്റാണെന്ന് സ്ഥാപിച്ചു എന്നൊക്കെ പറയുന്നവർ യഥാർത്ഥ മാർക്സിസ്റ്റുകൾ ആണോ? അവർക്ക് മാർക്സിസം അശേഷം മനസ്സിലായിട്ടില്ല. ലെനിൻ മാർക്സിസത്തിന്റെ അന്തഃസത്ത ശരിയായി മനസ്സിലാക്കി.

അതുപോലെതന്നെ ലെനിൻ ഒരു നിശ്ചിത സാഹചര്യത്തിൽ പറഞ്ഞ കാര്യങ്ങൾ അല്ല ലെനിനിസം. ലെനിൻ പ്രയോഗിച്ച ശാസ്ത്രം, ആ ശാസ്ത്രത്തിനു തന്നെ വരുത്തിതീർത്ത വികാസം, അതിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച മൗലികതത്ത്വങ്ങൾ ഇവയിലെല്ലാം അന്തർഭവിച്ചിരിക്കുന്ന വിശകലന പദ്ധതി -- ഇതാണ് ലെനിനിസത്തിന്റെ സാരാംശം. ഇവ്വിധത്തിൽ ഇതിൽ പ്രാവീണ്യം ആർജ്ജിക്കാതെ ലെനിന്റെ നിരീക്ഷണങ്ങൾ വെറുതെ ഓർമ്മയിൽ വയ്ക്കുകയും ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നത് ലെനിനിസമല്ല.

അങ്ങനെ ലെനിന്റെ കാലത്തെ പാർട്ടിരൂപീകരണത്തിന്റെ ശൈലിയും ഇന്നത്തെ ഇന്ത്യയുടെ സവിശേഷ സാഹചര്യത്തിൽ ഊന്നൽ നൽകേണ്ടുന്ന വിഷയങ്ങളും തത്തുല്യമായിരിക്കുക അസാദ്ധ്യമാണ്. പ്രത്യേകിച്ചും ബൂർഷ്വാ വ്യക്തിവാദം ഇന്ന് കൈവരിച്ചിരിക്കുന്ന ആപൽക്കരമായ സ്വഭാവം കണക്കിലെടുക്കുമ്പോൾ. ലെനിന്റെ കാലത്ത് ബൂർഷ്വാ വ്യക്തിവാദം ഒരിക്കലും ഇത്രമേൽ അപകടകരമായിരുന്നിട്ടില്ല...

(Shibdas Ghosh, Selected Works, Vol. 4)

# മുതലാളിത്തം പ്രതിസന്ധിയിൽപ്പെട്ട് മരണാസന്നമായിരിക്കുന്നു

*(1-ാം പേജിൽ നിന്ന്)*
വരുന്ന ഏറ്റവും സമ്പന്നരായ ആളുകളുടെ ആസ്തി താഴെയുള്ള 90 ശതമാനത്തിന്റേതിനു തുല്യമാണത്രെ. മറ്റു രാജ്യങ്ങളിലും ഇതുതന്നെയാണ് സ്ഥിതി. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ജർമ്മനിയിൽ അസമത്വം 12.7 ശതമാനമാണ് വർദ്ധിച്ചത്. ഗ്രീസ്, സൈപ്രസ്, അയർലണ്ട്, ഇറ്റലി, പോർട്ടുഗൽ, റുമാനിയ, സ്പെയിൻ എന്നിവിടങ്ങളിലൊക്കെ അസമത്വം പെരുകി വലിയൊരു വിഭാഗം ആളുകൾ ദാരിദ്ര്യവും സാമൂഹികമായ ബഹിഷ്കരണവുംകൊണ്ട് വലയുകയാണ്. ചെലവുചുരുക്കലിന്റെ പ്രതീകമായി ഉയർത്തിക്കാട്ടുന്ന അയർലണ്ടിൽ 2009-10ൽ മുകളിലുള്ള 20 ശതമാനവും താഴേക്കിടയിലുള്ള 20 ശതമാനവും തമ്മിലുള്ള വരുമാനത്തിലെ അന്തരം 5 ഇരട്ടിയാണ്. ഇന്ത്യയിലെ സാഹചര്യവും ഒട്ടും വ്യത്യസ്തമല്ല. ഇന്ത്യയിൽ ആകെ സ്വത്തിന്റെ 49 ശതമാനമാണ് മേലേക്കിടയിലുള്ള ഒരു ശതമാനം കുടുംബങ്ങളുടെ പക്കലുള്ളതെന്ന് 2014-ലെ ഒരു സാമ്പത്തിക പഠനം പറയുന്നു. രാജ്യത്തെ ശതകോടീശ്വരൻമാരുടെ ആസ്തി 15 വർഷംകൊണ്ട് 12 മടങ്ങാണ് വർദ്ധിച്ചത്. ഐഎംഎഫിന്റെ കണക്കുപ്രകാരം ഇന്ത്യയിലെ ദാരിദ്ര്യം രണ്ടുവട്ടം തുടച്ചുനീക്കാൻ ഈ തുക മതി. ഇങ്ങനെ സമ്പത്തുമുഴുവൻ ഒരുപിടി ആളുകളുടെ കയ്യിൽ കുന്നുകൂടുകയും ബഹുഭൂരിപക്ഷവും ദാരിദ്ര്യത്തിൽ കഴിയുകയും ചെയ്യുമ്പോൾ, വളരുന്ന സമ്പദ്ഘടന എന്നൊക്കെയുള്ള അവകാശവാദങ്ങൾ എത്ര അപഹാസ്യമാണ്. ശരീരത്തിലെ രക്തം മുഴുവൻ വായിൽ നിറഞ്ഞുനിന്നാൽ അത് ആരോഗ്യത്തിന്റെ ലക്ഷണമാകുമോ എന്ന് ഒരിക്കൽ രവീന്ദ്രനാഥ ടാഗോർ ചോദിച്ചു. ജീർണ്ണവും മരണാസന്നവുമായ മുതലാളിത്ത വ്യവസ്ഥ ഇന്ന് ഇത്തരമൊരവസ്ഥയിലാണ്.

### പെരുകുന്ന ദാരിദ്ര്യം

സ്വത്ത് ഒരുപിടി ആളുകളുടെ കയ്യിൽ കേന്ദ്രീകരിക്കപ്പെടുന്നതിന് അനുസരിച്ച് ദാരിദ്ര്യവും പെരുകിക്കൊണ്ടിരിക്കുന്നു. യൂറോപ്യൻ യൂണിയനിൽ 16.4 ശതമാനംപേർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. സ്പെയിൻ, റുമേനിയ, ബൾഗേറിയ എന്നിവിടങ്ങളിൽ ഇത് 15 ശതമാനമാണ്. യൂകെയിൽ ഇത് 10 ശതമാനവും. എന്നാൽ, ഈ സർക്കാർ വക കണക്കുകൾക്കപ്പുറത്ത് യഥാർത്ഥത്തിൽ ഇത് എത്രയോ കൂടുതലായിരിക്കും. കഴിഞ്ഞ 30 വർഷത്തിൽ ദാരിദ്ര്യത്തിലേക്ക് പതിക്കുന്ന കുടുംബങ്ങളുടെ എണ്ണം ഇംഗ്ലണ്ടിൽ ഇരട്ടിയിലേറെയായിട്ടുണ്ട്. മതിയായ ഭക്ഷണം, ആവശ്യത്തിന് വസ്ത്രം, ഭവനങ്ങൾ ചൂടുപിടിപ്പിക്കുന്നതിനും ഇൻഷ്വർ ചെയ്യുന്നതിനുമുള്ള ശേഷി എന്നീ മൂന്ന് അവശ്യോപാധികളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ, സാമ്പത്തികമായി ഇരട്ടി വളർച്ച നേടി എന്നവകാശപ്പെടുന്ന ഇംഗ്ലണ്ടിൽ, 33 ശതമാനം കുടുംബങ്ങൾ ഇപ്പോഴും മിനിമം ജീവിതനിലവാരത്തിലേക്കാൾ താഴെയാണ് കഴിയുന്നത്. അമേരിക്കയിൽ, ഏറ്റവും ഒടുവിലത്തെ സെൻസസ് കണക്കനുസരിച്ച് 18 വയസ്സിൽ താഴെയുള്ള കുട്ടികളിൽ അഞ്ചിലൊന്ന് അഥവാ 21.3 ശതമാനം ദരിദ്രരാണ്. 6 ലക്ഷത്തിലേറെ അമേരിക്കക്കാർ ഭവനരഹിതരാണ്. കഴിഞ്ഞ വർഷത്തെ കണക്കുപ്രകാരം 13.2 ശതമാനം ആളുകൾ ഇവിടെ ദരിദ്രരാണ്. ഏഴിൽ ഒരാൾ വീതം പട്ടിണിക്കാരാണ്. 35 ലക്ഷം പേർ പാർക്കിലും വാഹനങ്ങളിലും പാലത്തിനടിയിലുമൊക്കെയായി അന്തിയുറങ്ങുന്നു. 25 അമേരിക്കൻ നഗരങ്ങളിൽ 71 ശതമാനവും ഭക്ഷണത്തിന് സഹായം ആവശ്യപ്പെടുന്നു. 43 ശതമാനം നഗരങ്ങളും ഭവനരഹിതരുടെ എണ്ണം വർദ്ധിക്കുന്നതായി റിപ്പോർട്ടു ചെയ്യുന്നു. വളരെ കുറഞ്ഞ കൂലിക്ക് പണിയെടുക്കുന്നവരാണ് ഭൂരിപക്ഷവും. കുടുംബനാഥനോ നാഥയോ മാത്രമുള്ള കുടുംബങ്ങൾക്ക് ഒരാളുടെ വരുമാനംകൊണ്ട് കഴിഞ്ഞുകൂടാനാകില്ല. അമേരിക്കയിൽ ഇത്തരം കുടുംബങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. വരുമാനം കുറഞ്ഞ അമ്മമാർക്കും കുട്ടികൾക്കും മറ്റും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളൊക്കെ ഇപ്പോൾ ഏതാണ്ട് അസ്തമിച്ചിരിക്കുകയാണ്. വംശം, ലിംഗം തുടങ്ങിയ വിഷയങ്ങളെച്ചൊല്ലിയുള്ള പ്രശ്നങ്ങൾ അധികരിക്കുന്നതും ന്യൂനപക്ഷ വിഭാഗങ്ങളിലുള്ള പട്ടിണിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തന്നെയാണ്.

ഇന്ത്യൻ സാഹചര്യവും വ്യത്യസ്തമല്ല. ലോകത്താകെ അടിമകളെപ്പോലെ കഴിയുന്ന 3 കോടി 60 ലക്ഷം പേരിൽ ഏറ്റവും കൂടുതൽ, ഏതാണ്ട് ഒരു കോടി 40 ലക്ഷം പേർ ഇന്ത്യക്കാരാണ്. വേശ്യാവൃത്തിയിൽ ഏർപ്പെട്ടവർ മുതൽ അടിമകളെപ്പോലെ പണിയെടുക്കേണ്ടി വരുന്നവർവരെ ഇതിൽ ഉൾപ്പെടും. 23 കോടി ആളുകളാണ് പട്ടിണിക്കാരായുള്ളത്. രാജ്യത്ത് 30 കോടിയാളുകൾ പരമദരിദ്രരാണെന്ന് ഐക്യരാഷ്ട്രസഭയുടെ ഒരു റിപ്പോർട്ട് പറയുന്നു. അർജുൻ സെൻഗുപ്ത കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ 77 ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഏതാനും മാസങ്ങൾക്കുമുമ്പ് പ്രസിദ്ധീകരിച്ച സാമൂഹ്യ-സാമ്പത്തിക സെൻസസ് റിപ്പോർട്ട് സാമ്പത്തിക വളർച്ചയെക്കുറിച്ചുള്ള അവകാശവാദങ്ങളെല്ലാം വെറും പൊള്ളയാണെന്ന് വെളിവാക്കുന്നു. ഈ റിപ്പോർട്ട് പ്രകാരം ഗ്രാമീണ മേഖലയിൽ 75 ശതമാനം കുടുംബങ്ങളുടെയും മാസവരുമാനം 5000 രൂപയിൽ താഴെയാണ്. 92 ശതമാനം കുടുംബങ്ങളിലും പ്രധാനവരുമാനക്കാരന് 1000 രൂപയിൽ താഴെ മാത്രമേ ലഭിക്കുന്നുള്ളൂ. 75 ശതമാനം കുടുംബങ്ങളിൽ ഇത് 5000 രൂപയിൽ താഴെയാണ്. അത് 1000 മുതൽ വെറും 10 രൂപ വരെയാകാം. ഇവർ പരമദരിദ്രരാണ്. 6.68 ശതമാനം കുടുംബങ്ങൾ ഭിക്ഷ യാചിച്ചും 4.08 ശതമാനം കുടുംബങ്ങൾ ചപ്പുപെറുക്കിയുമാണ് ജീവിക്കുന്നത്.

### തൊഴിലില്ലായ്മ

ബൂർഷ്വാ പണ്ഡിതൻമാരും രാഷ്ട്രീയക്കാരും ജനങ്ങളെ കബളിപ്പിക്കാനായി ദാരിദ്ര്യ നിർമ്മാർജ്ജനത്തെക്കുറിച്ച് പറയാറുണ്ട്. എന്നാൽ എന്തുകൊണ്ട് ദാരിദ്ര്യം എന്ന കാര്യം മാത്രം അവർ പറയില്ല. തൊഴിലോ വരുമാനമോ ഇല്ല എന്നതാണ് ദാരിദ്ര്യത്തിന് കാരണം. ഭരണക്കാർ കണക്കിൽ കസർത്തു നടത്തി തൊഴിലില്ലായ്മയുടെ വലുപ്പം കുറച്ചുകാണിക്കും. ഉദാഹരണത്തിന്, അമേരിക്കയിലെ ബ്യൂറോ ഓഫ് ലേബർ സ്റ്റാറ്റിസ്റ്റിക്സ് (ബിഎൽഎസ്) ആരാണ് തൊഴിൽരഹിതൻ എന്ന് നിർണ്ണയിക്കുന്നതിന് നിഗൂഢമായ ഒരു രീതി പടച്ചുണ്ടാക്കുന്നു. തൊഴിൽ ആവശ്യമുള്ളവരുടെ യഥാർത്ഥ കണക്കല്ല ഇത്. അവർ, അമേരിക്കയുടെ വിവിധ പ്രദേശങ്ങളുടെയും ജനവിഭാഗങ്ങളുടെയും പ്രതിനിധികൾ എന്നനിലയിൽ 60000 കുടുംബങ്ങളിൽ, സർവ്വേ നടത്തുന്നു. കഴിഞ്ഞ 4 ആഴ്ചയായി ഗൗരവമായി തൊഴിൽ അന്വേഷിക്കുന്നുണ്ടോ എന്ന് ആളുകളോട് അവർ ചോദിക്കും. എന്തെങ്കിലും തൊഴിലോ വരുമാനമോ ആ കാലയളവിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അവരെ തൊഴിലുള്ളവരായി കണക്കാക്കും. ഈ അടിസ്ഥാനത്തിൽ ദീർഘകാല തൊഴിൽരഹിതർ എന്ന നിലയിൽ വെറും 38 ലക്ഷം പേരേ മാത്രം അമേരിക്ക തൊഴിൽരഹിതരായി പ്രഖ്യാപിച്ചിരിക്കുന്നു. തൊഴിലന്വേഷിക്കുന്ന ആളെ മാത്രമേ ഇവിടെ തൊഴിലില്ലാത്ത ആളായി പരിഗണിക്കുന്നുള്ളൂ. 2013 ഒക്ടോബർ മുതൽ 2014 ഫെബ്രുവരി വരെ തൊഴിലാളികൾ എന്ന നിലയിൽ ലിസ്റ്റുചെയ്യപ്പെടാത്ത 9 കോടി 10 ലക്ഷം ആളുകളെ ഒഴിവാക്കിയിരിക്കുന്നു. കഴിഞ്ഞ മെയ് മാസത്തിൽ രേഖപ്പെടുത്തിയ തൊഴിൽ സേനയിലെ പങ്കാളിത്തം 62.8 ശതമാനമാണ്. അതായത്, 37.2 ശതമാനംപേർ ആ കാലയളവിൽ തൊഴിൽരഹിതരായിരുന്നു എന്നർത്ഥം. ഇതുകൂടാതെ കർഷകത്തൊഴിലാളികൾ, ഡയറിഫാം തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, കടകളിൽ പണിയെടുക്കുന്നവർ, പ്രവാസികൾ, ജയിൽപ്പുള്ളികൾ, അംഗവൈകല്യമുള്ളവർ, മനുഷ്യക്കടത്തിന് ഇരയാകുന്നവർ തുടങ്ങി മിനിമം വേതനം പോലും ലഭിക്കാത്ത ലക്ഷക്കണക്കിനാളുകൾ കൂടിയുണ്ട്. ലോകത്തെ ഏറ്റവും ശക്തമായ മുതലാളിത്ത രാജ്യത്തെ തൊഴിലില്ലായ്മയുടെ സ്ഥിതി ഇതാണ്.

കഴിഞ്ഞ നവംബറിലെ ഔദ്യോഗിക കണക്കുപ്രകാരം യൂറോപ്യൻ യൂണിയനിലെ തൊഴിലില്ലായ്മ 10 ശതമാനമാണ്. ഗ്രീസിൽ ഇത് 25.75, പോർട്ടുഗലിൽ 13.9, അയർലണ്ടിൽ 10.7, ഫ്രാൻസിൽ 10.2 അങ്ങനെ പോകുന്നു കണക്കുകൾ. കഴിഞ്ഞ മൂന്നുവർഷംകൊണ്ട് സ്പെയിനിൽ തൊഴിൽരഹിതരുടെ എണ്ണം ഇരട്ടിയായി. ബ്രിട്ടണിൽ ഔദ്യോഗിക കണക്കിൽ 21.2 ലക്ഷം പേർ തൊഴിലില്ലാത്തവരാണ്. തൊഴിലന്വേഷകർക്കുള്ള ആനുകൂല്യം പറ്റുന്നവർ അവിടെ 10.4 ലക്ഷമാണ്. കഴിഞ്ഞ 16 വർഷത്തെ ഏറ്റവും താഴ്ന്ന നിരക്കാണ് ജപ്പാൻ അവകാശപ്പെടുന്നത്. എന്നാൽ, യഥാർത്ഥ കണക്ക് ഇതിന്റെ പല മടങ്ങായിരിക്കും. ഇന്ത്യയിലാണെങ്കിൽ തൊഴിൽരഹിതരുടെ കൃത്യമായ കണക്കേ പറയാറില്ല. എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം ഇടയ്ക്കൊക്കെ ചോർന്നുകിട്ടിയിരുന്നു. ഇപ്പോൾ അതും നിലച്ചമട്ടാണ്. അതിനാൽ, പല പഠനങ്ങളിൽനിന്ന് കിട്ടുന്ന കണക്കുകൾ ചേർത്തുവച്ചുവേണം തൊഴിൽരഹിതരുടെ എണ്ണം കണ്ടുപിടിക്കാൻ. ഇതാകട്ടെ പേടിപ്പെടുത്തുന്ന സംഖ്യയാണുതാനും. 2011 ലെ സെൻസസ് പ്രകാരം 15-24 പ്രായപരിധിയിലുള്ള 20 ശതമാനത്തിലേറെപ്പേർ തൊഴിലന്വേഷകരാണ്. അതായത് 2.6 കോടി പുരുഷൻമാരും 2.1 കോടി സ്ത്രീകളുമടക്കം 4.7 കോടിവരുന്ന ഭീമമായ തൊഴിലില്ലാപ്പട. 15നും 29നും മദ്ധ്യേയുള്ള, തൊഴിലെടുക്കുന്ന പ്രായത്തിലുള്ള 14.5 ശതമാനം തൊഴിൽരഹിതരാണ് എന്നതാണ് ഏകദേശ കണക്ക്. 25-29 പ്രായക്കാരിൽ ഇത് 18 ശതമാനമാണ്. തൊഴിലെടുക്കാൻ കഴിയുന്ന 65 ലക്ഷംപേർ ഓരോ വർഷവും തൊഴിലില്ലാപ്പടയിലേക്ക് അണിചേർക്കപ്പെടുന്നു എന്നതും വെളിവാക്കപ്പെട്ടിട്ടുണ്ട്. യഥാർത്ഥത്തിലുള്ള തൊഴിൽ നഷ്ടം, നിയമനങ്ങൾക്കുമേലുള്ള നിരോധനം, വ്യവസായ മാന്ദ്യംമൂലം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാതിരിക്കൽ എന്നിങ്ങനെയെല്ലാം തൊഴിലില്ലായ്മ പെരുകിക്കൊണ്ടിരിക്കുന്നു എന്ന് ഇന്ത്യയിലെ സാഹചര്യവുമായി പരിചയമുള്ള ഏതൊരാൾക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

### കുമിഞ്ഞുകൂടുന്ന മുതലാളിത്ത പ്രതിസന്ധി

രൂക്ഷമായ വിലക്കയറ്റം, പരോക്ഷ നികുതിവർദ്ധന തുടങ്ങി ഒട്ടേറെ സാമ്പത്തിക ആക്രമണ നടപടികൾ അവഗണിച്ചാൽപ്പോലും മേൽപറഞ്ഞ മൂന്നുകാര്യങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ, രാജ്യം പുരോഗതിയും വികാസവും കൈവരിക്കുകയാണെന്ന് മുതലാളിവർഗ്ഗവും അവരുടെ കുഴലൂത്തുകാരും എത്ര അവകാശപ്പെട്ടാലും, സാധാരണ ജനങ്ങൾ പാപ്പരാക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. മുതലാളിത്ത സമ്പദ്ഘടന, മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണത്തെ അടിസ്ഥാനമാക്കിയുള്ളതും മാർക്സ് ചൂണ്ടിക്കാണിച്ചതുപോലെ തൊഴിലാളിക്ക് അർഹതപ്പെട്ട പങ്ക് നിഷേധിച്ചുകൊണ്ട് അദ്ധ്വാനശക്തി സൃഷ്ടിക്കുന്ന മിച്ചമൂല്യം കവർന്നെടുത്ത് ലാഭം പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ചുള്ളതുമാണ്. ജനങ്ങൾ പാപ്പരാക്കപ്പെടുന്നതിനനുസരിച്ച്, അതായത് ഭരണ മുതലാളിവർഗ്ഗത്തിന്റെ കയ്യിൽ സ്വത്ത് കേന്ദ്രീകരിക്കപ്പെടുന്നതിനനുസരിച്ച് ഈ മുതലാളിത്ത സമ്പദ്ഘടന രൂക്ഷവും അപരിഹാര്യവുമായ കമ്പോളപ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടിവരുന്നു. ജനങ്ങളുടെ കയ്യിൽ സാധനങ്ങൾ വാങ്ങാനുള്ള പണമില്ല. അതുകൊണ്ട് കമ്പോളം ചുരുങ്ങുന്നു, കമ്പോളമില്ലെങ്കിൽ, വാങ്ങിക്കാനാളില്ലെങ്കിൽ മുതലാളിക്ക് ലാഭം വർദ്ധിപ്പിക്കാൻ മാർഗ്ഗമൊന്നുമില്ല. അങ്ങനെ വരുമ്പോൾ, ജനങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽപോലും ഉല്പാദനം നിർത്തിവയ്ക്കാൻ മുതലാളിമാർ തയ്യാറാകുന്നു. ഉല്പാദനം നിർത്തുമ്പോൾ ഫാക്ടറികൾ അടയുന്നു. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും തൊഴിലില്ലായ്മ പെരുകുകയും ചെയ്യുന്നു. തൊഴിലില്ലായ്മ പെരുകുന്നതിനനുസരിച്ച് ജനങ്ങളുടെ ക്രയശേഷി ഇടിഞ്ഞുകൊണ്ടിരിക്കും. കമ്പോളപ്രതിസന്ധി അങ്ങനെ രൂക്ഷമാകും. മുതലാളിത്തം ഇന്ന് അകപ്പെട്ടിരിക്കുന്ന പ്രതിസന്ധി ഇതാണ്. ഉല്പാദനം നടക്കുന്നതിനേക്കാൾ എത്രയോ വേഗത്തിലാണ് ജനങ്ങളുടെ ക്രയശേഷിയിൽ കുറവുവരുന്നത്. ഉല്പന്നങ്ങളെല്ലാം ഇതുമൂലം വിറ്റഴിക്കപ്പെടാതെ കെട്ടിക്കിടക്കുന്നു. ഇങ്ങനെ കുമിഞ്ഞുകൂടുന്നതിനെയാണ് മാന്ദ്യം എന്ന് വിളിക്കുന്നത്. ഇത്തരമൊരവസ്ഥയിൽ, ലാഭം വർദ്ധിപ്പിക്കുന്നതിനായി മുതലാളിമാർ, വിറ്റഴിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ വില തോന്നുംപോലെ വർദ്ധിപ്പിക്കുന്നു. വില കുറച്ചാൽ ലാഭം കുറയുമെന്നതിനാൽ കെട്ടിക്കിടക്കുന്ന ഉല്പന്നങ്ങൾ കുറഞ്ഞവിലയ്ക്ക് വിൽക്കാൻ അവർ തയ്യാറാകില്ല. ഉല്പന്നങ്ങൾ പൂഴ്ത്തിവച്ച്, കൃത്രിമക്ഷാമം സൃഷ്ടിച്ച്, കൂടിയ വിലയ്ക്ക് വിൽക്കാനാണ് ശ്രമിക്കുക. പാപ്പരാക്കപ്പെട്ട ജനങ്ങളെ ഇങ്ങനെ കരിഞ്ചന്തയിലൂടെ വീണ്ടും കൊള്ളയടിക്കുന്നു. ഇത് ക്രൂരവും മനുഷ്യത്വരഹിതവുമായ മുതലാളിത്തമാണ്. കമ്പോള പ്രതിസന്ധിക്ക് മുതലാളിത്ത സമ്പദ്ഘടനയെ നിലനിർത്തിക്കൊണ്ട് പരിഹാരമുണ്ടാക്കാനാവില്ല.

### ലഘൂകരണ നടപടികൾ ദുരിതങ്ങൾ പെരുക്കുന്നു

ഈ പ്രതിസന്ധിയെ മറികടക്കാൻ കൊണ്ടുപിടിച്ച് ശ്രമിക്കുന്ന മുതലാളിവർഗ്ഗം ആവിഷ്കരിക്കുന്ന നടപടികളൊക്കെ ജനങ്ങളുടെ ദുരിതങ്ങൾ വർദ്ധിപ്പിക്കുക മാത്രമല്ല ശവത്തിൽ കുത്തുന്ന അനുഭവമാണുണ്ടാക്കുന്നത്. പ്രതിസന്ധിയുടെ ഭാരമപ്പാടെ ജനങ്ങളുടെ ചുമലിൽ ഇറക്കിവയ്ക്കുക എന്ന ഒരേയൊരു രക്ഷാമാർഗ്ഗമേ അവർ കാണുന്നുള്ളൂ. സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കൈക്കൊള്ളുന്ന വമ്പൻ പദ്ധതികൾ എന്നാണിതിനെ വിശേഷിപ്പിക്കുന്നത്. സാമ്പത്തിക പുനരുജ്ജീവനം, പരിഷ്കരണം എന്നൊക്കെ പറയുമ്പോൾ അവർ ജനങ്ങളുടെ കാഴ്ചപ്പാടിൽ അതിനെ നോക്കിക്കാണാൻ തയ്യാറാകുന്നില്ല. ജനങ്ങളുടെ ചെലവിൽ തങ്ങളുടെ സ്വാർത്ഥതാല്പര്യം സംരക്ഷിച്ചെടുക്കാനാണവർ ശ്രമിക്കുന്നത്. ചെലവുചുരുക്കൽ നടപടികൾ, വേതനം വെട്ടിക്കുറയ്ക്കലും മരവിപ്പിക്കലും, സബ്സിഡി വെട്ടിക്കുറയ്ക്കൽ, ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം തുടങ്ങി പ്രതിരോധ രംഗംവരെ കൈക്കൊള്ളുന്ന സ്വകാര്യവൽക്കരണ, വാണിജ്യവൽക്കരണ നടപടികൾ മുതലായവയൊക്കെ ഇതിന് ഉദാഹരണങ്ങളാണ്. അതോടൊപ്പംതന്നെ, കൂടുതൽ നികുതിയിളവുകൾ, ആനുകൂല്യങ്ങൾ, സൗകര്യങ്ങൾ ഒക്കെ കുത്തകകൾക്ക് ചെയ്തുകൊടുക്കുന്നതും പരിഗണിക്കുന്നു. സമ്പദ്ഘടനയെ കൂടുതൽ സൈനികവൽക്കരിക്കുക, ആയുധ വ്യാപാരം പ്രോത്സാഹിപ്പിക്കുക, ഷെയർ മാർക്കറ്റിലെ ഊഹക്കച്ചവടം ശക്തിപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്. സാമ്പത്തിക പരിഷ്കരണ നടപടികൾ എന്നപേരിൽ ഇന്ത്യൻ മുതലാളിവർഗ്ഗവും, മറ്റു രാജ്യങ്ങളിലെ മുതലാളിവർഗ്ഗത്തെപ്പോലെ തന്നെ, ആവിഷ്കരിക്കുന്നത് മേല്പറഞ്ഞ കാര്യങ്ങൾ തന്നെയാണ്. ഇവയെല്ലാം തന്നെ ജനങ്ങളുടെമേലുള്ള ചൂഷണം രൂക്ഷമാക്കി തങ്ങൾക്ക് നേട്ടമുണ്ടാക്കുക എന്ന ലക്ഷ്യം വച്ചുള്ളതുമാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും, മാർക്സ് ചൂണ്ടിക്കാണിച്ചതുപോലെ,പ്രതിസന്ധി മുതലാളിവർഗ്ഗത്തെ ഒരു ദുർഭൂതംപോലെ വേട്ടയാടിക്കൊണ്ടിരിക്കും. സോവറീൻ വായ്പയുടെ പരിധി (ഒരു ഗവണ്മെന്റ് ബജറ്റ് കമ്മി നികത്താനായി കമ്പോളത്തിൽനിന്ന് എടുക്കുന്ന വായ്പ) ഉയർത്തിയില്ലെങ്കിൽ 2015 നവംബർ മൂന്നോടുകൂടി തങ്ങളുടെ അടിയന്തര സാമ്പത്തിക സഹായ സംവിധാനമാകെ തകരാറിലാകുമെന്ന്, ലോകം മുഴുവൻ തോക്കിൻകുഴ

*(ശേഷം 5-ാം പേജിൽ)*

# വഴികാട്ടി മാർക്സിസം ലെനിനിസം ശിബ്ദാസ്ഘോഷ് ചിന്തകൾ

(4-ാം പേജിൽ നിന്ന്)

ലിലൂടെയും ആണവായുധങ്ങളിലൂടെയും മറ്റും "ജനാധിപത്യം" കയറ്റി അയയ്ക്കുന്നതിൽ വ്യാപൃതരായിരിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന് ഇപ്പോൾ വെളിപാടുണ്ടായിരിക്കുന്നു. അമേരിക്കൻ ഗവൺമെന്റിന്റെ വായ്പാപരിധി ഇപ്പോൾ 18.1 ട്രില്യൻ അമേരിക്കൻ ഡോളറാണ്. ദൈനംദിന കാര്യങ്ങൾ പോലും നടത്തണമെങ്കിൽ ഇത് ഇനിയും വർദ്ധിപ്പിക്കണമെന്നാണ് ഒബാമ ഗവൺമെന്റ് ആവശ്യപ്പെടുന്നത്. ബജറ്റ് കമ്മി നികത്താൻ സോവറിൻ വായ്പയെടുത്ത യൂറോപ്യൻ രാജ്യങ്ങൾ ഒരു തകർച്ചയുടെ വക്കിലാണെന്ന് നമ്മൾ കണ്ടുകഴിഞ്ഞതാണ്. ഗ്രീസ് നിലം പതിച്ചുകഴിഞ്ഞു. പോർട്ടുഗൽ, അയർലണ്ട്, സ്പെയിൻ എന്നിവയും ആ വഴിക്കുതന്നെയാണ് നീങ്ങുന്നത്. ഇറ്റലിയുടെ പൊതുകടം അതിന്റെ ആകെ ഉൽപ്പാദനത്തിന്റെ 120 ശതമാനമാണ്. ജർമ്മനിയിൽ ഇത് 74.3 ശതമാനമാണ്. 2014 ന്റെ ആദ്യ മൂന്നുമാസത്തെ കണക്കനുസരിച്ച് 18 യൂറോപ്യൻ രാജ്യങ്ങളുടെ കടം ജിഡിപിയുടെ 93.9 ശതമാനമാണ്. യൂറോസ്റ്റാറ്റ് സ്റ്റാറ്റിസ്റ്റിക്സ് ഏജൻസിയുടെ കണക്കുപ്രകാരം 28 അംഗ യൂറോപ്യൻ യൂണിയന്റെ ആകെ കടം 88 ശതമാനമായി ഉയർന്നിരിക്കുന്നു. ജപ്പാന്റെ കടം ജിഡിപിയുടെ 200 ശതമാനത്തിനും മേലെയാണ്. സോവറിൻ വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ചവരുത്തത്തക്കവണ്ണം അമേരിക്കൻ സമ്പദ്ഘടന പ്രതിസന്ധിയിലാണെന്ന് റേറ്റിംഗ് ഏജൻസിയായ സ്റ്റാൻഡേർഡ് ആന്റ് പുവേഴ്സ് പറയുന്നു. പൊതുജനക്ഷേമത്തിനായി പണം ചെലവഴിച്ചതുകൊണ്ടല്ല അമേരിക്കയും ഇന്ത്യയുമടക്കമുള്ള മുതലാളിത്ത രാജ്യങ്ങൾക്ക് ബജറ്റ് കമ്മി ഉണ്ടായത്. ചെലവിന്റെ സിംഹഭാഗവും മിലിട്ടറിക്കുവേണ്ടിയാണ്, അഥവാ ഒരു യുദ്ധാധിഷ്ഠിത സമ്പദ്ഘടനയെ പരിപാലിക്കുന്നതിനുവേണ്ടിയാണ് വിനിയോഗിക്കുന്നത്. വ്യവസായികൾക്കും അതിസമ്പന്നർക്കും നൽകുന്ന ഇളവുകളും ആനുകൂല്യങ്ങളും മൂലം റവന്യൂ വരുമാനം കുറയുകയും ചെയ്യുന്നു. 2016 സാമ്പത്തിക വർഷത്തിൽ അമേരിക്കയുടെ സൈനിക ബജറ്റ് 786.6 ബില്യൻ ഡോളർ ആയിരിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇറാക്ക് യുദ്ധത്തിൽ അമേരിക്ക ചെലവഴിച്ചത് ഏകദേശം 3.3 ട്രില്യൻ ഡോളർ ആണത്രെ. സബ്പ്രൈം പ്രതിസന്ധിയെത്തുടർന്ന് സാമ്പത്തിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗവണ്മെന്റ് ബാങ്കുകളെ തകർച്ചയിൽനിന്ന് കരകയറ്റാൻ 10 ട്രില്യൻ ഡോളറും വ്യവസായ ഭീമൻമാരെ നിലനിർത്താനായി 787 ബില്യൻ ഡോളറും സഹായധനം പ്രഖ്യാപിക്കപ്പെട്ടു. യുദ്ധാവശ്യങ്ങൾക്കായി ചെലവഴിക്കുന്ന അന്തമില്ലാത്ത തുകയും കുത്തകകൾ നിയന്ത്രിക്കുന്ന ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും ഉദാരമായി നൽകുന്ന സഹായധനവും മുതലാളിമാർക്ക് നൽകുന്ന വമ്പിച്ച നികുതിയിളവുകളും എല്ലാം കൂടിയായപ്പോൾ ബജറ്റ് കമ്മി ഭീമമായി ഉയർന്നു. ഇതു നികത്താനായി തിരിച്ചടയ്ക്കാൻ കഴിയുന്നതിനേക്കാൾ വലിയ തുക കമ്പോളത്തിൽനിന്ന് സോവറിൻ വായ്പയായി സ്വീകരിക്കുകയേ പോംവഴിയുണ്ടായിരുന്നുള്ളു. ചുരുക്കത്തിൽ, ഒരു വായ്പ തിരിച്ചടയ്ക്കാൻ അതിനേക്കാൾ വലിയ കടമെടുക്കേണ്ടിവരുന്നു. പ്രതിസന്ധിക്കുമേൽ പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ട് ഈ പ്രക്രിയ അനന്തമായി മുന്നോട്ടുപോകുന്നു.

ഈ മുതലാളിത്ത പ്രതിസന്ധിയുടെ ഭാരം മുഴുവൻ താങ്ങേണ്ടിവരുന്നത് അടിച്ചമർത്തപ്പെടുന്ന സാധാരണക്കാരാണ്. ഒരു വശത്ത്, വ്യവസായത്തകർച്ചയുണ്ടാകുമ്പോൾ കുത്തകകൾക്ക് ആശ്വാസധനവും ആനുകൂല്യങ്ങളും ലഭിക്കുന്നു. ഇതിന് പൊതുഖജനാവിലെ പണമാണ് ചെലവഴിക്കുന്നത്. മറ്റു രാജ്യങ്ങളിൽ അസ്ഥിരതയുണ്ടാക്കാനും അധിനിവേശയുദ്ധങ്ങൾക്കുമെല്ലാം വൻതോതിൽ പണം ചെലവഴിക്കപ്പെടുന്നു. മറുവശത്ത്, ഇതിന്റെയെല്ലാം പേരിൽ ചെലവുചുരുക്കാനെന്ന വ്യാജേന പൊതു ആവശ്യങ്ങൾക്ക് വേണ്ടിയുള്ള ചെലവുകൾ വൻതോതിൽ വെട്ടിക്കുറയ്ക്കുന്നു. വരുന്ന മൂന്നുവർഷത്തേയ്ക്ക് ചെലവിൽ 45 ബില്യൻ ഡോളറിന്റെ കുറവുവരുത്താൻ ഫ്രഞ്ചുഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നു. സബ്സിഡികളും തൊഴിലവസരങ്ങളും വെട്ടിക്കുറയ്ക്കാനാണ് ജർമ്മനിയുടെ തീരുമാനം. സ്പെയിനിൽ പൊതുമേഖലയിലെ തൊഴിലാളികളുടെ വേതനം 5 ശതമാനം വെട്ടിക്കുറച്ചിരിക്കുന്നു. ഇറ്റലിയും വേതനം വെട്ടിക്കുറയ്ക്കുകയും ഗവണ്മെന്റ് ജോലിക്കുള്ള നിയമനങ്ങൾ മരവിപ്പിക്കുകയും ചെയ്യുന്നു. ഗ്രീസ് പാപ്പരാകുന്നതിൽ നിന്ന് തത്ക്കാലം രക്ഷിച്ചെടുക്കാനായി യൂറോപ്യൻ യൂണിയനും ഐഎംഎഫും നടപ്പാക്കിയ പ്രത്യേക സാമ്പത്തിക പാക്കേജിന്റെ പ്രധാന ഉപാധി കടുത്ത ചെലവുചുരുക്കൽ നടപടികളാണ്. സാധാരണ ഗ്രീക്കുകാരുടെ ചോര ഊറ്റിയെടുക്കുകയാകും ഇതിന്റെ ഫലം.

### ഇന്ത്യൻ സാഹചര്യം

ഇന്ത്യയിൽ 40 ലക്ഷം കോടി രൂപയുടെ സഹായങ്ങളാണ് കുത്തകകൾക്കും കോർപ്പറേറ്റുകൾക്കുമായി കഴിഞ്ഞ ഒരു ദശാബ്ദക്കാലത്ത് ഇന്ത്യൻ ഗവണ്മെന്റ് നൽകിയത്. മറുവശത്ത് നടപ്പുവർഷം ജനങ്ങൾക്ക് നൽകുന്ന സബ്സിഡി 2.6 ലക്ഷം കോടി രൂപയിൽനിന്ന് 2.44 ലക്ഷം കോടിയായി വെട്ടിക്കുറച്ചു. ഭക്ഷ്യ, ഇന്ധന, രാസവള സബ്സിഡികൾ ഗണ്യമായി വെട്ടിച്ചുരുക്കി. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം തുടങ്ങിയ മേഖലകളിൽ പരിമിതമായി നൽകിയിരുന്ന ബജറ്റുവിഹിതം പോലും വെട്ടിക്കുറച്ചു.മറുവശത്ത്, 2015-16 ലെ പ്രതിരോധ ബജറ്റ് 2,46,727 കോടിയായി ഉയർത്തി. വൻവ്യവസായികളും കോർപ്പറേറ്റുകളും തിരിച്ചടയ്ക്കാത്ത ബാങ്ക് വായ്പ നിഷ്ക്രിയ ആസ്തി എന്ന പേരിൽ എഴുതിത്തള്ളിയത് ഒരു ലക്ഷം കോടി രൂപയുടേതാണ്. എന്നാൽ, വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വലയുന്ന കർഷകരുടെ 5000 കോടി രൂപയുടെ വായ്പ തിരിച്ചടയ്ക്കാൻ ബാങ്കുകൾ നോട്ടീസയച്ചിരിക്കുന്നു. ഇപ്പോഴിതാ ദേശസാൽകൃത ബാങ്കുകളുടെ സാമ്പത്തിക ഭദ്രതയ്ക്കായി പൊതുഖജനാവിൽനിന്ന് 2,40,000 കോടി രൂപ സഹായമായി നൽകാനും തീരുമാനിച്ചിരിക്കുന്നു. കുത്തകകൾ വായ്പ തിരിച്ചടയ്ക്കാത്തതിന്റെ നഷ്ടം നികത്താൻ പൊതുഖജനാവിലെ പണം വിനിയോഗിക്കുന്നു എന്നർത്ഥം. എന്നിട്ടാണ് പണമില്ലെന്നപേരിൽ സർക്കാർ പാവങ്ങൾക്ക് സബ്സിഡി നിഷേധിക്കുന്നത്. ഇതിനും പുറമെയാണ് നിക്ഷേപം പ്രോത്സാഹിപ്പിക്കാനെന്ന പേരിൽ പലിശനിരക്ക് വെട്ടിക്കുറയ്ക്കുന്നത്. പണം തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ മുതലാളിമാർക്ക് ഇനി പുതിയ വായ്പകൾ കുറഞ്ഞ പലിശനിരക്കിൽ തരപ്പെടുത്താം. ഏതെങ്കിലും ഉല്പാദനക്ഷമമായ മേഖലകളിൽ ചെലവഴിക്കാനല്ല, റിയൽ എസ്റ്റേറ്റ് ബിസിനസ് നടത്താനും ഓഹരിക്കമ്പോളത്തിൽ ഊഹക്കച്ചവടം നടത്താനുമാണ് ഈ പണം വിനിയോഗിക്കപ്പെടുക. അതോടൊപ്പംതന്നെ, ഇടത്തരക്കാർക്ക് വീടും കാറും ഗൃഹോപകരണങ്ങളും മറ്റും വാങ്ങാനും വീട് മോടിപിടിപ്പിക്കാനുമൊക്കെ എളുപ്പത്തിൽ വായ്പ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഒരുവശത്ത് സർക്കാർ കടംവാങ്ങി ചെലവഴിക്കുന്നു. മറുവശത്ത് കടംവാങ്ങി ചെലവഴിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. ഇതുവഴി ചില പ്രത്യേക മേഖലകളിൽ കൃത്രിമമായി ഉണർവ്വുണ്ടാക്കാൻ ശ്രമിക്കുകയാണ്. രണ്ടുവഴിക്കും നഷ്ടം ജനങ്ങൾക്കുതന്നെ. കഷ്ടപ്പെട്ടുണ്ടാക്കിയ പണം ബാങ്കിൽ നിക്ഷേപിച്ചാൽ കുറഞ്ഞ പലിശയേ ലഭിക്കൂ. ഇതുമൂലം അവരുടെ ക്രയശേഷി കുറയുന്നു. മറുവശത്ത് വായ്പ എടുക്കുന്നവരാകട്ടെ അവരുടെ ഭാവിയിലേക്കുള്ള കരുതിവയ്പിന്റെ ഒരു പങ്ക് നഷ്ടപ്പെടാൻ നിർബന്ധിതരാകുന്നു. സമ്പദ്ഘടനയിലെ അനിശ്ചിതാവസ്ഥ കണക്കിലെടുക്കുമ്പോൾ വായ്പ തിരിച്ചടയ്ക്കാൻ കഴിയുമെന്ന യാതൊരു ഉറപ്പും ഇല്ലതാനും. ബാങ്കിൽനിന്നുള്ള പലിശ കുറയുമ്പോൾ ഉയർന്ന വരുമാനം പ്രതീക്ഷിച്ച് പലരും തങ്ങളുടെ സമ്പാദ്യം ഓഹരിക്കമ്പോളത്തിലേയ്ക്ക് തിരിച്ചുവിടും. ഇതിന്റെ ഗുണവും മുതലാളിമാർക്കുതന്നെ. ഇതിനു പുറമേ, സ്വകാര്യ സംരംഭകർക്ക് ജനങ്ങളെ കൊള്ളയടിക്കാൻ അവസരമൊരുക്കിക്കൊണ്ട് സുപ്രധാനമായ പൊതുമേഖലകൾപോലും സ്വകാര്യവൽക്കരിക്കുകയാണ്. കരിഞ്ചന്തയും പൂഴ്ത്തിവയ്പും കൂടിയാകുമ്പോൾ വിലക്കയറ്റം കൂടുതൽ രൂക്ഷമാകും. ഇവ്വിധമാണ് മുതലാളിത്ത പ്രതിസന്ധിയുടെ ഭാരം ജനങ്ങൾ ചുമലിലേറ്റേണ്ടിവരുന്നത്. അമേരിക്ക മാത്രമല്ല ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ജപ്പാൻ തുടങ്ങിയ വമ്പൻ മുതലാളിത്ത രാജ്യങ്ങളെല്ലാം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. റഷ്യൻ മുതലാളിത്ത സമ്പദ്ക്രമവും അതിവേഗം ദുർബ്ബലമാകുകയാണ്. ചൈനയുടെ വളർച്ചയെക്കുറിച്ച് പ്രചരിപ്പിച്ചതൊക്കെയും കഴമ്പില്ലാത്ത കാര്യങ്ങളാണ്. ഏതാനും മാസങ്ങളായി ചൈനീസ് സമ്പദ്ഘടനയുടെ ഗതി കുത്തനെ താഴേയ്ക്കാണ്. ഏഷ്യയിലെ വൻശക്തിയാകാൻ ആഗ്രഹിക്കുന്ന ഇന്ത്യൻ മുതലാളിത്ത സമ്പദ്ഘടനയും തകർന്നടിഞ്ഞതല്ലെങ്കിൽപ്പോലും ഇളക്കം തട്ടിയ അടിത്തറയിന്മേലാണ് നിലനിൽക്കുന്നത്. 175 വർഷങ്ങൾക്കുമുമ്പ്, മുതലാളിത്തം ജീർണ്ണിക്കുന്ന ഘട്ടത്തിൽ എത്തുന്നതിനുമുമ്പ്, ഈ പ്രതിസന്ധി എത്ര കൃത്യതയോടെയാണ് മാർക്സ് ദീർഘദർശനം ചെയ്തത്. ലെനിൻ, സ്റ്റാലിൻ,മാവോസെതുങ്, സഖാവ് ശിബ്ദാസ് ഘോഷ് എന്നീ മാർക്സിസ്റ്റ് ആചാര്യൻമാരെല്ലാം മുതലാളിത്തത്തിന്റെ ജീർണ്ണവും മരണാസന്നവുമായ കാലഘട്ടത്തിന് സാക്ഷ്യം വഹിച്ചവരാണ്. മുതലാളിത്തം എങ്ങനെയാണ് സ്വന്തം വലയിൽ കുരുങ്ങിക്കിടക്കുന്നതെന്ന്, നിരന്തരമായ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്നതെന്ന്, ഒരു പ്രതിസന്ധിയിൽനിന്ന് കരകയറാൻ ശ്രമിക്കുമ്പോൾ അതിനേക്കാൾ രൂക്ഷമായ മറ്റൊരു പ്രതിസന്ധിയിൽ അകപ്പെടുന്നതെന്ന് ഇവർ വിശദമാക്കി. ബൂർഷ്വാ സാമ്പത്തിക വിശാരദൻമാരും അവരുടെ പിണിയാളുകളും എത്ര കഠിനശ്രമം നടത്തിയാലും ഈ പ്രതിസന്ധിയിൽനിന്ന് കരകയറാൻ ഒരു ഉപായവുമില്ല. മിനുക്കുപണികൾപോലുള്ള പരിഷ്കരണ നടപടികൾ കൊണ്ടോ സമരം ചെയ്ത് ചില സാമ്പത്തിക ഡിമാന്റുകൾ നേടിയെടുക്കാൻ കഴിഞ്ഞാൽത്തന്നെയോ ആത്യന്തിക മോചനമാവില്ലെന്നും ഒരു വിപ്ലവത്തിലൂടെ മർദ്ദക മുതലാളിത്ത വ്യവസ്ഥയെ പിഴുത് എറിയുന്നതിലൂടെ മാത്രമേ അത് സാദ്ധ്യമാകൂ എന്നുമുള്ള വസ്തുത സാധാരണ ജനങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്.

### പരിഹാരമാർഗ്ഗം

ഈ സാമ്പത്തികാക്രമണങ്ങൾക്കെതിരെ ലോകമെമ്പാടും ജനങ്ങൾ പ്രതിഷേധവുമായി മുന്നോട്ടുവരുന്നു എന്നത് ഒരു രജതരേഖയാണ്. കെയ്റോവിലെ താഹിർ സ്ക്വയർ, ടുണിസിലെ തെരുവുകൾ, ഏതൻസിലെ സൈന്റ്ഗ്മാ സ്ക്വയർ, അറേബ്യൻ രാജ്യമായ യെമൻ, ഉത്തരാഫ്രിക്കൻ രാജ്യമായ അൾജീരിയ, മാഡ്രിഡിലെ സെൻട്രൽ സ്ക്വയർ, ന്യൂയോർക്കിലെ ടൈംസ് സ്ക്വയർ അങ്ങനെ മുതലാളിത്ത - സാമ്രാജ്യത്വ അധികാര ശക്തികൾക്കെതിരെയുള്ള ജനകീയ പ്രതിഷേധം ലോകമെമ്പാടും പടരുകയാണ്. "99 ശതമാനം വരുന്ന ഞങ്ങൾ ഒരു ശതമാനത്തിന്റെ ആർത്തിയും അഴിമതിയും ഇനിമേൽ സഹിക്കില്ല" ... "ബാങ്കുകൾ രക്ഷപ്പെട്ടു, ഞങ്ങൾ വിൽക്കപ്പെട്ടു"..."അമേരിക്കയിൽ ജനാധിപത്യം പുനസ്ഥാപിക്കാൻ, ഈജിപ്തിലെയും ഗ്രീസിലെയും സ്പെയിനിലെയുമൊക്കെ സഹോദരങ്ങൾ ആവിഷ്കരിച്ച അറബ് വസന്ത വിപ്ലവത്തിലെ, ജനക്കൂട്ടം നിയന്ത്രണം കയ്യടക്കുക എന്ന സമരതന്ത്രം തന്നെയാണ് ഞങ്ങളും പ്രയോഗിക്കാൻ പോകുന്നത്"... " മുതലാളിത്തം തുലയട്ടെ" തുടങ്ങിയ മുദ്രാവാക്യങ്ങളാണ് "വാൾസ്ട്രീറ്റ് പിടിച്ചടക്കൽ സമര"ക്കാർ മുഴക്കിയതും പ്ലക്കാർഡുകളിലും ബാനറുകളിലും എഴുതിവച്ചതും. ഐതിഹാസികമായ ഈ പ്രക്ഷോഭം കാട്ടുതീപോലെ പടർന്നു. ദീർഘകാല തൊഴിലില്ലായ്മ, തൊഴിൽ നഷ്ടം, അനിയന്ത്രിതമായി ഉയരുന്ന ഭക്ഷ്യസാധന വില, സാമൂഹ്യക്ഷേമ ബജറ്റുകൾ വെട്ടിക്കുറയ്ക്കൽ, ജനാധിപത്യാവകാശ നിഷേധം, രാഷ്ട്രീയ അടിച്ചമർത്തൽ, വ്യാപകമായ അഴിമതി, സർക്കാർ സംവിധാനത്തിന്റെ ക്രൂരതകൾ എന്നിവയ്ക്കെല്ലാമെതിരെയുള്ള ജനരോഷം ഇന്നും ലോകത്തിന്റെ നാനാകോണുകളിൽ ഉയർന്നുവരുന്നുണ്ട്. ഗ്രീസിലെ ചെലവുചുരുക്കൽ നടപടിക്കെതിരെ തുടർച്ചയായ സമരങ്ങളുണ്ടായി. ജർമ്മനിയിൽ നടന്ന വമ്പൻ ചെലവുചുരുക്കൽ വിരുദ്ധ റാലി അക്രമാസക്തമായി. ഏതാനും മാസങ്ങൾക്കുമുമ്പ് യൂറോപ്യൻ സെൻട്രൽ ബാങ്ക് ഹെഡ്ക്വാർട്ടേഴ്സ് ഉദ്ഘാടന വേളയിൽ നടന്ന പ്രക്ഷോഭം ജനങ്ങളും പോലീസും തമ്മിലുള്ള ഏറ്റുമുട്ടലിലാണ് കലാശിച്ചത്. പല യൂറോപ്യൻ രാജ്യങ്ങളെയും നിശ്ചലമാക്കും വിധമാണ് റെയിൽവേ, തുറമുഖം, ഖനി തുടങ്ങിയ മേഖലകളിലെ തൊഴിലാളികൾ പണിമുടക്കുനടത്തിയത്. ഇംഗ്ലണ്ടിൽ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനും സ്വകാര്യവൽക്കരണത്തിനുമെതിരെ കഴിഞ്ഞ ജൂണിൽ നടന്നത് രാജ്യത്തെ ഏറ്റവും വലിയ ചെലവുചുരുക്കൽ വിരുദ്ധ റാലിയായിരുന്നു. ആയിരക്കണക്കിനാളുകൾ ലണ്ടനിൽ നടന്ന ഈ സമരത്തിൽ പങ്കെടുത്തു. "വെട്ടിക്കുറയ്ക്കൽ വേണ്ട","ചെലവുചുരുക്കൽ മതിയാക്കുക", "ക്ഷേമമല്ല യുദ്ധമാണ് നിർത്തേണ്ടത്","ഞങ്ങൾ ഓരോ പൗണ്ടിനുംവേണ്ടി പൊരുതുന്നു","ഗവണ്മെന്റ് ഞങ്ങളുടെ പണം അപഹരിച്ചുകൊണ്ടേയിരിക്കുന്നു","എങ്ങോട്ടാണീ പോക്ക് എന്നത് ഞങ്ങളെ അസ്വസ്ഥരാക്കുന്നു" തുടങ്ങിയ ബാനറുകളാണ് സമരക്കാർ പിടിച്ചിരുന്നത്. ഇന്ത്യയിലും ജനങ്ങളുടെ അസംതൃപ്തി പൊട്ടിത്തെറിയിലെത്തുന്നുണ്ട്. നിലവിലുള്ള സംവിധാനത്തിൽ ഒരു മാറ്റം വേണമെന്ന് ജനങ്ങൾ കലശലായി ആഗ്രഹിക്കുന്നുണ്ട്."മുതലാളിത്ത-സാമ്രാജ്യത്വം തുലയട്ടെ", "ആഗോളീകരണം തുലയട്ടെ" തുടങ്ങിയ മുദ്രാവാക്യങ്ങളാണ് അവർ ഉയർത്തുന്നത്. അതുകൊണ്ടുതന്നെ നിലനിൽക്കുന്ന ചൂഷണ മുതലാളിത്ത സംവിധാനത്തെ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള വിപ്ലവത്തിലൂടെ തൂത്തെറിയാനുള്ള വസ്തുനിഷ്ഠ സാഹചര്യം പക്വമായിക്കഴിഞ്ഞു. എന്നാൽ, 'സോഷ്യലിസ്റ്റ് വിപ്ലവം സംഘടിപ്പിക്കുക' എന്ന മുദ്രാവാക്യം ഇനിയും ഉയർത്തപ്പെടേണ്ടതായുണ്ട്. മാർക്സിസം-ലെനിനിസത്താൽ സായുധരായ തൊഴിലാളിവർഗ്ഗ വിപ്ലവപ്പാർട്ടികളെ വിവിധ രാജ്യങ്ങളിൽ ശക്തിപ്പെടുത്തിയെടുക്കുകയും യുക്ത്യാധിഷ്ഠിത പരിണതിയിലേക്ക് അതിനെ നയിക്കുംവിധം വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ്, അതായത് ആത്മനിഷ്ഠ സാഹചര്യങ്ങളുടെ രൂപപ്പെടുത്തലാണ്, ഇനി അടിയന്തരമായി വേണ്ടത്. ശിബ്ദാസ് ഘോഷിന്റെ ചിന്തകളിലാണ് മാർക്സിസം-ലെനിനിസത്തിന്റെ ഏറ്റവും വികസിതവും സമ്പുഷ്ടവുമായ ധാരണകളുള്ളത് എന്നകാര്യം ഇവിടെ പരാമർശിക്കേണ്ടതുണ്ട്. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രയാണം തടസ്സപ്പെട്ടിരിക്കുന്നു, ആധുനിക തിരുത്തൽവാദത്തിന്റെ ഗൂഢാലോചനയിലൂടെ ശക്തമായ സോഷ്യലിസ്റ്റ് ചേരി തകർക്കപ്പെട്ടിരിക്കുന്നു. തിരുത്തൽവാദത്തിനെതിരായ പോരാട്ടത്തിൽ ശിബ്ദാസ് ഘോഷ് ചിന്തകൾ നിർണ്ണായകമായ സംഭാവനകൾ നൽകിയിട്ടുണ്ട്. തിരുത്തൽവാദത്തിന്റെ ഉല്പ്പത്തിയും അതിനെതിരായ പോരാട്ടത്തിന്റെ പാതയും അദ്ദേഹം സുവ്യക്തമാക്കിത്തന്നു. ഉയർന്ന തൊഴിലാളിവർഗ്ഗ നൈതികതയിലും സംസ്കാരത്തിലും അധിഷ്ഠിതമായ, ബൂർഷ്വാവ്യക്തിവാദത്തെ ബോധപൂർവ്വം ചെറുക്കുന്ന, വിപ്ലവതൊഴിലാളിവർഗ്ഗ മുന്നേറ്റം സംഘടിപ്പിക്കുക മാത്രമേ പോംവഴിയുള്ളൂ. നിർദ്ദയമായ മുതലാളിത്ത-സാമ്രാജ്യത്വ ചൂഷണത്തിൽനിന്നുള്ള ഈ വിമോചനപോരാട്ടത്തിൽ വഴികാട്ടിയായി, മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകൾ ഒരു ചരിത്ര നിയോഗമെന്നോണം നിലകൊള്ളുന്നു. ●

# തൊഴിൽ നിയമ ഭേദഗതികളും സ്ത്രീകളും

**നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ സുപ്രധാനങ്ങളായ ചില ഭേദഗതികൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുകയാണ്. ഇതിനോടകം ചില സംസ്ഥാനങ്ങളിൽ കാതലായ ചില ഭേദഗതികൾ നടപ്പിലാക്കപ്പെട്ടുകഴിഞ്ഞു. സ്ത്രീ-പുരുഷ ഭേദമെന്യേ എല്ലാ തൊഴിലാളികളുടെയും നിലവിലുള്ള നിരവധി അവകാശങ്ങൾ നിഷേധിക്കുന്നതും മൂലധനശക്തികളുടെ താല്പര്യങ്ങൾക്ക് മാത്രം പരിഗണനനൽകുന്നവയുമാണ് ഈ ഭേദഗതി നിർദ്ദേശങ്ങളെന്ന് പ്രഥമദൃഷ്ട്യാ മനസ്സിലാക്കാൻ കഴിയും.**

**നി**രവധി പ്രക്ഷോഭണങ്ങളിലൂടെ രക്തം ചീന്തി തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങളാണ് ഈ ഭേദഗതികളിലൂടെ ഇല്ലാതാക്കപ്പെടുന്നത്. സ്വാതന്ത്ര്യപൂർവ്വനാളുകളിലും സ്വാതന്ത്ര്യത്തിന്റെ ആദ്യനാളുകളിലും ഉശിരൻ തൊഴിലാളി മുന്നേറ്റങ്ങളുടെ സമ്മർദ്ദം മൂലം സൃഷ്ടിക്കപ്പെട്ടവയാണ് ഈ നയങ്ങളിൽ മിക്കവയും. ഗവണ്മെന്റ് ലക്ഷ്യം വെക്കുന്ന ഭേദഗതികൾ വൻകിട കുത്തകകളുടെ ആവശ്യങ്ങൾക്ക് ഇണങ്ങുന്നതാണ്. ഈ നയങ്ങളിലൂടെ ഒരുവശത്ത് സംഘടിക്കാനും അവകാശങ്ങൾ ചോദിക്കാനുമുള്ള തൊഴിലാളിയുടെ അവകാശങ്ങൾക്ക് കൂച്ചുവിലങ്ങിടുമ്പോൾ, മറുവശത്ത് തൊഴിലുടമ ചെയ്യുന്ന എത്ര വലിയ അന്യായത്തെയും ചെറുക്കാനോ ചോദ്യം ചെയ്യാനോ നിയമപരമായി നേരിടാനോ ഉള്ള സാഹചര്യം ഇല്ലാതാക്കപ്പെടുകയാണ്. ഭേദഗതികൾ സമ്പൂർണ്ണമായി നടപ്പിലാക്കപ്പെട്ടാൽ പോയകാലത്തെ അടിമച്ചന്തയ്ക്ക് സമാനമായ തൊഴിൽക്കമ്പോളമാകും സൃഷ്ടിക്കപ്പെടുക.

മറ്റേതൊരു മേഖലയിലുമെന്നപോലെ, ഈ നയങ്ങളിലൂടെ കഠിനതരമായ ചൂഷണങ്ങൾക്ക് വിധേയരാകാൻ പോകുന്നത് സ്ത്രീകളും കുട്ടികളുമായിരിക്കും. അതിനാൽ, സ്ത്രീകൾ വൻതോതിൽ പണിയെടുക്കുന്ന മേഖലകളിൽ ഈ തൊഴിൽ നിയമഭേദഗതികൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയായിരിക്കുമെന്ന് ഗൗരവപൂർവ്വം പരിശോധിക്കേണ്ടതുണ്ട്. ഈ ഭേദഗതികളിൽ സ്ത്രീതൊഴിലാളികളെ സവിശേഷമായി ബാധിക്കുന്നവയും ഒപ്പം സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ തൊഴിലാളികളെ ഒന്നടങ്കം ബാധിക്കുന്നവയുമുണ്ട്. എന്തായാലും ഇന്നത്തെ നമ്മുടെ സാമൂഹ്യാവസ്ഥയിൽ സ്ത്രീകളുടെ മേൽ തന്നെയായിരിക്കും പ്രത്യാഘാതങ്ങൾ ഏറെയും വന്നുഭവിക്കുക.

## തൊഴിൽ നിയമഭേദഗതി നിർദ്ദേശങ്ങൾ

### ട്രേഡ് യൂണിയൻ ആക്ട് – 1926

ട്രേഡ് യൂണിയൻ ആക്ട് ഭേദഗതി നിർദ്ദേശംലക്ഷ്യം വയ്ക്കുന്നത് തൊഴിലാളികൾക്ക് സംഘടിക്കാനുള്ള സാഹചര്യം പരിമിതപ്പെടുത്തുക എന്നതാണ്. ഭേദഗതി ബിൽ സെക്ഷൻ 27 പ്രകാരം ഒരു വ്യവസായ സ്ഥാപനത്തിലെ യൂണിയന്റെ ഭാരവാഹികൾ ആ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരാകണം എന്ന നിബന്ധന മുന്നോട്ടു വയ്ക്കുന്നു. സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്നതോ, ഭൂരിപക്ഷം സ്ത്രീകൾ തൊഴിലെടുക്കുന്നതോ ആയ അസംഘടിത മേഖലകളിൽ ഇന്നു നിലവിലുള്ള ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ സമ്പൂർണ്ണമായിട്ടും തടയപ്പെടുന്നതിലേക്കും വൻതോതിൽ സ്ത്രീതൊഴിലാളികളെ ചൂഷണം ചെയ്യുന്നതിലേക്കുമായിരിക്കും ഇത് നയിക്കുക.

### വ്യവസായത്തർക്കനിയമം 1947

ഐ.ടി.ആക്ട് 1947-ൽ നിലവിൽ നൂറോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ തൊഴിലാളികളെ പിരിച്ചുവിടാനും ഫാക്ടറി അടച്ചുപൂട്ടാനും ലേ ഓഫ് ചെയ്യാനും സർക്കാരിന്റെ അനുമതി വേണ്ടിയിരുന്നു. ഭേദഗതിയിലൂടെ അതിന്റെ മാനദണ്ഡം മുന്നൂറോ അതിലധികമോ എന്നാക്കി മാറ്റിയിരിക്കുന്നു. ഇതുവഴി മുതലാളിമാർക്ക് എപ്പോൾ വേണമെങ്കിലും നിക്ഷേപം പിൻവലിച്ച് മറ്റ് മേഖലകളിലേക്ക് പോകാനും തൊഴിലാളികളെ തെരുവിൽ തള്ളാനുമുള്ള സാഹചര്യമൊരുക്കുന്നു. ഇത്തരം സ്ഥാപനങ്ങളിൽ 30% തൊഴിലാളികളുടെ അംഗീകാരമില്ലാതെ യൂണിയൻ രൂപീകരിക്കാനോ നിവേദനം നൽകാൻ പോലുമോ തൊഴിലാളിക്ക് അവകാശമുണ്ടായിരിക്കില്ല. സംഘടിക്കാനോ സമരം ചെയ്യാനോ ഉള്ള അവസരങ്ങൾ ഇതിലൂടെ ഇല്ലാതാക്കപ്പെടുകയാണ്.

### ഫാക്ടറീസ് ആക്ട്

വൈദ്യുതി ഉപയോഗിച്ച് ഉല്പാദനം നടത്തുന്ന സ്ഥാപനത്തിൽ പത്തുപേർ പണിയെടുക്കുന്നുണ്ടെങ്കിൽ അത് ഫാക്ടറീസ് ആക്ട് 1947 അനുസരിച്ച് ഫാക്ടറിയായി കണക്കാക്കണം. പുതിയ നിയമമനുസരിച്ച് തൊഴിലാളികളുടെ എണ്ണം ഇരുപതായി വർദ്ധിപ്പിക്കുന്നു. വൈദ്യുതി വേണ്ടാത്ത ഉല്പാദനമേഖലകളിൽ ഇരുപതിൽ നിന്ന് നാൽപ്പതായും വർദ്ധിപ്പിക്കുന്നു. ഇതുവഴി രാജ്യത്തെ 70% വ്യവസായ തൊഴിലാളികൾക്കും നിലവിലുള്ള നിയമപരിരക്ഷയും അവകാശങ്ങളും നിഷേധിക്കപ്പെടും. തൊഴിലാളികളെ നിഷ്ഠുരം ചൂഷണം ചെയ്യാൻ ഇതുവഴി തൊഴിലുടമയ്ക്ക് അവസരം ലഭിക്കും. ഫാക്ടറീസ് ആക്ട് സെക്ഷൻ 56 പ്രകാരം ഓവർടൈം മൂന്ന് മാസത്തിൽ 50 മണിക്കൂർ എന്നത് 100 മുതൽ 125 മണിക്കൂർ വരെ വർദ്ധിപ്പിക്കാനാണ് നീക്കം. Increase in the spread over of working time from 10.5 to 12 hrs. സെക്ഷൻ 66 അനുസരിച്ച് സ്ത്രീകളെ രാത്രി ഷിഫ്റ്റിൽ പണിയെടുപ്പിക്കാൻ പാടില്ല. ഇത് ഭേദഗതി ചെയ്തുകൊണ്ട് സ്ത്രീകളെ രാത്രികാലങ്ങളിൽ പണിയെടുപ്പിക്കാൻ അനുമതി നൽകുന്നു. ഇത് ഇന്നത്തെ സാമൂഹ്യസാഹചര്യത്തിൽ സ്ത്രീകളുടെ സുരക്ഷയ്ക്ക് വലിയ ഭീഷണിയാകും.

### അപ്രന്റീസ് ആക്ട് 1961

ഈ നിയമം ഭേദഗതി ചെയ്തുകൊണ്ട് കരാർ തൊഴിലാളികൾ, താത്ക്കാലിക തൊഴിലാളികൾ, ദിവസക്കൂലി തൊഴിലാളികൾ എന്നിവരെയെല്ലാം അപ്രന്റീസ് നിയമത്തിലെ തൊഴിലാളിയുടെ നിർവ്വചനത്തിൽ ഉൾപ്പെടുത്തുന്നു. ഈ തൊഴിലാളികൾക്ക് മിനിമം കൂലിയുടെ 70% മാത്രം വേതനം നൽകിയാൽ മതിയാകും. തൊഴിലാളികളും അപ്രന്റീസുകളും തമ്മിലുള്ള അനുപാതം മാറ്റി കൂടുതൽ അപ്രന്റീസുകളെ നിയമിച്ച് നിഷ്ഠുരമായി ചൂഷണം ചെയ്യാൻ സാഹചര്യം സൃഷ്ടിക്കുകയാണ്. നിയമം ലംഘിക്കുന്ന തൊഴിലുടമയ്ക്ക് തടവുശിക്ഷക്ക് പകരം 500 രൂപ പിഴ നൽകിയാൽ മതിയെന്ന് നിർദ്ദേശിക്കുന്നു.

### കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) ആക്ട്

ഈ നിയമം ഭേദഗതി ചെയ്തുകൊണ്ട് കരാർ തൊഴിലാളികളായി വെയ്ക്കാവുന്ന തൊഴിലാളികളുടെ എണ്ണം 20 ൽ നിന്നും 49 ആക്കിയിരിക്കുന്നു. ഇന്ന് ഇന്ത്യയിൽ ഫാക്ടറികളിൽ പണിയെടുക്കുന്നതിൽ 50% വും കേന്ദ്ര-സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളിൽ പണിയെടുക്കുന്ന 44% വും ഇപ്പോൾ തന്നെ കരാർ തൊഴിലാളികളോ താത്ക്കാലിക ജീവനക്കാരോ ആണ്. ഇവർക്ക് യാതൊരു സാമൂഹ്യസുരക്ഷയോ ആരോഗ്യപരിരക്ഷയോ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങളോ ഉണ്ടാകില്ല. സ്ഥിരം ജോലിക്കാരുടെ പത്തിൽ ഒന്നുപോലും വേതനം ലഭിക്കുകയില്ല. സ്ത്രീകൾ വളരെയേറെ ചൂഷണത്തിന് വിധേയരാകുന്ന ഒരു മേഖലയാണിത്.

### ബാലവേല നിരോധന നിയമം 1986

കുട്ടികളുടെ അദ്ധ്വാനത്തെ വൻതോതിൽ ചൂഷണം ചെയ്യുന്ന ഒരു രാജ്യമാണ് നമ്മുടേത്. നിലവിലിരുന്ന ബാലവേല നിരോധന നിയമം തന്നെ ഇത് തടയുന്നതിന് അപര്യാപ്തമായിരുന്നു. *ILO മിനിമം പ്രായം കൺവൻഷൻ 1973 (നം. 138) ആർട്ടിക്കിൾ 2 വകുപ്പ് 3* അനുസരിച്ച് 15 വയസ്സിൽ താഴെയുള്ളവരെ കുട്ടികളായി പരിഗണിക്കണം. പുതിയ ബില്ലിൽ ഇത് 14 വയസ്സാണ്. സെക്ഷൻ 15 ന്റെ സബ് സെക്ഷൻ 2 അനുസരിച്ച് 14 നും 18 നുമിടയിൽ പ്രായമുള്ളവരെ ചീഫ് ഇൻസ്പെക്ടറുടെ അംഗീകാരത്തോടുകൂടി ട്രെയിനികളായി നിയോഗിക്കാം. നമ്മുടെ രാജ്യത്ത് നിലവിലുള്ള നിയമത്തിനും അന്താരാഷ്ട്ര കൺവൻഷൻ അംഗീകരിച്ച നിയമങ്ങൾക്കും വിപരീതമായി അപകടകരമായ സാഹചര്യങ്ങളിൽ പോലും കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കാൻ കഴിയുന്നതാണ് ഈ ഭേദഗതി. വൻതോതിൽ കുട്ടികളെ വിശേഷിച്ചും, പെൺകുട്ടികളെ ചൂഷണം ചെയ്യുന്നതിനും അവരുടെ ആരോഗ്യ, വിദ്യാഭ്യാസ സുരക്ഷകളെയെല്ലാം തകിടം മറിക്കുന്നതിനും ഇടയാക്കുന്ന, അപകടകരമായ ഒന്നാണ് ഈ ഭേദഗതി.

### തുല്യവേതനനിയമം

സേവന-വേതന-നിയമന മേഖലകളിലെല്ലാം വിവേചനം ഒഴിവാക്കാൻ ഉദ്ദേശിച്ചുള്ള നിലവിലുള്ള നിയമത്തെ ഭേദഗതി ചെയ്യുമ്പോൾ ഒരേ ഉടമയുടെ കീഴിൽ ഒരേ ജോലി ചെയ്യുമ്പോൾ വിവേചനം പാടില്ല എന്നുമാത്രമായി പരിമിതപ്പെടുത്തുന്നു. ഇതുവഴി നിയമനത്തിന്റെ കാര്യത്തിൽ ചില മേഖലകളിൽ സ്ത്രീകളെ വിശേഷിച്ചും വിവാഹിതർ, ഗർഭിണികൾ തുടങ്ങിയവരെ ഒഴിവാക്കുന്നതിന് സാഹചര്യം ഒരുങ്ങുന്നു.

### ചെറുകിട വ്യവസായബിൽ 2014

40 ൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ടാണ് ഇത്തരമൊരു നിയമഭേദഗതി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഇത്തരം വ്യവസായ സ്ഥാപനങ്ങളുടെ മൂലധനമുടക്കോ, വാർഷിക വരുമാനമോ ഒന്നും കണക്കിലെടുത്തിട്ടില്ല. എത്രവലിയ മൂലധനവ്യവസായമായാലും അത് 'ചെറുകിട' എന്ന പട്ടികയിൽ ഉൾപ്പെടും. നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം വ്യവസായങ്ങളെയും ഈ പട്ടികയിൽപ്പെടുത്താൻ കഴിയും. ഔട്ട് സോഴ്സിംഗ് പോലെയുള്ള ആധുനിക സമ്പ്രദായങ്ങളുടെ കടന്നുകയറ്റം മൂലം ഇന്ന് ഒട്ടുമിക്ക സ്ഥാപനങ്ങൾക്കും തൊഴിലാളികളുടെ എണ്ണം കുറച്ച് ചെറിയ യൂണിറ്റുകളായി പ്രവർത്തിക്കാൻ സാഹചര്യം ലഭിക്കുന്നു. കൊച്ചിൻ പ്രത്യേക സാമ്പത്തിക മേഖലയിലടക്കം, നിരവധി മേഖലകളിൽ എല്ലാ വ്യവസായ യൂണിറ്റുകളെയും ഈ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയും. കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളെയും തൊഴിലാളികളുടെ എണ്ണം കുറച്ചും പല യൂണിറ്റുകളായി തിരിച്ചും ഈ നിയമത്തിന്റെ പരിധിയിലേക്ക് കൊണ്ടുവരാൻ ഉടമകൾക്ക് കഴിയും. നമ്മുടെ രാജ്യത്തെ സ്ത്രീതൊഴിലാളികൾ പണിയെടുക്കുന്ന ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും ഈ പട്ടികയിൽപ്പെടും എന്നതിനാൽ പണിയെടുക്കുന്ന സ്ത്രീകളുടെ ഏതാണ്ടെല്ലാ അവകാശങ്ങളും കവർന്നെടുക്കപ്പെടുക തന്നെ ചെയ്യും. ഈ പട്ടികയിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾക്ക് നിലവിലുള്ള, താഴെപ്പറയുന്ന, 14 തൊഴിൽ നിയമങ്ങൾ ബാധകമല്ലാതെ വരും.

1. ഫാക്ടറി ആക്ട് 1947
2. വ്യവസായത്തർക്ക നിയമം
3. വ്യവസായതൊഴിൽ (സ്റ്റാന്റിംഗ് ഓർഡേഴ്സ് ആക്ട് 1946)
4. മിനിമം കൂലി നിയമം, 1948
5. Payment of wages Act, 1936
6. Payment of Bonus Act 1936
7. Employees State Insurance Act 1948
8. Employees Provident fund and miscellaneous provision Act 1952
9. Maternity Benifit Act 1961
10. Employees Compensation Act 1923
11. The Inter-State Migrant workmen (Regulation of employment and conditions of service ) Act 1979 .
12. Shops and Establishment Act
13. Equal Remuneration Act 1976
14. ബാലവേല നിരോധന നിയമം 1986

പുതിയ ബില്ലിൽ ഫാക്ടറി ആക്ടിൽ ഉണ്ടായിരുന്ന നിരവധി അവകാശങ്ങൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഉടമകളുടെ താൽപര്യത്തിനനുസരിച്ച് സ്ത്രീകളെക്കൊണ്ട് രാത്രികാലങ്ങളിൽ പണിയെടുപ്പിക്കാൻ അവസരം നല്കുന്നു. എന്നാൽ അവർക്കുവേണ്ടുന്ന സുരക്ഷ, സ്വകാര്യത, ആവശ്യത്തിനു വേണ്ട ശുചിത്വസംവിധാനം, ശിശുപരിപാലന സംവിധാനം ഇതെല്ലാം നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടാകും.

വ്യവസായത്തർക്ക നിയമം, സ്റ്റാൻഡിംഗ് ഓർഡർ നിയമം ഇവയിലൂടെ തൊഴിലാളികൾക്കു നൽകപ്പെട്ടിരുന്ന അവകാശങ്ങൾ പുതിയ ബില്ലിൽ നിഷേധിക്കപ്പെടുന്നു.

മിനിമം കൂലി നിയമം, പേമെന്റ് ഓഫ് വേജസ് ആക്ട് ഇവയിലൂടെ ഉറപ്പാക്കപ്പെട്ടിരുന്ന പല അവകാശങ്ങളും തൊഴിലാളികൾക്ക് നിഷേധിക്കപ്പെടുന്നു. കൂലി നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ തൊഴിലുടമകൾക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കാൻ സാഹചര്യം ഇല്ലാതാക്കപ്പെടുന്നു.

### ഇഎസ്ഐ, പിഎഫ് ആക്ട്

ഇഎസ്ഐ, പിഎഫ് ആക്ടുകൾ ചെറുകിട ഫാക്ടറികൾക്ക് ബാധകമല്ലതാക്കുക വഴി വലിയൊരു വിഭാഗം തൊഴിലാളികളുടെ ചികിൽസയടക്കം നിരവധി പരിരക്ഷകൾ ഇല്ലാതാകും. ഇത് സ്ത്രീ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഗുരുതരമായ ഭവിഷ്യത്തുകൾ സൃഷ്ടിക്കും. ഇഎസ്ഐ ആക്ടിലൂടെ തൊഴിലാളിക്ക് ചികിൽസ, രോഗിയായിരിക്കുമ്പോൾ വേതനം, ശമ്പളത്തോടുകൂടി പ്രസവാവധി, കൂടാതെ പ്രസവത്തോടനുബന്ധിച്ചുള്ള മറ്റ് പ്രശ്നങ്ങൾക്കും — ഗർഭം അലസൽ, വളർച്ച പൂർത്തിയാകും മുമ്പ് പ്രസവിക്കുക, അനുബന്ധമായ മറ്റ് ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയ്ക്കെല്ലാം — ശമ്പളത്തോടുകൂടി അവധി ഉറപ്പാക്കിയിരുന്നു. ഭേദഗതിയിൽ, ആരോഗ്യ ഇൻഷുറൻസിനെകുറിച്ചാണ് പറയുന്നത്. തൊഴിലാളിയിൽ നിന്നും പിടിക്കുന്ന വിഹിതത്തിൽ വർദ്ധനയുണ്ടാകുന്നു. എന്നാൽ തൊഴിലുടമ തന്റെ വിഹിതം അടച്ചില്ലെങ്കിൽ നിയമനടപടിയ്ക്ക് യാതൊരു വകുപ്പും പുതിയ ബില്ലിൽ ഇല്ല. ജോലിക്കിടയിൽ അപകടം സംഭവിച്ചാൽ ആശ്രിതർക്ക് നഷ്ടപരിഹാരം, മരണപ്പെടുന്നയാളിന്റെ ശവസംസ്കാരത്തിന് സാമ്പത്തിക സഹായം തടങ്ങിയ നിരവധി ആനൂകൂല്യങ്ങൾ തൊഴിലാളികൾക്ക് നിഷേധിക്കപ്പെടും. ഇന്ന് തൊഴിലാളികളുടെ ഒരു ആധികാരിക രേഖയായി ഉപയോഗപ്പെടുത്തുന്ന ഇഎസ്ഐ രേഖകൾ ഇല്ലാതാക്കുക വഴി തൊഴിലാളിക്ക് തൊഴിൽ സുരക്ഷ തന്നെ നഷ്ടപ്പെടും. പിരിഞ്ഞുപോകുമ്പോൾ, പി.എഫ് ആക്ടിലൂടെ, തൊഴിലാളിക്കു ലഭിക്കുന്ന നിരവധി ആനുകൂല്യങ്ങൾ ഭേദഗതിയിലൂടെ ഇല്ലാതാക്കപ്പെടും.

മെറ്റർനിറ്റി ബെനിഫിറ്റ് ആക്ട്-1961 ലൂടെ സ്ത്രീകൾക്ക് ലഭ്യമായിരുന്ന നിരവധി ആനൂകൂല്യങ്ങൾ ഇല്ലാതാക്കപ്പെടും. ഗർഭാവസ്ഥയിലൂടെയുണ്ടാകുന്നരോഗങ്ങൾ, tubectomy operation, വളർച്ച പൂർത്തിയാകാതെയുള്ള പ്രസവം, മെഡിക്കൽ ബോണസ്, ഗർഭകാല

*(ശേഷം 7-ാം പേജിൽ)*

# തൊഴിൽ നിയമഭേദഗതിയും സ്ത്രീകളും

(6-ാം പേജിൽ നിന്ന്)

ത്ത് ഹാജരാകാത്തതിന് പിരിച്ചുവിടുന്നത് തടഞ്ഞുകൊണ്ടുള്ള വകുപ്പ്, അസൗകര്യമുണ്ടാകുംവിധം ജോലിയിൽ മാറ്റം വരുത്തുന്നത് തടയൽ, പാലൂട്ടാൻ ഇടവേളകൾ നൽക്കൽ, കഠിനജോലികളിൽ നിന്ന് ഒഴിവാക്കൽ തുടങ്ങിയ പരിരക്ഷകളെല്ലാം നിഷേധിക്കപ്പെടും.

### ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് ആക്ട്

ഇന്ന് വൻതോതിൽ സ്ത്രീകൾ പണിയെടുക്കുന്ന കച്ചവടമേഖലയിൽ യാതൊരു തൊഴിൽ നിയമവും ബാധകമല്ലാത്ത സാഹചര്യം സൃഷ്ടിക്കപ്പെടും.

ഇതുകൂടാതെ 40 ൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും തൊഴിലുടമകൾക്ക് ഇളവു നൽകുകയും ലേബർ ഇൻസ്പെക്ടർമാരുടെ പരിശോധനാധികാരങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നു. തൊഴിലാളികൾക്ക് പരാതി നൽകുന്നതിനും തൊഴിലുടമ നടത്തുന്ന അവകാശലംഘനത്തിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും പുതിയ നിയന്ത്രണങ്ങൾ അടിച്ചേൽപിക്കുന്നതുവഴി തൊഴിലാളികളെ വിശേഷിച്ചും സ്ത്രീതൊഴിലാളികളെ വൻതോതിൽ ചൂഷണം ചെയ്യാനും, ലൈംഗിക ചൂഷണത്തിനടക്കം വിധേയരാക്കാനും തൊഴിലുടമയ്ക്കോ അയാളുടെ പ്രതിനിധിയ്ക്കോ, കരാറുകാർക്കോ ഒക്കെ അവസരം സൃഷ്ടിക്കുകയും ചെയ്യും.

### നിലവിലുള്ള സാഹചര്യം

തൊഴിൽ നിയമഭേദഗതികൾ പരിശോധനയ്ക്കു വിധേയമാക്കുമ്പോൾ നിലവിലുള്ള തൊഴിൽ സാഹചര്യങ്ങൾ കൂടി പരിഗണിച്ചാൽ മാത്രമേ അതിന്റെ പ്രത്യാഘാതങ്ങൾ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയൂ.

1990-കളിൽ ആരംഭിച്ച ആഗോളവൽക്കരണ-ഉദാരവല്ക്കരണ-സ്വകാര്യവൽക്കരണ നയങ്ങൾ, എതുവിധവും സ്വദേശ-വിദേശ മൂലധനനിക്ഷേപം വർദ്ധിപ്പിക്കുക എന്ന താല്പര്യമാണ് ഉയർത്തിപ്പിടിച്ചത്. മൂലധന നിക്ഷേപം, വ്യവസായവളർച്ച, തൊഴിലവസരവർദ്ധന, വികസനം ഇവയായിരുന്നു ഗവൺമെന്റുകളുടെ മുദ്രാവാക്യം. ഈ വികസന മന്ത്രത്തിന്റെ മറവിൽ നിക്ഷേപകർക്ക് എണ്ണമറ്റ ഇളവുകളും ആനുകൂല്യങ്ങളും കോരിച്ചൊരിയുക, അവരുടെ താൽപര്യാർത്ഥം എല്ലാ തൊഴിൽ സുരക്ഷാ-സാമൂഹ്യക്ഷേമ നിയമങ്ങളും മാറ്റി എഴുതുക എന്ന രീതിയിലാണ് കാര്യങ്ങൾ രൂപപ്പെട്ടത്. പൊതു-സ്വകാര്യമേഖലകളിൽ നിന്ന് ലക്ഷക്കണക്കിന് തൊഴിലാളികൾ പുറത്താക്കപ്പെടുകയും, നിലവിലുള്ളവർക്ക് തൊഴിൽ സുരക്ഷ ഇല്ലാതാകുകയും ചെയ്തു.

പുതിയതായി ഉയർന്നുവന്ന തൊഴിൽ മേഖലകളാകട്ടെ തൊഴിലാളികളെ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നവയായിരുന്നു. ഇവയിൽത്തന്നെ സ്ത്രീകളെ വച്ച് പണിയെടുപ്പിക്കുന്ന സ്ഥാപനങ്ങൾ ഞെട്ടിക്കുന്ന ചൂഷണങ്ങളുടെ ഇടങ്ങളാണ്. വ്യവസായമേഖലയിൽ മാത്രമല്ല, സേവനമേഖലയിലേക്കും കൂടി കടന്നുവന്ന സ്വകാര്യവൽക്കരണം ഈ ചൂഷണത്തിന്റെ തീവ്രത പതിൻമടങ്ങു വർദ്ധിപ്പിച്ചു.

സ്ത്രീകൾ വൻതോതിൽ പണിയെടുക്കുന്ന നിരവധിയിടങ്ങളിൽ ഇന്ന് വ്യവസ്ഥാപിത അനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണ്. കേരളത്തിലെ മൂന്നാറിൽ ടാറ്റയുടെ ഉടമസ്ഥതയിലുള്ള കണ്ണൻദേവൻ തേയിലത്തോട്ടത്തിൽ പതിനായിരത്തിലധികം സ്ത്രീകൾ സ്വമേധയ പ്രക്ഷോഭത്തിലേക്ക് ഇറങ്ങിയത് തോട്ടം മേഖലയിൽ സ്ത്രീതൊഴിലാളികൾ അനുഭവിക്കുന്ന നിഷ്ഠുരചൂഷണത്തിന്റെ ഞെട്ടിക്കുന്ന വാർത്തകൾ പുറത്തു കൊണ്ടുവന്നു. കൂലി, തൊഴിൽ, സമയം, ബോണസ്, ചികിൽസ, താമസസൗകര്യം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങി സമസ്ത രംഗങ്ങളും കടുത്ത അവകാശനിഷേധവും കൊടിയ യാതനകളുമാണ് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ബഹുഭൂരിപക്ഷവും സ്ത്രീകൾ പണിയെടുക്കുന്ന തോട്ടം മേഖലയിലെ സ്ഥിതിയാണിത്. രാജ്യത്ത് എല്ലായിടത്തും തോട്ടം മേഖലയിൽ ഇതോ, ഇതിലധികമോ കഷ്ടപ്പാടുകൾ സ്ത്രീതൊഴിലാളികൾ നേരിടുന്നു.

കേരളത്തിൽ വൻതോതിൽ സ്ത്രീകൾ തൊഴിലെടുക്കുന്ന മൽസ്യസംസ്കരണ മേഖലയിൽ സർക്കാർ നിശ്ചയിച്ച മിനിമം കൂലിയേക്കാൾ വളരെ താഴ്ന്നതാണ് ഇന്ന് കിട്ടുന്ന യഥാർത്ഥ കൂലി. അതുപോലും നേടിയെടുക്കാൻ ആഴ്ചകളോളം നീണ്ട പണിമുടക്കിലേക്ക് പോകാൻ ഈ തൊഴിലാളികൾ നിർബ്ബന്ധിതരായി. ഭൂരിപക്ഷവും സ്ത്രീകൾ പണിയെടുക്കുന്ന കശുവണ്ടി സംസ്കരണ മേഖലയിലും വലിയതോതിൽ തൊഴിൽനിഷേധവും അവകാശനിഷേധവും നടക്കുന്നു; തൊഴിലാളികളുടെ മുന്നിൽ പുതിയപുതിയ പ്രതിസന്ധികൾ പ്രത്യക്ഷപ്പെടുന്നു.

പുതിയ സാമ്പത്തികനയത്തിന്റെ ഭാഗമായി സാമൂഹ്യക്ഷേമ മേഖലയെ ഉടച്ചുവാർക്കുകയും സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറുകയും ചെയ്ത സർക്കാർ തന്നെ സ്ത്രീകളെ നിഷ്ഠുരം ചൂഷണം ചെയ്യുന്നു. അംഗൻവാടി ജീവനക്കർക്കും ആശ പ്രവർത്തകർക്കും നിസ്സാരമായ ഓണറേറിയം നൽകി അമിതാധ്വാനം ചെയ്യിക്കുന്നത് സർക്കാർ നേരിട്ടു നടത്തുന്ന ഭീകരമായ തൊഴിലാളി ചൂഷണത്തിന് ദൃഷ്ടാന്തമാണ്.

ആരോഗ്യരംഗത്ത് തഴച്ചുവളരുന്ന സ്വകാര്യആശുപത്രികൾ, നഴ്സിംഗ് മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളെ നിർദ്ദയമായ ചൂഷണത്തിന് ഇരയാക്കുന്നു. ഇന്ത്യയിലെവിടെയും സ്ഥിതി സമാനമാണ്. ഡൽഹിയിൽ വൻകിട ആശുപത്രികളിലെ നഴ്സുമാർ ആഴ്ചകളോളം തെരുവിൽ സമരം നടത്താൻ നിർബ്ബന്ധിതരായത് ഈ ദുഃസഹമായ സാഹചര്യം മൂലമാണ്. അമിതാധ്വാനം, അധികസമയം ജോലിയെടുപ്പിക്കുക, നിസ്സാരമായ വേതനം, എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാവുന്ന സാഹചര്യം, വലിയതോതിലുള്ള മാനസികസമ്മർദ്ദങ്ങൾ തുടങ്ങിയവയെല്ലാം ഈ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങളാണ്.

സ്വകാര്യവിദ്യാഭ്യാസമേഖലയിലും സ്ഥിതി വ്യത്യസ്തമല്ല. ഇവിടെയും ഭൂരിപക്ഷം സ്ത്രീകളാണ് ജോലി ചെയ്യുന്നത്. യാതൊരു തൊഴിൽ സുരക്ഷയും ഇല്ല. സേവന-വേതനവ്യവസ്ഥകൾ തീരെ പാലിക്കപ്പെടുന്നില്ല. മാനേജ്മെന്റുകളുടെ കടുത്ത ചൂഷണത്തിന് വിധേയരാക്കപ്പെടുകയാണവർ.

സ്വകാര്യകച്ചവട സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളുടെ നില പരമദയനീയമാണ്. 12 മണിക്കൂർവരെ നിന്നുകൊണ്ട് ജോലിയെടുക്കേണ്ട സാഹചര്യം പലയിടങ്ങളിലുമുണ്ട്. ഇതിനിടയിൽ ഒന്നിരിക്കാൻ പോലും അനുവദിക്കുന്നില്ല. ടോയ്ലറ്റ് ഉപയോഗിക്കാൻ സമയമോ, സൗകര്യമോ നല്കുന്നില്ല. നിസ്സാരവേതനത്തിന് പണിയെടുക്കേണ്ടിവരുന്നു.

### പ്രത്യേക സാമ്പത്തിക മേഖല

മേൽ വിശദീകരിച്ച പുതിയ നയങ്ങളുടെ ഭാഗമായി കടന്നുവന്ന *പ്രത്യേക സാമ്പത്തിക മേഖലകൾ* ചൂഷണത്തിന്റെ ഏറ്റവും ഭീകരമായ ഒരദ്ധ്യായമാണ് തുറന്നിരിക്കുന്നത്. കേരളത്തിൽ *കൊച്ചിൻ സ്പെഷൽ എക്കണോമിക്സ് സോണിൽ* നടത്തിയ ഒരന്വേഷണത്തിൽ അമ്പരപ്പിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. 19-ാം നൂറ്റാണ്ടിന്റെ ആദ്യനാളുകളിൽ നടന്നിരുന്ന ചൂഷണത്തിന് സമാനമായ കാര്യങ്ങളാണ് ഇന്നിവിടെ അരങ്ങേറുന്നത്.

അടുത്തിടെ ടോയ്ലറ്റിൽ നാപ്കിൻ ഉപേക്ഷിച്ചു എന്നതിന്റെ പേരിൽ ഒരു വ്യവസായ യൂണിറ്റിലെ മുഴുവൻ സ്ത്രീതൊഴിലാളികളുടെയും വസ്ത്രം അഴിച്ചു പരിശോധിച്ചു എന്ന ഞെട്ടിയ്ക്കുന്ന വാർത്ത പുറത്തു വന്നപ്പോഴാണ് 'സെസ്സ്' ൽ നടക്കുന്ന മൃഗീയചൂഷണത്തെക്കുറിച്ച് പുറംലോകം അറിഞ്ഞുതുടങ്ങിയത്. ആയിരക്കണക്കിന് സ്ത്രീകൾ വിവിധ വ്യവസായ യൂണിറ്റുകളിൽ ഇവിടെ പണിയെടുക്കുന്നു.

ഭക്ഷ്യസംസ്കരണം, തയ്യൽ, ഗർഭനിരോധനഉറകൾ, ഗ്ലൗസ് തുടങ്ങിയവയുടെ ഉല്പാദനം, പായ്ക്കിങ്ങ്, ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ തൊഴിൽ മേഖലയിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീതൊഴിലാളികൾക്ക് കഠിനയാതനയാണ് നേരിടേണ്ടിവരുന്നത്. തുടർച്ചയായി നിന്നു ജോലി ചെയ്യേണ്ടിവരുന്ന സ്ത്രീകൾ നിരവധി ആരോഗ്യ പ്രശ്നങ്ങളെ നേരിടുന്നു.

കയറ്റുമതി ലക്ഷ്യമിട്ടു നടക്കുന്ന ഈ ഉല്പാദന മേഖലയിൽ ഉല്പന്നങ്ങൾക്കുണ്ടാകുന്ന നിസ്സാരമായ കേടുപാടുകൾപോലും പരിശോധനയിൽ കണ്ടെത്തപ്പെട്ടാൽ, തൊഴിലാളികൾ കടുത്ത നടപടികൾക്കു വിധേയരാകേണ്ടിവരുന്നു. വീണ്ടും സൂക്ഷ്മമായി പരിശോധിച്ചു പായ്ക്ക് ചെയ്യുന്നതിന് ജോലി സമയത്തിന് പുറത്തു സമയം കണ്ടെത്തേണ്ടിവരുന്നു. ഇതുമൂലം തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതം അസ്സഹനീയമാണ്. നിശ്ചിത ടാർജറ്റുകൾ പൂർത്തിയാക്കാൻ തൊഴിലാളികളുടെ മേൽ കടുത്ത സമ്മർദ്ദം ചെലുത്തുന്നു. സഹപ്രവർത്തകർക്ക് എന്തെങ്കിലും രോഗമോ അത്യാഹിതമോ സംഭവിച്ചാൽപോലും സഹായിക്കാനാവാതെ തൊഴിലാളികൾ നിസ്സഹായരാകുന്നു. എവ്വിധവും ടാർജറ്റുപൂർത്തീകരിക്കുന്നതിന് അവർ നിർബ്ബന്ധിതരാകുന്നു. വളരെ കുറഞ്ഞ വേതനമാണ് ഒട്ടുമിക്ക സ്ഥാപനങ്ങളിലും നിലനില്ക്കുന്നത്. മിക്ക കമ്പനികളിലും കരാറുകാർ വഴിയാണ് തൊഴിലാളികളെ എടുക്കുന്നത്. ഈ കമ്പനികൾക്ക് തൊഴിലാളികളോട് യാതൊരുവിധ ഉത്തരവാദിത്തവും ഉണ്ടായിരിക്കില്ല. കരാറുകാരന് നീരസമുണ്ടായാൽ ആ തൊഴിലാളിയെ അവിടെ ത്തുടരാൻ അനുവദിക്കില്ല. തൊഴിലുടമയുടെയും, കരാറുകാരന്റെയും ചൂഷണത്തിന് ഈ പാവപ്പെട്ട സ്ത്രീകൾ വിധേയരാക്കുന്നു. പ്രത്യേക സാമ്പത്തിക മേഖലയിൽ സംഘടിച്ച് അവകാശങ്ങൾ നേടാനുള്ള സാഹചര്യം സമ്പൂർണ്ണമായി നിഷേധിക്കപ്പെട്ടിരിക്കുന്നു. മേൽ സൂചിപ്പിച്ച മനുഷ്യാവകാശലംഘനമായി മാറിയ പ്രശ്നത്തിൽ പോലും വേണ്ടുംവിധം ഇടപെടാൻ തൊഴിൽവകുപ്പു പരാജയപ്പെട്ടു. പേരിനു നടത്തിയ പരിശോധനയിൽ കമ്പനിയുടെ പിണിയാളുകളായവർ ഒപ്പമുണ്ടായിരുന്നതിനാൽ പരിശോധനയ്ക്കെത്തിയ ഉദ്യോഗസ്ഥരോട് സ്വന്തം പ്രശ്നങ്ങൾ പറയാൻ തൊഴിലാളികൾക്ക് കഴിഞ്ഞില്ല. എപ്പോഴും ഭീതിയുടെ നിഴലിൽക്കഴിയുന്ന തൊഴിലാളികൾക്ക് പ്രശ്നങ്ങൾ തുറന്നു പറയാൻപോലും കഴിയാത്ത സ്ഥിതിയാണുള്ളത്.

അഞ്ചുവർഷം കൂടുമ്പോൾ ഗ്രാറ്റുവിറ്റി നൽകി, പ്രവർത്തനം നിർത്തിയതായി രേഖകൾ സൃഷ്ടിച്ച് പുതിയ രജിസ്ട്രേഷനിൽ പ്രവർത്തിച്ച് സർക്കാർ *പ്രത്യേക സാമ്പത്തിക മേഖലയ്ക്ക്* നല്കുന്ന നികുതിയിളവുകളും മറ്റാനുകൂല്യങ്ങളും നേടിയെടുക്കുക, ഒരു വർഷം തികയും മുമ്പ് ഏതാനും ദിവസം കമ്പനി അടച്ചിട്ട് തൊഴിലാളികളുടെ ആനുകൂല്യം നിഷേധിക്കുക, ആദ്യമായി ജോലിക്കു ഹാജരാകുന്നവർ പത്തുദിവസം ജോലി ചെയ്തില്ലെങ്കിൽ ചെയ്ത ജോലിക്ക് കൂലി കൊടുക്കാതിരിക്കുക തുടങ്ങി നിരവധി മാർഗ്ഗങ്ങളിലൂടെ തൊഴിലാളികളെ ഇവിടെ ചൂഷണത്തിന് വിധേയരാക്കുന്നു.

പ്രത്യേക സാമ്പത്തിക മേഖലകൾ ഇന്ന് നമ്മുടെ രാജ്യത്ത് തൊഴിലാളി ചൂഷണത്തിന്റെ പുതിയൊരു ലോകമാണ് സൃഷ്ടിച്ചിരിക്കുന്നത്. പുതിയ ഭേദഗതിയിലൂടെ രാജ്യമൊന്നാകെ പ്രത്യേക സാമ്പത്തിക മേഖലയായി മാറും "മെയ്ക്ക് ഇൻ ഇന്ത്യാ" മുദ്രാവാക്യമുയർത്തുന്ന പ്രധാനമന്ത്രി, തൊഴിൽ നിയമഭേദഗതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത് എല്ലാ തൊഴിലവകാശങ്ങളും നിഷേധിക്കപ്പെട്ട കോടിക്കണക്കിന് തൊഴിലാളികളെ അടിമപ്പണിക്ക് വിധേയരാക്കി ബഹുരാഷ്ട്ര കുത്തകകളുടെ മുമ്പാകെ അവരുടെ യഥാർത്ഥ ചൂഷണത്തിന് എറിഞ്ഞിട്ടുകൊടുക്കുക എന്നതാണ്. ഇതിൽ സ്ത്രീകളും കുട്ടികളും മൃഗീയമായ ചൂഷണങ്ങൾക്കും അവകാശനിഷേധങ്ങൾക്കും ഇരകളാകും എന്നുള്ളത് വ്യക്തമാണ്.

### ലേബർ കോഡ് ഓൺ വേജ് ബിൽ – 2015

തുല്യവേതന നിയമം-1976, മിനിമം വേതന നിയമം-1948, വേതന നിയമം (Payment of Wages)-1936 (Payment of Bonus Act) 1965 എന്നീ നിയമങ്ങളെ ഏകീകരിക്കാനുദ്ദേശിച്ചുകൊണ്ടുള്ള ഈ ബിൽ നിലവിലുള്ള മേൽപ്പറഞ്ഞ നിയമങ്ങളിലെ തൊഴിലാളികൾക്കനുകൂലമായ വ്യവസ്ഥകൾ ഒഴിവാക്കുകയും കൊടിയ ചൂഷണത്തിന് അവസരം സൃഷ്ടിക്കുകയും ചെയ്യുന്നു.

പുതിയ ബിൽ സെക്ഷൻ-3 പ്രകാരം സ്ത്രീ-പുരുഷ-മൂന്നാം ലിംഗ വിഭാഗങ്ങളോട് കൂലിനൽകുന്നതിൽ വിവേചനം പാടില്ലെന്ന് സാമാന്യമായി പറയുക മാത്രമാണ് ചെയ്യുന്നത്.

നിലവിലുള്ള തുല്യവേതന നിയമത്തിന്റെ 3, 4 വകുപ്പുകൾ, വേതനത്തിൽ മാത്രമല്ല നിയമനം, മറ്റ് സേവന വ്യവസ്ഥകൾ ഇവയിലൊന്നും വിവേചനം പാടില്ല എന്നുപറയുന്നു. അതേ നിയമത്തിൽ 6-ാം വകുപ്പുപ്രകാരം സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം വർദ്ധിപ്പിക്കാൻ, അഡ്വൈസറി ബോർഡ് രൂപീകരിക്കണമെന്നും അതിൽ പകുതി അംഗങ്ങൾ സ്ത്രീകളായിരിക്കണമെന്നും പറയുന്നു. ഈ നിയമത്തിലെ വകുപ്പുകൾ നടപ്പിലാക്കാൻ കേന്ദ്രഗവൺമെന്റിന് സംസ്ഥാന ഗവൺമെന്റുകൾക്ക് നിർദ്ദേശങ്ങൾ നൽകാനും അവകാശം നൽകുന്നു.

മിനിമം കൂലി നിയമം, ബോണസ്സ് നിയമം, വേതനം നൽകൽ നിയമം ഈ നിയമങ്ങളിലെ വിവിധ വകുപ്പുകൾ, തൊഴിലുടമ സമർപ്പിക്കുന്ന റിട്ടേൺസ് ഫയലിന്റെ കൃത്യത ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. നിയമങ്ങൾ ലംഘിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ലേബർ ഇൻസ്പെക്ടർമാർക്ക് അധികാരം നൽകുന്നു. ആവശ്യകതയെങ്കിൽ അവർക്ക് തൊഴിലുടമ/പ്രതിനിധി എന്നിവരോടും വിശദീകരണം ആവശ്യപ്പെടാൻ അധികാരം നൽകുന്നു. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതി അനുസരിച്ച്, ഉടമ സമർപ്പിക്കുന്ന റിട്ടേൺ-കൃത്യത പരിശോധിക്കുന്നതിനോ, നിയമങ്ങൾ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനോ യാതൊരു സംവിധാനവും ഇല്ല.

വീഴ്ച വരുത്തുന്ന തൊഴിലുടമകളിൽ നിന്ന് അർഹതപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാൻ തൊഴിലാളികൾക്ക് കഴിയാതെ വരുന്ന സാഹചര്യം സൃഷ്ടിക്കപ്പെടും. സ്ത്രീക്കളോടുള്ള വിവേചനം കൂടുകയും അവർ കൂടുതൽ ചൂഷണത്തിന് ഇരയാകുകയും ചെയ്യും.

ചുരുക്കത്തിൽ, ഭേദഗതികൾ രാജ്യത്തെ ബഹുഭൂരിപക്ഷം വ്യവസായ തൊഴിലാളികളെയും തൊഴിൽനിയമങ്ങളുടെ പരിധിയിൽനിന്ന് പുറത്താക്കും. തൊഴിലാളികളെ തോന്നുമ്പോൾ പിരിച്ചുവിടാനും ജോലിസമയം ദീർഘിപ്പിക്കാനും യാതൊരു പരിരക്ഷയുമില്ലാത്ത കരാർ തൊഴിലാളികളാക്കി തീർക്കാനും തൊഴിലുടമകൾക്ക് അനിയന്ത്രിതമായ അവസരങ്ങൾ സൃഷ്ടിക്കപ്പെടും. നമ്മുടെ രാജ്യത്ത് സ്ത്രീകൾ അനുഭവിക്കുന്ന കടുത്ത വിവേചനങ്ങളുടെയും അതിക്രമങ്ങളുടെയും പശ്ചാത്തലത്തിൽ, ഏറ്റവുമേറെ പീഡനങ്ങൾക്കിരയാവുക സ്ത്രീതൊഴിലാളികളായിരിക്കും എന്നത് തീർച്ചയാണ്. ●

19 ഡിസംബർ 10 AM
റിന്യൂവൽ സെന്റർ എറണാകുളം

സ്ത്രീവിരുദ്ധമായ തൊഴിൽ നിയമ ഭേദഗതികൾക്കെതിരെ

എഐഎംഎസ്എസ് സംഘടിപ്പിക്കുന്ന
ദക്ഷിണേന്ത്യൻ വനിതാ കൺവൻഷൻ

# വ്യാപകമാകുന്ന അസഹിഷ്ണുതയ്ക്കും അതിക്രമങ്ങൾക്കുമെതിരെ
# ജനാധിപത്യ-മതേതര-മാനവിക സംഗമം



ആലപ്പുഴയിൽ നടന്ന മതേതര ജനാധിപത്യസംഗമവും നവോത്ഥാന ശക്തി ചരിത്ര പ്രദർശനവും വിഖ്യാത ചരിത്രകാരൻ ഡോ.എം.ജി.എസ്.നാരായണൻ ഉദ്ഘാടനം ചെയ്യുന്നു

മതത്തിന്റെയും ജാതിയുടേയും പേരിൽ മനുഷ്യനെ നിരാകരിക്കുന്ന രാഷ്ട്രീയ സാഹചര്യത്തിനെതിരെ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയും (എഐഎംഎസ്എസ്), ആൾ ഇന്ത്യാ ഡമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷനും (എഐഡിവൈഒ) ആൾ ഇന്ത്യാ ഡമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷനും (എഐഡിഎസ്ഒ) മഹാനായ അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കത്തിന്റെ ശതാബ്ദി ആചരണ സമിതിയും ചേർന്ന് ഡിസംബർ 2,3 തീയതികളിൽ മതേതരജനാധിപത്യ മാനവിക സംഗമവും നവോത്ഥാന ശക്തി ചരിത്ര പ്രദർശനവും സംഘടിപ്പിച്ചു. ആലപ്പുഴ ഐശ്വര്യ ആഡിറ്റോറിയത്തിൽ നടന്ന സംഗമവും ചരിത്ര പ്രദർശനവും വിഖ്യാത ചരിത്രകാരൻ ഡോ.എം.ജി.എസ്.നാരായണൻ ഉദ്ഘാടനം ചെയ്തു.

"ശ്രീനാരായണ ഗുരുവിനേയും, അയ്യൻകാളിയേയും ജാതിനേതാക്കളായി ചിത്രീകരിക്കുന്നത് ചരിത്രത്തിനും ഈ മഹാന്മാരുടെ ജീവിത ദർശനങ്ങൾക്കും വിരുദ്ധമാണ്. തനിക്കു ജാതിയില്ല എന്നു ഗസറ്റു വിജ്ഞാപനം നടത്തിയ ആളാണ് നാരായണഗുരു. ക്ഷേത്ര പ്രവേശനത്തിനുള്ള അവകാശമല്ല മറിച്ച് ഭക്ഷണവും മാന്യമായ ജീവിത സാഹചര്യവുമാണ് പ്രധാനമെന്ന് അയ്യൻകാളി കരുതിയിരുന്നു. ജാതിയ്ക്കും മതത്തിനുമതീതമായി മനുഷ്യനെ സൃഷ്ടിക്കുകയെന്ന നവോത്ഥാന നായകന്മാരുടെ ലക്ഷ്യം സമൂഹത്തിന്റെ പൊതുബോധത്തിൽ സ്ഥാപിക്കപ്പെട്ടില്ലയെന്നതാണ് ഇന്നത്തെ അപചയത്തിനു കാരണം". സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. "ബുദ്ധനോ വ്യാസനോ വാത്മീകിയോ ഒന്നും മതസ്ഥാപകരായിരുന്നില്ല. ഹിന്ദുമതം ചരിത്രപരമായി സ്ഥാപിക്കപ്പെട്ടതല്ല എന്ന വസ്തുതയും ഭരണാധികാരികൾ വിസ്മരിക്കുന്നു. രാമായണത്തേയും മഹാഭാരതത്തെയും മനോഹരമായ സാഹിത്യസൃഷ്ടിയായി കാണുവാൻ സാധിക്കാതെ മതഗ്രന്ഥമായി കാണുന്നത് വസ്തുതാവിരുദ്ധമാണ്". അദ്ദേഹം അഭിപ്രായപ്പെട്ടു.

കാർഷിക പണിമുടക്കിന്റെ ശതാബ്ദി ആചരണസമിതി കൺവീനർ ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. "മാനവവാദദർശനങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ മനുഷ്യനെ സൃഷ്ടിക്കുവാൻ നവോത്ഥാനത്തിനു സാധിച്ചെങ്കിലും ചരിത്രപരമായ കാരണങ്ങളാൽ മതേതര-ജനാധിപത്യ മൂല്യങ്ങൾ ഇന്ത്യൻ സമൂഹത്തിൽ സ്ഥാപിക്കുവാൻ ഭരണാധികാരികൾക്കും മുഖ്യധാര രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും സാധിച്ചില്ല."അദ്ദേഹം പറഞ്ഞു. എഐഎംഎസ്എസ് ജില്ലാ പ്രസിഡന്റ് എസ്. സൗഭാഗ്യലക്ഷ്മി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അഡ്വ. മാത്യു വേളങ്ങാടൻ, ആർട്ടിസ്റ്റ് അജയകുമാർ, കെ.എസ്. ഹരിഹരൻ, ബി.അബിൻഷാ, ആർ.രാഹുൽ (എസ്എഫ്ഐ), ജിസ്മോൻ, സി.എച്ച്.ഹരിജിത്ത് (എഐഎസ്എഫ്), കെ.ആർ.ശശി (എഐഡിവൈഒ), അഡ്വ. ഇ.എൻ.ശാന്തിരാജ് (എഐഡിഎസ്ഒ), സൗമിത്ത് സഹദേവൻ (ആർഎസ്എ), ടി.ബി. വിശ്വനാഥൻ, എ.കെ.ലാലസൻ, ടി.പി.രാജു, ആർ. പാർത്ഥസാരഥി വർമ്മ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി കെ. ജെ.ഷീല എന്നിവർ പ്രസംഗിച്ചു.

ഡിസംബർ 2ന് ഉച്ചയ്ക്ക് മൂന്നു മണിക്ക് കേരളത്തിലെ ജനകീയ സമര നേതാക്കളുടെ സംഗമം നടന്നു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് അഡ്വ. മാത്യു വേളങ്ങാടൻ സംഗമം ഉദ്ഘാടനം ചെയ്തു. ജാതിക്കും മതത്തിനുമതീതമായി ജനങ്ങളുടെ ഐക്യമാണ് ജനകീയ സമര മുഖങ്ങളിൽ സൃഷ്ടിക്കപ്പെടുന്നത്. സങ്കുചിതമായ താല്പര്യങ്ങൾക്കതീതമായി ന്യായമായ ഡിമാന്റുകളുടെ അടിസ്ഥാനത്തിൽ വളർന്നുവരുന്ന സംഘശക്തി വിജയം വരിക്കുന്നു. ഇന്നത്തെ വിഭാഗീയ പ്രവണതകളെ പ്രതിരോധിക്കുവാൻ ജനകീയ സമര ശക്തിക്ക് സാധിക്കും. കരിമണൽ ഖനനത്തിനെതിരെയും നാഷണൽ ഹൈവേ സ്വകാര്യവത്കരണത്തിനെതിരെയും ഡിപിഇപി പാഠ്യപദ്ധതിക്കെതിരെയും പൊക്കാളി കൃഷി പുനഃസ്ഥാപിക്കുവാനുമെല്ലാം നടന്ന സമരങ്ങളുടെ അനുഭവമതാണ്. അദ്ദേഹം പറഞ്ഞു. വിളപ്പിൽശാല സമരനായകൻ എസ്.ബുർഹാൻ മുഖ്യപ്രസംഗം നടത്തി. ന്യൂനപക്ഷത്തിനും ഭൂരിപക്ഷത്തിനുമല്ല മനുഷ്യനാണ് ഇവിടെ സംരക്ഷണവും സാമൂഹ്യനീതിയും ആവശ്യമായിട്ടുള്ളത്. അദ്ദേഹം പറഞ്ഞു. ചെങ്ങറ സമരസഹായസമിതി കൺവീനർ എസ്.രാജീവൻ, മത്സ്യസംസ്കരണ തൊഴിലാളി യൂണിയൻ നേതാവ് കെ.പി.സുബൈദ, ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ, നീലംപേരൂർ ജനകീയ സമരസമിതി സെക്രട്ടറി സാജു നാരായണൻ, മൂലമ്പിള്ളി സമരനേതാവ് വി.പി. വിൽസൺ, കേരള മത്സ്യ ബന്ധന തൊഴിലാളി യൂണിയൻ നേതാവ് കെ.പ്രതാപൻ, കിൻഫ്ര കുടിയൊഴിപ്പിക്കൽ വിരുദ്ധ സമരസമിതി നേതാവ് കെ.കാർത്തികേയൻ, പൊക്കാളി സംരക്ഷണ സമിതി നേതാവ് കെ.എൽ.ബെന്നി തുടങ്ങിയവർ പ്രസംഗിച്ചു. എഐയുടിയുസി ജില്ലാ പ്രസിഡന്റ് എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എസ്.അലീന സ്വാഗതവും ടി.ഷിജിൻ നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന കവി സമ്മേളനം കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു.

അടിച്ചമർത്തപ്പെടുന്നവർക്കുവേണ്ടി ഉയരുന്ന നീതിയുടെ ശബ്ദമാകണം കവികളുടേതെന്നും ഫാസിസത്തിനെതിരെ പ്രതികരിക്കുവാൻ ആവശ്യമെങ്കിൽ രക്തസാക്ഷികളാകുവാനും കവി തയ്യാറെടുക്കേണ്ടതാണ് കാലഘട്ടത്തിന്റെ ആവശ്യകതയെന്നും കുരീപ്പുഴ ശ്രീകുമാർ അഭിപ്രായപ്പെട്ടു. കലാസ്വാദനത്തിനും സർഗാത്മകയ്ക്കും വിഘാതമായി ജാതിവ്യവസ്ഥ നിലനിന്നിരുന്നുവെന്നതിന്റെ തെളിവാണ് മലയാളത്തിന്റെ ആദ്യ സിനിമ വിഗതകുമാരനും ആദ്യ നടി പി.കെ.റോസിക്കും നേരിട്ട ദുരന്തം. ഇന്നും മനുഷ്യത്വത്തെയും മനുഷ്യ സ്നേഹത്തെയും അംഗീകരിക്കുവാൻ ജാതി-മത വിഭാഗീയത വിഘാതമാകുന്നുവെന്നതാണ് നൗഷാദിനെ മതത്തിന്റെ പ്രതിനിധിയായി ചിത്രീകരിക്കുന്നുവെന്നത് വെളിവാക്കുന്നത്. നവോത്ഥാന സമരത്തിലൂടെ നേടിയെടുത്ത മൂല്യങ്ങളാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്. അദ്ദേഹം പറഞ്ഞു. ആർ.പാർത്ഥസാരഥി വർമ്മ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സി.എസ്. രാജേഷ്, പള്ളിക്കൽ ദേവരാജൻ, എം.കൃഷ്ണകുമാർ, പുന്നപ്ര ജ്യോതികുമാർ, എം.എസ്.സുജാത, ഷാജി ഷൺമുഖം, ഉമർ അബ്ദുള്ള, കെ.വി.പ്രീതി, കെ.ആർ.നാരായണൻ, ടി.വിശ്വകുമാർ, എസ്.ഭദ്രൻ, ശോഭാ രാജപ്പൻ, കെ.ബിമൽജി, കെ.ആർ. സോമശേഖരപ്പണിക്കർ, ചന്തിരൂർ ദിവാകരൻ, കെ.ജി.ശ്രീജേഷ്, ആദില കബീർ തുടങ്ങിയവർ കവിതകൾ ആലപിച്ചു. സി.ജോസുകുട്ടി സ്വാഗതവും സി.ഹണി കൃതജ്ഞതയും രേഖപ്പെടുത്തി.

'നവോത്ഥാനവും സ്ത്രീവിമോചനവും' എന്ന വിഷയത്തിൽ നടന്ന ചർച്ചാ സമ്മേളനം അഡ്വ.ഷാനിമോൾ ഉസ്മാൻ ഉദ്ഘാടനം ചെയ്തു. വിഭാഗീയത പ്രവണത സ്ത്രീമുന്നേറ്റത്തിനു വിഘാതമാണ്. ജാതിക്കും മതത്തിനുമെതിരായ നവോത്ഥാന സമരത്തിന്റെ ഭാഗമായാണ് സ്ത്രീകൾക്ക് വിദ്യാഭ്യാസവും സ്വാതന്ത്ര്യവും പുരോഗതിയും കൈവന്നതെന്ന് വിസ്മരിക്കരുത്. അഡ്വ. ഷാനിമോൾ അഭിപ്രായപ്പെട്ടു. എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് മിനി കെ.ഫിലിപ്പ് വിഷയാവതരണം നടത്തി. മനുഷ്യനെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് നവോത്ഥാന പ്രസ്ഥാനം വികാസം പ്രാപിച്ചത്. സ്ത്രീ സ്വാതന്ത്ര്യം എന്ന ആശയം രൂപപ്പെട്ടുവന്നത് എല്ലാ മനുഷ്യരും സമന്മാരാണെന്ന നവോത്ഥാന ചിന്തയുടെ അടിത്തറയിലാണ്. ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമരത്തിലുമുണ്ടായ സ്ത്രീകളുടെ സംഭാവനകൾ ഈ അടിത്തറയിൽ രൂപപ്പെട്ടതാണ്. മതാധിഷ്ഠിത വ്യവസ്ഥിതി സ്ത്രീയെ മനുഷ്യനായി പരിഗണിക്കുന്നില്ല. ഇന്നും പല മതനേതാക്കന്മാരും സ്ത്രീവിരുദ്ധമായ പ്രസ്താവനകൾ നടത്തുന്നത് അതിനാലാണ്. സ്ത്രീ സ്വാതന്ത്ര്യം ഇന്നും ചർച്ച ചെയ്യപ്പെടേണ്ടിവരുന്നത് നവോത്ഥാന പ്രസ്ഥാനത്തിന്റെ സ്വാതന്ത്ര്യം-സമത്വം-സാഹോദര്യം എന്ന ആശയങ്ങൾ മൂർത്തവൽക്കരിക്കപ്പെടേണ്ടിയിരിക്കുന്നുവെന്നുള്ളതുകൊണ്ടാണ്. വർഗ്ഗീയതാ വിരുദ്ധ പ്രസ്ഥാനം ശക്തിപ്പെടേണ്ടത് സ്ത്രീസമൂഹത്തിന്റെ ആവശ്യകതയാണ്. അഡ്വ. സി.എസ്.സുജാത, ഗായത്രി സ്വാമിനാഥൻ, അഡ്വ.എം.എ.ബിന്ദു, കെ. ജെ.ഷീല, വി.ഉഷാകുമാരി എന്നിവർ പ്രസംഗിച്ചു.

നവോത്ഥാനത്തിന്റെ പൂർത്തീകരിക്കേണ്ട കടമകൾ എന്ന വിഷയത്തിൽ നടന്ന സമാപനസെമിനാർ ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ജോൺസൺ ചെമ്മനം മുഖ്യ പ്രഭാഷണം നടത്തി. എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് എൻ.കെ. ബിജു വിഷയാവതരണം നടത്തി. പ്രൊഫ. എൻ.പ്രശാന്തകുമാർ, പ്രൊഫ. വി.കെ.കേരള വർമ്മ, ഫാദർ നെൽസൺ തൈപ്പറമ്പിൽ, അഡ്വ.മുജീബ് റഹ്മാൻ, കെ.ബാലകൃഷ്ണൻ, ഡോ. കെ.ഹരിപ്രസാദ്, ബാലകൃഷ്ണൻ പടനിലം, എച്ച്.സുബൈർ, അഡ്വ. ബി.കെ.രാജഗോപാൽ, അഡ്.ബി. സുരേഷ്കുമാർ, എസ്.സുരേഷ്കുമാർ, സി.വി.പീതാംബരൻ എന്നിവർ പ്രസംഗിച്ചു. കെ.ആർ.ശശി അദ്ധ്യക്ഷത വഹിച്ചു. അഡ്വ.എം.എ.ബിന്ദു സ്വാഗതവും അഡ്വ. ആർ.അപർണ്ണ കൃതജ്ഞതയും പറഞ്ഞു.




അസഹിഷ്ണുതയ്ക്കെതിരായ ദേശീയപ്രതിഷേധത്തിന്റെ ഭാഗമായി ഇടതുപാർട്ടികളുടെ നേതൃത്വത്തിൽ ഡൽഹിയിൽ നടന്ന റാലി

# വർഗ്ഗീയഭ്രാന്ത് വളർത്തി രാജ്യത്തെ അന്ധകാരത്തിലേയ്ക്ക് നയിക്കുന്ന മോദി സർക്കാരിനെതിരെ ദേശീയപ്രതിഷേധം




**സെക്രട്ടേറിയറ്റിനുമുന്നിൽ പ്രതിഷേധ ധർണ്ണ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.**

അസഹിഷ്ണുത പടർത്തുന്ന, വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്ന മോദി സർക്കാരിന്റെ നയങ്ങൾക്കെതിരെ ആറ് ഇടതുപാർട്ടികൾ സംയുക്തമായി ഡിസംബർ ഒന്നുമുതൽ ആറുവരെ ദേശീയതലത്തിൽ പ്രതിഷേധപരിപാടികൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിൽ എസ്‌യുസിഐ(സി) മുൻകൈയെടുത്ത് വിവിധങ്ങളായ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.




**ദേശീയ പ്രതിഷേധത്തോടനുബന്ധിച്ച് കോട്ടയത്ത് നടന്ന പ്രതിഷേധ പ്രകടനം**

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) തിരുവനന്തപുരം ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ പ്രതിഷേധ പ്രകടനവും ധർണ്ണയും നടന്നു.

എസ്‌യുസിഐ(സി) സംസ്ഥാനക്കമ്മിറ്റിയംഗം എസ്.രാജീവൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. ജനങ്ങളെയും രാജ്യത്തിന്റെ സമ്പത്താകെയും ഒരു നിയന്ത്രണവുമില്ലാതെ കൊള്ളയടിക്കാൻ കോർപ്പറേറ്റ് ഭീമന്മാർക്ക് ഒത്താശ ചെയ്യുന്ന നടപടികളാണ് നരേന്ദ്ര മോദി ഗവണ്മെന്റ് കൈക്കൊള്ളുന്നത്. ജനശ്രദ്ധ തിരിച്ചുവിട്ട് കോർപ്പറേറ്റ്-മൂലധന ശക്തികളെ സംരക്ഷിക്കുവാനാണ് മോദി സർക്കാർ വർഗ്ഗീയത ആളിപ്പടർത്താനും അന്ധവിശ്വാസങ്ങളെ ഊട്ടിയുറപ്പിക്കാനും ശ്രമിക്കുന്നത്. ബഹുജനങ്ങൾ അണിനിരക്കുന്ന രാജ്യവ്യാപകമായ ജനാധിപത്യപ്രക്ഷോഭങ്ങൾക്കു മാത്രമേ വർഗ്ഗീയ-ഫാസിസ്റ്റ് വിപത്തിൽനിന്ന് രാജ്യത്തെ രക്ഷിക്കാനാവൂ. ഈ കടമ മറക്കുകയും അധികാരക്കസേരകൾ മാത്രം ഉന്നം വച്ചുള്ള വോട്ടുരാഷ്ട്രീയം അനുവർത്തിക്കുകയും ചെയ്യുന്ന സിപിഐ(എം)-ഉം സിപിഐ യും വർഗ്ഗീയ-ഫാസിസ്റ്റ് ശക്തികൾക്ക് തഴച്ചുവളരാനുള്ള കളമാണ് ഒരുക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജില്ലാക്കമ്മിറ്റിയംഗം ആർ.ബിജു അദ്ധ്യക്ഷത വഹിച്ചു. എം.ഷാജർഖാൻ, പി.എസ്.ഗോപകുമാർ, എം.എ.സൂസി, എ.ഷൈജു തുടങ്ങിയവർ പ്രസംഗിച്ചു.

എറണാകുളം ജില്ലയിൽ ഡിസംബർ 1 ന് തൃപ്പൂണിത്തുറ ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവാങ്കുളത്ത് പൊതുയോഗം സംഘടിപ്പിച്ചു. യോഗത്തിൽ എസ്‌യുസിഐ (സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ മുഖ്യപ്രസംഗം നടത്തി. ലോക്കൽ കമ്മിറ്റി സെക്രട്ടറി സി.ബി.അശോകന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാകമ്മിറ്റിയംഗം സഖാവ് കെ.കെ.ശോഭയും പ്രസംഗിച്ചു. ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പി.എം.ദിനേശൻ, ലോക്കൽ കമ്മിറ്റിയംഗം സഖാവ് ടി.എ.വേലപ്പൻ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

ആമ്പല്ലൂർ ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചാലക്കപ്പാറ ജംഗ്ഷനിൽ നടന്ന പൊതുയോഗത്തിൽ എസ്‌യുസിഐ(സി) എറണാകുളം ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ മുഖ്യപ്രസംഗം നടത്തി. ലോക്കൽ സെക്രട്ടറി സഖാവ് കെ.ഒ.ഷാന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ സി.ബി.അശോകൻ, കെ.ഒ.സുധീർ എന്നിവരും പ്രസംഗിച്ചു. ലോക്കൽ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ എൻ.സി.നാരായണൻ, കൊച്ചുപരീത് എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

ഉദയംപേരൂർ ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തെക്കൻ പറവൂർ ജംഗ്ഷനിൽ നടന്ന പൊതുയോഗത്തിൽ ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പി.എം.ദിനേശൻ മുഖ്യപ്രസംഗം നടത്തി. ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് സി.കെ.രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗം സഖാവ് കെ.ഒ.സുധീർ, ലോക്കൽ കമ്മിറ്റിയംഗം സഖാവ് സാനുനാഥ് എന്നിവർ പ്രസംഗിച്ചു.

കാലടി ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രകടനാന്തരം കാലടിയിൽ ജംഗ്ഷനിൽ നടന്ന പൊതുയോഗത്തിൽ ജില്ലാ കമ്മിറ്റിയംഗവും ലോക്കൽ സെക്രട്ടറിയുമായ സഖാവ് പി.പി.അഗസ്റ്റിൻ മുഖ്യപ്രസംഗം നടത്തി. ലോക്കൽ കമ്മിറ്റിയംഗം സഖാവ് ബി.പി.ബിന്ദു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗം സഖാവ് കെ.പി.സാൽവിൻ, ലോക്കൽ കമ്മിറ്റിയംഗം സഖാവ് പി.വി.രജീഷ് എന്നിവരും പ്രസംഗിച്ചു. പ്രകടനത്തിന് ജില്ലാകമ്മിറ്റിയംഗം സഖാവ് കെ.സി.ജയൻ, ലോക്കൽ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ എം.വി.വിജയകുമാർ, എം.കെ.കാഞ്ചനവല്ലി, വി.കെ.മോഹനൻ, പുഷ്പജൻ, കെ.സി.ജ്യോതിലക്ഷ്മി, സിജു, കെ.പി.പരമേശ്വരൻ തുടങ്ങിയവർ നേതൃത്വം നൽകി.




**ദേശീയ പ്രതിഷേധത്തോടനുബന്ധിച്ച് പാലക്കാട് നടന്ന പ്രതിഷേധ പ്രകടനം**




**എറണാകുളം ജില്ലയിലെ ചാലക്കപ്പാറയിൽ നടന്ന പ്രതിഷേധ യോഗത്തിൽ ജില്ലാ സെക്രട്ടറി ടി.കെ.സുധീർകുമാർ മുഖ്യപ്രസംഗം നടത്തുന്നു.**



## സഖാവ് എം. രാജന് ആദരാഞ്ജലികൾ

എംസിപിഐ(യു) സംസ്ഥാന സെക്രട്ടറിയും പൊളിറ്റ്ബ്യൂറോ മെമ്പറും എൻടിയുഐ അഖിലേന്ത്യാ ട്രഷററും സംസ്ഥാന വൈസ്പ്രസിഡന്റുമായിരുന്ന സഖാവ് എം.രാജൻ 2015 നവംബർ 22-ാം തീയതി ഉച്ചയ്ക്ക് 2.15 ന് അന്തരിച്ചു. വൃക്ക സംബന്ധമായ അസുഖംമൂലം ഏതാനും മാസങ്ങളായി ചികിത്സയിലായിരുന്നു. ഒരു യഥാർത്ഥ ഇടതുപക്ഷ ബദൽ പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെ ആർഎംപി, എസ്‌യുസിഐ(സി), എംസിപിഐ(യു) എന്നീ പാർട്ടികൾ ചേർന്ന് ഇടതുപക്ഷ ഐക്യമുന്നണി രൂപീകരിക്കുന്നതിൽ പങ്കുവഹിച്ച നേതാക്കളിലൊരാളായിരുന്നു സഖാവ് രാജൻ.

എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വി.വേണുഗോപാൽ, ജയ്സൺ ജോസഫ്, സംസ്ഥാന കമ്മിറ്റിയംഗങ്ങളായ ജ്യോതികൃഷ്ണൻ, ടി.കെ.സുധീർകുമാർ, ഡോ.പി.എസ്.ബാബു, എൻ.ആർ.മോഹൻകുമാർ, എസ്.സീതിലാൽ, വർഗ്ഗീസ് ജേക്കബ്, ഷൈല കെ.ജോൺ തുടങ്ങി നിരവധി സഖാക്കൾ അന്ത്യോപചാരമർപ്പിച്ചു.

നവംബർ 23 ന് വൈകിട്ട് വവ്വക്കാവ് ജംഗ്ഷനിൽ ചേർന്ന അനുശോചന യോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയെ പ്രതിനിധീകരിച്ച് സഖാവ് വി.വേണുഗോപാൽ പ്രസംഗിച്ചു. ഇടതുപക്ഷ പ്രസ്ഥാനത്തിന് വലിയ നഷ്ടമാണ് സഖാവ് രാജന്റെ അകാലത്തിലുള്ള നിര്യാണം വരുത്തുവച്ചിരിക്കുന്നതെന്ന് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് അനുശോചന സന്ദേശത്തിൽ ചൂണ്ടിക്കാണിച്ചു.

# പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ ചില പ്രശ്നങ്ങളെപ്പറ്റി

*(2014 ജൂലൈ 7 മുതൽ 10 വരെ തിയ്യതികളിൽ കൊൽക്കത്തയിൽ വച്ച് നടന്ന എസ്‌യുസിഐ(സി) കേന്ദ്രക്കമ്മിറ്റിയുടെ വിപുലീകൃത യോഗത്തിൽ ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് നടത്തിയ പ്രസംഗത്തിന്റെ സംക്ഷേപം, കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)*

നമ്മുടെ കുടുംബങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും നമുക്ക് ലഭിക്കുന്നത് ബൂർഷ്വാ ആശയങ്ങളാണെന്ന കാര്യം ഓർക്കണം. അബോധപൂർവ്വം നമ്മുടെ ചിന്താപ്രക്രിയ, വിവേചനബുദ്ധി, ഇഷ്ടാനിഷ്ടങ്ങൾ, ന്യായാന്യായചിന്ത, അഭിരുചിയും ആഗ്രഹാഭിലാഷങ്ങളും, സ്നേഹത്തെയും വാത്സല്യത്തെയും പറ്റിയുള്ള ധാരണകൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ, നമ്മുടെ രക്തത്തിന്റെയും മാംസത്തിന്റെയും അസ്ഥിയുടെയും കോശങ്ങളിൽ മുദ്രണം ചെയ്തതുപോലെ നമ്മിൽ രൂഢമൂലമായിരിക്കുന്ന ഇക്കാര്യങ്ങൾ, എല്ലാം രൂപപ്പെടുത്തുന്നത് ഈ മുതലാളിത്ത ചുറ്റുപാടാണ്. മഹാനായ മാർക്സ് നമ്മെ പഠിപ്പിച്ചു: ലോകത്തെ മാറ്റുന്നതിന് മുമ്പ് നാം സ്വയം മാറേണ്ടതുണ്ട്. അതിനാൽ, പ്രത്യയശാസ്ത്രപരമായും രാഷ്ട്രീയമായും ധാർമ്മികമായും നൈതികമായും ബൂർഷ്വാ ആയിരുന്നുകൊണ്ട് നമുക്ക് ബൂർഷ്വാലോകത്തെ മാറ്റിത്തീർക്കാൻ കഴിയില്ല. അതിന് നിരന്തരവും സർവ്വാശ്ലേഷിയുമായ ഒരു സമരം അനിവാര്യമാണ്. ബാഹ്യവൈരുദ്ധ്യത്തിന്, അതായത് നേതൃത്വത്തിന്, ഈ സമരത്തിൽ നമുക്ക് വഴികാട്ടാനും നമ്മെ സഹായിക്കാനും കഴിയും. എന്നാൽ അതിനോട് പ്രതികരിക്കുകയും സഹകരിക്കുകയും ചെയ്തുകൊണ്ട് അവനവന്റെയുള്ളിൽത്തന്നെ തീക്ഷ്ണമായ സമരം നടത്തുകയെന്ന നമ്മുടെ ആന്തരികവൈരുദ്ധ്യമാണ് അടിസ്ഥാനപരമായ കാര്യം. അവനവന്റെയുള്ളിൽത്തന്നെ വർഗ്ഗസമരം നടത്തുക എന്നാണതിനർത്ഥം. ഈ സമരത്തിൽ ഒരാൾ വിജയം നേടിയാൽപ്പോലും, ബാഹ്യസാഹചര്യമെന്ന നിലയിൽ മുതലാളിത്തം നിലനിൽക്കുന്നിടത്തോളംകാലം, ആ ചുറ്റുപാടിൽ നിന്ന് വ്യത്യസ്ത ആക്രമണങ്ങളുണ്ടാവും. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലാണെങ്കിൽപ്പോലും ആക്രമണങ്ങളുണ്ടാകും. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെ വലയംചെയ്യുന്ന മുതലാളിത്ത സമൂഹത്തിൽ നിന്ന് മാത്രമല്ല, സോഷ്യലിസ്റ്റ് സമൂഹത്തിനുള്ളിൽ നിന്നുതന്നെ അതുണ്ടാകും. എന്തെന്നാൽ, സോഷ്യലിസത്തിൽ ബൂർഷ്വാസി പരാജയപ്പെടുത്തപ്പെട്ടുവെന്നേയുള്ളൂ, നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല. അതിനാൽ അവിടെ ഉപരിഘടനയിൽ ബൂർഷ്വാസി നിലനിൽക്കുന്നു. രോഗങ്ങളുടെ ആക്രമണത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിനുവേണ്ടി നാം ആരോഗ്യത്തെപ്പറ്റി അവശ്യംവേണ്ട അറിവോടുകൂടി നിരന്തരമായ സമരത്തിലേർപ്പെട്ടിരിക്കുന്നതെങ്ങനെയോ അതുപോലെ തന്നെ, കമ്മ്യൂണിസ്റ്റ് സ്വഭാവം നേടിയെടുക്കാനും നേടിയെടുത്തതിനെ സംരക്ഷിക്കാനും മെച്ചപ്പെടുത്താനും വേണ്ടി സർവ്വാശ്ലേഷിയും നിരന്തരവുമായ സമരത്തിലേർപ്പെടേണ്ടത് അനിവാര്യമാണ്. ആ സമരത്തിന് മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകളിലുള്ള ആഴത്തിലുള്ള ധാരണ ആവശ്യമാണ്.

ഉയർന്ന തൊഴിലാളിവർഗ്ഗ വിപ്ലവസംസ്കാരമാർജ്ജിക്കാതെ ഉയർന്ന പ്രത്യയശാസ്ത്രനിലവാരം കൈവരിക്കുക സാദ്ധ്യമല്ലെന്നും, അതിന് സർവ്വാശ്ലേഷിയായ നിരന്തരസമരം അനിവാര്യമാണെന്നുമുള്ള സഖാവ്ശിബ്ദാസ്ഘോഷിന്റെ പാഠം ഞാൻ നേരത്തെ പരാമർശിച്ചു. സൈദ്ധാന്തികവും പ്രായോഗികവുമായ സമരങ്ങളെ കൂട്ടിയിണക്കാൻ കഴിയുന്നില്ലെങ്കിൽ, സൈദ്ധാന്തികധാരണ കേവലം ഉപരിപ്ലവവും അർത്ഥശൂന്യവുമാകും. പാണ്ഡിത്യം പ്രകടിപ്പിക്കാൻ മാത്രമുതകുന്ന നിർജ്ജീവപദങ്ങളായി അത് മാറും.

രണ്ടാം ഇന്റർനാഷണലിലെ പ്രമുഖ നേതാക്കളെല്ലാം മാർക്സിന്റെയും എംഗൽസിന്റെയും കൃതികൾ ശ്രദ്ധാപൂർവ്വം പഠിച്ചിരുന്നു. എന്നാൽ, മാർക്സിസത്തിന്റെ വിപ്ലവസത്ത മനസ്സിലാക്കുന്നതിലും അതിനെ വീണ്ടും വികസിപ്പിക്കുന്നതിലും അവർ പരാജയപ്പെട്ടപ്പോൾ ലെനിന് അതിൽ വിജയിക്കാൻ സാധിച്ചു. അതുപോലെ, ലെനിനിസത്തിന്റെ സാരാംശം ഗ്രഹിക്കുന്നതിലും അത് ലോകതൊഴിലാളിവർഗ്ഗത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിലും സ്റ്റാലിൻ വിജയിച്ചു. പക്ഷെ, ട്രോട്സ്കിയെയും സിനോവേവിനെയും കമനേവിനെയും ബുഖാരിനെയും പോലുള്ള പണ്ഡിതന്മാർ അതിൽ ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്. ആത്യന്തികമായി അവർ മാർക്സിസത്തിൽ നിന്നുതന്നെ അകന്നുപോയി. ദ്വന്ദ്വാത്മകമായ പ്രയോഗപദ്ധതിയും തൊഴിലാളിവർഗ്ഗസംസ്കാരവും സ്വായത്തമാക്കാൻ അവർക്ക് കഴിയാതിരുന്നതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്.

മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും നാം നിരവധി സമരങ്ങളും പോരാട്ടങ്ങളും വളർത്തിയെടുക്കുന്നുണ്ട്. ശ്ലാഘനീയമായ കാര്യമാണത്. എന്നാൽ, പല സംസ്ഥാനങ്ങളിലും ഈ സമരങ്ങളിൽ നമ്മുടെ രാഷ്ട്രീയ ലൈൻ അവതരിപ്പിക്കുന്നതിൽ നാം വീഴ്ച വരുത്തുന്നു. ചിലപ്പോഴെല്ലാം നാം ഡിമാന്റുകൾ നേടിയെടുക്കുന്നുണ്ട്. പക്ഷെ, രാഷ്ട്രീയവിദ്യാഭ്യാസമില്ലാത്ത സമരം കേവലം സാമ്പത്തികവാദത്തിന് തുല്യമാണ്. സാധാരണജനങ്ങൾ രാഷ്ട്രീയസ്കൂളുകളിലോ പാർട്ടിക്ലാസ്സുകളിലോ പങ്കെടുക്കാറില്ല. അതിനാൽ, വർഗ്ഗസമരത്തിന്റെയും ജനകീയപ്രക്ഷോഭങ്ങളുടെയും തീച്ചൂളയിലൂടെ മാത്രമേ അവരെ വിദ്യാഭ്യാസം ചെയ്യിക്കാൻ കഴിയുകയുള്ളൂ. സാധാരണഗതിയിൽ നിഷ്ക്രിയരായ ബഹുജനങ്ങൾ പോരാട്ടത്തിന്റെ മദ്ധ്യത്തിലാകുമ്പോൾ കർമ്മനിരതരാകുന്നു. അവരുടെ യഥാർത്ഥ ശത്രു, ഭരണകൂടത്തെയും ഗവണ്മെന്റിനെയും അണിയറയിലിരുന്ന് നിയന്ത്രിക്കുന്ന ശക്തി, മുതലാളിത്തമാണെന്ന് അവർക്ക് ചൂണ്ടിക്കാട്ടിക്കൊടുക്കാൻ ഏറ്റവും യോജിച്ച സമയം അതാണ്. ജനങ്ങൾ ഗവണ്മെന്റിനെതിരെ പ്രതിഷേധിക്കുന്നു. എന്നാൽ, ഭരണകൂടത്തെ എതിർക്കാൻ അവർക്കറിയില്ല. അവർ ഭരണകക്ഷിക്കെതിരെയാണ് തിരിയുന്നത്; ഭരിക്കുന്ന മുതലാളിവർഗ്ഗത്തിനെതിരെയല്ല. അവർക്ക് രാഷ്ട്രീയ പ്രബുദ്ധതയില്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അതിനാൽ, സമരങ്ങൾ സംഘടിപ്പിക്കുന്ന അവസരത്തിൽ, സഖാവ് ശിബ്ദാസ്ഘോഷ് ആവിഷ്കരിച്ചിട്ടുള്ള രാഷ്ട്രീയ-സാംസ്കാരിക ലൈൻ സാധാരണജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ പ്രചരിപ്പിക്കേണ്ടതാണ്.

അതുപോലെ, നാം എപ്പോഴും ജാഗരൂകരും സന്നദ്ധരുമായിരിക്കണം. എന്തെന്നാൽ, അസന്തുഷ്ടിയുടേതായ ധാരാളം തീപ്പൊരികൾ നമുക്ക് ചുറ്റുമുണ്ട്. അതിൽ ഏത് തീപ്പൊരിയാണ് വലിയൊരു കാട്ടുതീയായി ആളിപ്പടരുന്നതെന്ന് മുൻകൂട്ടിപ്പറയുക അസാദ്ധ്യമെന്നുതന്നെ പറയാം.

ഹര്യാനയിൽ നിന്നുള്ള സഖാവ് രജീന്ദർജി സുപ്രധാനമായ ഒരു കാര്യം ഇവിടെ ഉന്നയിക്കുകയുണ്ടായി. സഖാവ് കൃഷ്ണചക്രവർത്തിയും ആ വിഷയത്തെപ്പറ്റി ചർച്ച ചെയ്തു. ഞാൻ ഈ പ്രശ്നത്തിന് വളരെയേറെ പ്രാധാന്യം കല്പിക്കുന്നു. സഖാവ് രജീന്ദർജി തനിക്ക് കുടുംബത്തോടുള്ള ദൗർബ്ബല്യം തുറന്നുസമ്മതിക്കുകയും, അത് ദൂരീകരിക്കാൻ താൻ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണെന്ന് അറിയിക്കുകയുമാണ് ചെയ്തത്. ഈ വിഷയത്തിൽ സഖാവ് ശിബ്ദാസ്ഘോഷ് ഒരു സ്കൂൾ ഓഫ് പൊളിടിക്സിൽ പറഞ്ഞ വാക്കുകൾ എടുത്തുപറയാൻ ഞാനാഗ്രഹിക്കുന്നു. സഖാവ് ഘോഷ് പറഞ്ഞു: ലോകകമ്മ്യൂണിസ്റ്റ് നേതാക്കൾ അവരവരുടെ കുടുംബങ്ങളെ സ്വാധീനിക്കാൻ വേണ്ടി കഠിനശ്രമം നടത്തിയിട്ടുണ്ട്. അതിൽ അവർ പരാജയപ്പെട്ടപ്പോൾ ദുഃഖകരമായ സംഘർഷങ്ങളുണ്ടായി, വേർപിരിയലുണ്ടായി. അതല്ലാതെ സഹവർത്തിക്കുകയല്ല അവർ ചെയ്തത്. ഒന്നിച്ചുജീവിക്കുന്നവരിൽ ഒരാൾ മറ്റെയാളെ സ്വാധീനിക്കാതിരിക്കുകയെന്നത് തികച്ചും അസാദ്ധ്യമാണ്. ഒരാൾക്ക് മറ്റെയാളെ സ്വാധീനിക്കാൻ കഴിയുന്നില്ലെങ്കിൽ, മറ്റെയാൾ തിരിച്ച് സ്വാധീനിക്കുമെന്നതിൽ സംശയമില്ല. ഒരാൾക്കും മറ്റെയാളെ സ്വാധീനിക്കാൻ കഴിയുന്നില്ലെങ്കിൽ, തീർച്ചയായും അവിടെ ഒരു സംഘർഷം, സമരം, ഉണ്ടാകുകയും അവർ പരസ്പരം വേർപിരിയുകയും ചെയ്യും...ബന്ധങ്ങൾ, പ്രത്യേകിച്ചും വൈകാരികബന്ധങ്ങൾ, ഏതൊരാളുടെയും സംസ്കാരത്തിലും സ്വഭാവത്തിലും ആഴത്തിലുള്ള സ്വാധീനം സൃഷ്ടിക്കുമെന്ന് മനസ്സിലാക്കണം. സ്നേഹവും വാത്സല്യവും മറ്റും പോലുള്ള വൈകാരികഭാവങ്ങൾ വളരെ ശക്തമാണ്, ആവശ്യവുമാണ്. സ്വഭാവശ്രേഷ്ഠതയും മഹത്വവും നൽകാൻ അവയ്ക്ക് കഴിയും. അതുപോലെ തന്നെ അധഃപതനവും അപചയവുമുണ്ടാക്കാനും. സൗഹൃദം, വൈകാരികബന്ധം, ദാമ്പത്യബന്ധം, പരസ്പരസ്നേഹവാത്സല്യങ്ങൾ എന്നിവയിലൂടെ ഒരാളുടെ സംസ്കാരവും ചിന്തയും നർമ്മബോധവും മറ്റും മറ്റെയാളെയും അയാളറിയാതെ സ്വാധീനിക്കുന്നു. സ്നേഹവാത്സല്യങ്ങൾ മൂലമുള്ള അടുപ്പം, സംഭാഷണങ്ങൾ, നർമ്മഭാഷണങ്ങൾ എന്നിവയിലൂടെ ഒരാൾ സ്വാധീനിക്കപ്പെടും. അതല്ലെങ്കിൽ, നാം അംഗീകരിച്ചാലും ഇല്ലെങ്കിലും, മറ്റെയാൾ പ്രതിഫലിപ്പിക്കുന്നതും ഈ ജീർണ്ണിച്ച സമൂഹത്തിൽ നിന്ന് ലഭിച്ചിട്ടുള്ളതുമായ കാഴ്ചപ്പാടും സംസ്കാരവും മനോഭാവവും സ്നേഹസങ്കല്പവും നർമ്മബോധവും നാമറിയാതെ തന്നെ നമ്മുടെ സ്വഭാവത്തെയും നൈതികതയെയും സംസ്കാരത്തെയും നർമ്മബോധത്തെയും സ്വാധീനിക്കുക തന്നെ ചെയ്യും. അങ്ങനെ അത് വിപ്ലവസ്വഭാവം വളർന്നുവരുന്നതിന് അങ്ങേയറ്റത്തെ ഹാനി വരുത്തും. ആർക്കും അപ്രമാദിത്വമില്ല എന്ന് പറഞ്ഞ് ഇതിനെ എളുപ്പത്തിൽ വിശദീകരിക്കാൻ ചില മാർക്സിസ്റ്റുകൾ ശ്രമിക്കാറുണ്ട്. ഏതൊരാളും അധഃപതിക്കാൻ സാദ്ധ്യതയുണ്ട്. അതിനാൽ, ലിയു ഷാവോചി അധഃപതിച്ചെങ്കിൽ അതിൽ അത്ഭുതപ്പെടാനൊന്നുമില്ല. എന്തുതന്നെയായാലും ലിയു ഷാവോചി ഒരിക്കൽ വിപ്ലവത്തിനുവേണ്ടി ആത്മാർപ്പണം ചെയ്തയാളായിരുന്നു; അനവധി വർഷക്കാലം അദ്ദേഹം സമരം നടത്തി; ഉന്നത നേതൃത്വത്തിൽ അദ്ദേഹം അവരോധിതനായി; എന്നിട്ടും എന്തുകൊണ്ട് അദ്ദേഹത്തിന് അധഃപതനമുണ്ടായി? അത് യാദൃച്ഛികമാണോ? അദൃശ്യമായ എന്തോ ഘടകമാണ് അതിന് പിന്നിൽ പ്രവർത്തിച്ചതെന്ന് കരുതുന്നത് നിഗൂഢവാദമാണ്. അദ്ദേഹത്തിന്റെ സമരത്തിൽ മേല്പറഞ്ഞ വശങ്ങൾ അവഗണിക്കപ്പെട്ടു; അന്ന് അതൊക്കെ അപ്രധാനകാര്യങ്ങളെന്ന നിലയിൽ അവഗണിക്കപ്പെട്ടു - ഇതാണ് ശരിയായ കാരണം. തീർച്ചയായും അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ക്രമേണയുണ്ടായ അപചയത്തിന് അവയായിരുന്നു കാരണം.

ഓർക്കുക, നിസ്സാരമായ ഒരു വിഷയത്തിലാണെങ്കിൽപ്പോലും, അറിഞ്ഞോ അറിയാ

(ശേഷം11-ാം പേജിൽ)

## നാടിന് ഗുണകരമല്ലാത്ത വിഴിഞ്ഞം പദ്ധതി ഉപേക്ഷിക്കണം – എസ്‌യുസിഐ (സി)

കേരള സംസ്ഥാനത്തിന് ഒരു വിധത്തിലും ഗുണകരമല്ലാത്ത വ്യവസ്ഥകൾ അംഗീകരിച്ച് കുത്തക കമ്പനിയായ അദാനി ഗ്രൂപ്പിന് വിഴിഞ്ഞം തുറമുഖനടത്തിപ്പ് തീറെഴുതികൊടുത്തതിലൂടെ നാടിന്റെ താൽപര്യങ്ങൾ യുഡിഎഫ് സർക്കാർ ബലി കഴിക്കുകയാണെന്നും ആയതിനാൽ വിഴിഞ്ഞം പദ്ധതി ഉപേക്ഷിക്കുകയാണ് വേണ്ടതെന്നും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സി.കെ.ലൂക്കോസ് ഒരു പ്രസ്താവനയിൽ പറഞ്ഞു.

പൊതുഖജനാവിൽ നിന്ന് 5071 കോടി രൂപയും 384 ഏക്കർ ഭൂമിയും സംസ്ഥാന സർക്കാർ അദാനി ഗ്രൂപ്പിന് ദാനം ചെയ്തിരിക്കുന്നു. അതിനുപകരമായി, 15 വർഷങ്ങൾക്കുശേഷം പദ്ധതി ലാഭകരമാണെങ്കിൽ ഒരു ശതമാനം ലാഭവിഹിതം നൽകാമെന്നാണ് വ്യവസ്ഥ.

വിഴിഞ്ഞം പദ്ധതി പാരിസ്ഥിതികമായി വൻ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന ശാസ്ത്രലോകത്തിന്റെ മുന്നറിയിപ്പുകളെ തൃണവൽഗണിച്ചുകൊണ്ടും മത്സ്യസമ്പത്തിനെയും പരമ്പരാഗത മത്സ്യബന്ധനത്തെയും നശിപ്പിച്ചുകൊണ്ടുമാണ് പദ്ധതി നിർവ്വഹണത്തിന് സ്വകാര്യ കുത്തകയെ ഏൽപ്പിച്ചത്. എന്നുമാത്രമല്ല, തുറമുഖവികസനത്തെക്കാൾ റിയൽ എസ്റ്റേറ്റ് ബിസിനസിന് പ്രാമുഖ്യം നൽകുന്ന കരാറിലാണ് സർക്കാർ ഒപ്പുവെച്ചിരിക്കുന്നത് - അദ്ദേഹം ചൂണ്ടിക്കാട്ടി.

പരിസ്ഥിതിക്കു നാശം വിതയ്ക്കുകയും പതിനായിരകണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങൾ ഇല്ലായ്മ ചെയ്യുന്നതും പൊതുഖജനാവ് കൊള്ളയടിക്കുന്നതുമായ ഈ പദ്ധതിയിൽ നിന്ന് സർക്കാർ പിന്മാറണമെന്ന് പാർട്ടി സംസ്ഥാന കമ്മിറ്റി അംഗീകരിച്ച പ്രമേയത്തിൽ പറഞ്ഞു.

## വിഴിഞ്ഞം പദ്ധതിക്കെതിരെ നിയമസഭാ മാർച്ച്




അഴിമതിയ്ക്കും വൻ പാരിസ്ഥിതിക നാശത്തിനും സാമ്പത്തിക ബാധ്യതയ്ക്കും കാരണമാകുന്നതും മത്സ്യത്തൊഴിലാളികളെ കുടിയിറക്കുന്നതുമായ വിഴിഞ്ഞം തുറമുഖ പദ്ധതിക്കെതിരെ തീരദേശ-പശ്ചിമഘട്ട സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നിയമസഭാ മാർച്ച് നടത്തി. ജോൺ പെരുവന്താനം ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം എസ്.രാജീവൻ, എം.ഷാജർഖാൻ, എ.ജെ.വിജയൻ, എസ്.ബാബുജി, എം.ജി.സന്തോഷ്കുമാർ, ആർ.അജയൻ, സ്വീറ്റ ദാസൻ, മുജീബ് അമീൻ, രാമചന്ദ്രൻ, ആന്റോ, ടി.എം.സത്യൻ എന്നിവർ സംസാരിച്ചു.

# പ്രത്യയശാസ്ത്ര-സംഘടനാ പ്രശ്നങ്ങളെപ്പറ്റി

(11-ാം പേജിൽ നിന്ന്)

തെയോ നിങ്ങൾ ബൂർഷ്വാ കാഴ്ചപ്പാടിനോ സംസ്കാരത്തിനോ ഇരയോ വശംവദനോ ആയിത്തീരുകയും, അത് യഥാസമയം കണ്ടെത്തി പരിഹരിക്കാതിരിക്കുകയും ചെയ്താൽ, അതിന്റെ ഫലം ആ നിസ്സാരവിഷയത്തിൽ ഒതുങ്ങി നിൽക്കുകയില്ല. ഒരു രോഗാണുവിനെപ്പോലെ അത് പടർന്നുപിടിക്കുകയും വർദ്ധിതശക്തിയോടെ മറ്റ് മണ്ഡലങ്ങളിലും നിങ്ങളുടെ കാഴ്ചപ്പാടിനെയും സംസ്കാരത്തെയും കടന്നാക്രമിക്കുകയും, നിങ്ങൾക്ക് അളവറ്റ ഹാനി വരുത്തിത്തീർക്കുകയും ചെയ്യും. അതിനാൽ നിസ്സാരമെന്ന് കരുതി ഒരു വീഴ്ചയെയും അവഗണിക്കാതിരിക്കുക. എന്തെന്നാൽ, നിസ്സാരമായത് ആത്യന്തികമായി ഗുരുതരമായി മാറാം. ഓരോ നിമിഷവും നാം ജാഗരൂകരായിരിക്കുകയും നമ്മുടെ സമരം സർവ്വാശ്ലേഷിയായിരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത അതാണ്. ഇക്കാര്യത്തിൽ സഖാവ് ശിബ്ദാസ്ഘോഷിന്റെ സുപ്രധാനമായ മുന്നറിയിപ്പ് നമുക്ക് അനുസ്മരിക്കാം. അദ്ദേഹം പറഞ്ഞു:

വ്യക്തിവാദവും അഹന്തയും ഏറ്റവും സൂക്ഷ്മമായ രൂപത്തിലാണെങ്കിൽപ്പോലും ഇങ്ങനെ നിലനിന്നാൽ, അത് ഒരു നാൾ രാഷ്ട്രീയഅവസരവാദത്തിനും സാഹസികതയ്ക്കും തിരുത്തൽവാദത്തിനും ജന്മം നൽകുമെന്ന കാര്യം സഖാക്കൾ പ്രത്യേകം ഓർക്കണം.

ഒരിക്കൽ പാർട്ടിക്ക് സേവനങ്ങൾ നൽകുകയും, പിൽക്കാലത്ത് ഈ പാഠങ്ങൾ അവഗണിച്ചതുമൂലം അധഃപതിച്ചുപോവുകയും ചെയ്ത ചില നേതാക്കളുണ്ടെന്ന് നമുക്കറിയാം. എപ്പോഴും സ്വയംവിമർശന മനോഭാവം വച്ചുപുലർത്താൻ സഖാവ് ഘോഷ് നമ്മെ പഠിപ്പിച്ചു; അതുപോലെതന്നെ നമ്മുടെ ഉറ്റവരുടെ കാര്യത്തിൽ വിമർശനാത്മകസമീപനം വച്ചുപുലർത്താനും. നാം അവരുടെ തെറ്റുകളെ ന്യായീകരിക്കുകയോ, പാർട്ടി അവരെ വിമർശിച്ചാൽ അതിൽ പരിഭവിക്കുകയോ ചെയ്യരുത്. ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമാണത്. സഖാവ് ശിബ്ദാസ് ഘോഷിന്റെ വാക്കുകൾ ഞാൻ വീണ്ടും ഓർമ്മിപ്പിക്കട്ടെ:

ഈ സമൂഹത്തിൽ ബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ഇടതടവില്ലാത്ത വർഗ്ഗസമരം നമ്മുടെ ചിന്താമണ്ഡലത്തെയും നീതിബോധത്തെയും സംസ്കാരത്തെയും നിരന്തരം സ്വാധീനിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർഗ്ഗസമരം സാമ്പത്തികമണ്ഡലത്തിലോ, തൊഴിലാളികൾ മുതലാളിമാർക്കെതിരെ നടത്തുന്ന സമരത്തിന്റെ മേഖലയിലോ ഒതുങ്ങി നിൽക്കുന്നില്ല. ആശയമണ്ഡലത്തിൽ അഥവാ മാനസികലോകത്തും അതിന്റെ തുല്യമായ സാന്നിദ്ധ്യമുണ്ട്. നിങ്ങൾ ഇഷ്ടപ്പെട്ടാലുമില്ലെങ്കിലും നിങ്ങളുടെ മനസ്സിൽ ആണ്ടിറങ്ങിയ നിലയിൽ അതുണ്ട്. ഈ സമരത്തിന്റെ ഒരുവശം ഉടമകളെ അഥവാ മുതലാളിമാരെ സംബന്ധിച്ചുള്ളതാണ്. മറുവശം തൊഴിലാളിവർഗ്ഗവുമായി ബന്ധപ്പെട്ടതും. തൽഫലമായി അത് ചിലപ്പോൾ നിങ്ങൾക്ക് മുതലാളിവർഗ്ഗത്തിന്റെ ഭാഗത്തേയ്ക്ക് ഒരു ചായ്‌വുണ്ടാക്കും; മറ്റുചിലപ്പോൾ തൊഴിലാളിവർഗ്ഗത്തിന്റെ ഭാഗത്തേയ്ക്കും. നമ്മുടെ സമൂഹത്തിൽ വർഗ്ഗസമരം വസ്തുനിഷ്ഠമായി നിലനിൽക്കുന്നതിങ്ങനെയാണ്. ബൂർഷ്വാസമൂഹത്തിൽ നിലനിൽക്കുന്ന ആശയങ്ങളും ധാരണകളും സ്വാഭാവികമായും നിങ്ങളുടെ മനസ്സിൽ സ്വാധീനമുണ്ടാക്കുന്നു. ഈ സാമൂഹ്യ ചുറ്റുപാടിന്റെ സ്വാധീനമണ്ഡലത്തിൽ നിന്ന് തികച്ചും അകന്നുമാറി നിൽക്കാൻ യാതൊരു നേതാവിനും പ്രവർത്തകനും കഴിയില്ല. അയാൾ എത്ര ഉയർന്ന സ്ഥാനത്തുള്ളയാളാണെങ്കിലും ശരി. അതിനാൽ നാം എപ്പോഴും ജാഗ്രത പുലർത്തണം. നമ്മുടെ മനസ്സിൽ ഓരോ നിമിഷവും രൂപം കൊള്ളുന്ന ചിന്തകളും ആശയങ്ങളും, നമ്മുടെ പെരുമാറ്റവും പ്രവർത്തനശൈലിയും, ജനങ്ങളുടെ വിപ്ലവലക്ഷ്യത്തിനും ജനങ്ങളുടെ അഭിലാഷത്തിനും അനുരോധമാണോ അല്ലയോ എന്ന് നിരന്തരം ആത്മപരിശോധന നടത്തണം. അദ്ദേഹം പറഞ്ഞു:

അവസാനശ്വാസം വരെയും ഞാൻ ഒരു വിപ്ലവകാരിയായിരുന്നുവെന്ന് സ്വയം തെളിയിക്കേണ്ടതുണ്ട്. നിരന്തരമായ ഒരു സമരമാണത്. അതിനാൽ, നമ്മെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ നിതാന്തജാഗ്രത പുലർത്തേണ്ടതാവശ്യമാണ്.

സഖാവ് ശിബ്ദാസ്ഘോഷ് മറ്റൊരു വിഷയവും ഉന്നയിക്കുകയുണ്ടായി. ഞങ്ങളുടെ രാഷ്ട്രീയജീവിതത്തിന്റെ ആദ്യകാലങ്ങളിൽ നമ്മുടെ നേതാക്കൾ അങ്ങേയറ്റം ബുദ്ധിമുട്ടും കഷ്ടപ്പാടും നിറഞ്ഞ സാഹചര്യത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. ഇപ്പോൾ പാർട്ടി വളർന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തികമായ സംഭാവനകളിലൂടെയും ജനങ്ങൾ നമ്മെ സഹായിക്കുന്നുണ്ട്. ചില സഖാക്കൾ ഉദ്യോഗം വഹിക്കുന്നവരാണ്. അവരും പാർട്ടിക്ക് സംഭാവന നൽകുന്നു. അതിനാൽ, ഭക്ഷണത്തിന്റെയും താമസത്തിന്റെയും പ്രശ്നം ഇന്ന് മുമ്പത്തേതുപോലെ വലിയൊരു പ്രശ്നമല്ല. പക്ഷെ, സുഖസൗകര്യങ്ങളോടുള്ള താല്പര്യം അഥവാ ആസക്തി ചില സഖാക്കൾക്കിടയിൽ ഒരു പ്രവണതയായി വളർന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠമിതാണ്:

ഒരാൾക്ക് ഒരു നല്ല വസ്ത്രമോ ആവശ്യത്തിന് ഒരു കാറോ ഏർപ്പാടാക്കാൻ പാർട്ടിക്ക് കഴിയുകയാണെങ്കിൽ, അയാൾക്ക് ഈവക കാര്യങ്ങളോട് പ്രത്യേകമായ ആഗ്രഹമുണ്ടാകരുത്. അയാൾ ഒരിക്കലും സുഖലോലുപതയ്ക്ക് ഇരയായിത്തീരരുത്. ആവശ്യമായി വന്നാൽ ഏതൊരു നിമിഷത്തിലും യാതൊരുപാധിയും കൂടാതെ ഇതെല്ലാം ഉപേക്ഷിക്കാൻ അയാൾക്ക് കഴിയണം. സുഖസൗകര്യങ്ങൾ കിട്ടിയില്ലെങ്കിൽ അതിനെച്ചൊല്ലി എന്തെങ്കിലും പരിഭവമോ പരാതിയോ ഉണ്ടാവുകയില്ല എന്നതുപോലെ തന്നെ, അവ ലഭിക്കുമ്പോൾ അവയോട് പ്രത്യേകിച്ചൊരു ആസക്തിയും അയാളിലുണ്ടാവുകയില്ല എന്നാണതിനർത്ഥം. അതാണ് ഇത്തരം വിഷയങ്ങളിലുള്ള ശരിയായ വിപ്ലവകരമായ സമീപനം, ശരിയായ നൈതികമായ കാഴ്ചപ്പാട്. ഒരു നേതാവ് ഇതിനെപ്പറ്റി ബോധവാനല്ലെങ്കിൽ എന്തു സംഭവിക്കും? സുഖസൗകര്യങ്ങളോടുള്ള എല്ലാത്തരം ആസക്തിയിൽ നിന്നും പരിപൂർണ്ണമായും മുക്തനാകാൻ അയാൾക്ക് കഴിയുന്നില്ലെങ്കിൽ, ഇത്തരം കാര്യങ്ങൾ തുടർച്ചയായി അനുഭവിക്കാൻ കഴിയുന്നതിലൂടെ ഒരുനാൾ അയാൾ അതിന് ഇരയായിത്തീർന്നെന്നുവരാം. അത് യഥാർത്ഥത്തിൽ ഒരു പ്രശ്നമാണ്. എത്രവലിയ അസൗകര്യങ്ങളുണ്ടായാലും ഒരു മുറുമുറുപ്പുമില്ലാതെ കഴിയാൻ ഒരിക്കൽ കഴിഞ്ഞിരുന്നുവെന്നതുകൊണ്ട് മാത്രം, അയാൾ ജീവിതാന്ത്യം വരെ എന്നും ആ നിലവാരം പുലർത്തും എന്ന് ഉറപ്പില്ല. അതിനാൽ വിപ്ലവകാരി തന്റെ തന്നെയുള്ളിൽ നിരന്തരമായ ഒരു സമരം നടത്തേണ്ടതുണ്ട്. വിപ്ലവകാരിയെന്ന നിലയിൽ തന്റെ നിലയെന്തെന്നത് സംബന്ധിച്ച് നിരന്തരമായ പരീക്ഷകൾ നടത്തുകയും, വിമർശനാത്മകമായ ആത്മപരിശോധന നടത്തുകയും വേണം. ചില നേതാക്കൾക്കിടയിലും സുഖഭോഗങ്ങളോടുള്ള ആസക്തി ഒരു പ്രവണതയെന്ന നിലയിൽ വളർന്നുവരുന്നതായി തന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന്, മറ്റൊരു പ്രസംഗത്തിൽ അദ്ദേഹം പറയുകയുണ്ടായി.

സഖാവ് ശിബ്ദാസ്ഘോഷിന്റെ വിപ്ലവചിന്തകളിൽ ആകൃഷ്ടരായി പ്രസന്നചിത്തരായ ധാരാളം വിദ്യാർത്ഥികളും യുവാക്കളും നമ്മുടെ പാർട്ടിയിൽ വന്നുചേർന്നുകൊണ്ടിരിക്കുന്നുവെന്നത് ആശാവഹമായ കാര്യമാണ്. എന്നാൽ, പ്രായമായ നേതാക്കൾ, മുതിർന്ന നേതാക്കൾ, ഒരു വിഷയം ചിന്തിക്കണം. നിങ്ങൾ കൗമാരക്കാരായിരുന്ന കാലത്ത് സമൂഹത്തിൽ മൂല്യങ്ങളുടേതായ കുറഞ്ഞൊരു സ്വാധീനം ഉണ്ടായിരുന്നു. കുറച്ച് ധാർമ്മികമൂല്യങ്ങളുള്ള അദ്ധ്യാപകരും രക്ഷിതാക്കളും മുതിർന്നവരും നമുക്കുണ്ടായിരുന്നു. അത് നമ്മെ വലിയൊരളവിൽ സഹായിക്കുകയും ചെയ്തു. എന്നാൽ ഇന്ന് ആ സാമൂഹ്യാന്തരീക്ഷം പരിപൂർണ്ണമായും അപ്രത്യക്ഷമായിരിക്കുന്നു. ഇന്നത്തെ ചുറ്റുപാട് വളരെയേറെ അധഃപതിച്ചതും മലീമസവും വിനാശകരവുമാണ്. ചില യുവസഖാക്കൾ ദുഷിച്ചതും ദോഷകരവുമായ കാര്യങ്ങളുടെ ഇരകളായിയെന്ന് വരാം. അതുകണ്ടിട്ട് മുതിർന്ന സഖാക്കൾ ദ്വേഷ്യപ്പെടുകയോ അവരെ കുറ്റപ്പെടുത്തുകയോ ചെയ്യരുത്. അവരെപ്പറ്റി കർക്കശമായ അഭിപ്രായപ്രകടനങ്ങൾ നടത്തരുത്. നിങ്ങളെ സ്വയം അവരുടെ സ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ട് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുക. വിവേകപൂർവ്വവും അവധാനതയോടെയും ക്ഷമാപൂർവ്വവും വൈഭവത്തോടെയും ശ്രദ്ധാപൂർവ്വവും സ്നേഹവായ്പോടെയും അവരെ സഹായിക്കുക. നീ വകയ്ക്കുകൊള്ളാത്തയാളാണ്, നിനക്ക് വിപ്ലവകാരിയാകാൻ സാധ്യമല്ല എന്നൊന്നും അവരോട് പറയാതിരിക്കുക. അത്തരം വാക്കുകൾ ഒരിക്കലും പ്രയോഗിക്കരുത്. സ്നേഹശീലയായ ഒരമ്മയെപ്പോലെ അവരോട് പെരുമാറുക. അമ്മ കുഞ്ഞിന്റെ ശരീരത്തിലെ ചെളി തുടച്ചുകളയുന്നതുപോലെ അവരിലെ മാലിന്യങ്ങൾ തുടച്ചുമാറ്റുക. രോഗം ബാധിച്ച കുഞ്ഞിനെ അമ്മ എങ്ങനെയാണ് പരിചരിക്കുന്നതെന്ന് നോക്കുക. അതിൽ നിന്ന് പാഠമുൾക്കൊള്ളുക. സമൂഹത്തിൽ ധാർമ്മികാപചയം സാർവ്വത്രികമായിരിക്കുകയും, യുവതലമുറ അതിന്റെ ഏറ്റവും വലിയ ഇരകളായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ എല്ലാംതികഞ്ഞ ആൺകുട്ടികളെയും പെൺകുട്ടികളെയും കിട്ടുമെന്ന് പ്രതീക്ഷിക്കാൻ എങ്ങനെ കഴിയും?

ചെറുപ്പക്കാരായ സഖാക്കൾക്ക് എപ്പോഴും ശ്രദ്ധ കൊടുക്കുക. മഹാനായ സ്റ്റാലിന്റെ വാക്കുകൾ ഞാൻ ഓർമ്മിപ്പിക്കട്ടെ. അദ്ദേഹം

(ശേഷം 12-ാം പേജിൽ)

## പെരിനാട് കലാപത്തിന്റെ ശതാബ്ദി ആചരണവും നവോത്ഥാന ശക്തി ചരിത്ര പ്രദർശനവും

അധഃസ്ഥിത സ്ത്രീകളുടെ പ്രാകൃതവേഷമായ കല്ലയും മാലയും ഉപേക്ഷിച്ച് മാന്യമായ വസ്ത്രം ധരിക്കാനുള്ള അവകാശത്തിനായി കൊല്ലം ജില്ലയിൽ അഞ്ചാലുംമൂടിനടുത്തുള്ള ചെറുമൂട് എന്ന സ്ഥലത്ത് 1915 ൽ നടത്തിയ പ്രക്ഷോഭണവും, അതിൽ പ്രകോപിതരായ സവർണ്ണയാഥാസ്ഥിതികർ അഴിച്ചുവിട്ട അക്രമണങ്ങളും മാസങ്ങൾ നീണ്ടുനിന്നിരുന്നു. പെരിനാട് കലാപം എന്നറിയപ്പെടുന്ന ഈ പ്രക്ഷോഭണത്തിന്റെ ശതാബ്ദി ആചരണം ഡിസംബർ 4, 5 തീയതികളിൽ അഞ്ചാലുംമൂട് പഞ്ചായത്ത് മൈതാനത്ത് നടന്നു.



അയ്യൻകാളിയും കേരള നവോത്ഥാനവും സെമിനാർ മുതിർന്ന പത്രപ്രവർത്തകൻ ബി.ആർ.പി.ഭാസ്കർ ഉദ്ഘാടനം ചെയ്യുന്നു

ഡിസംബർ 4-ാം തീയതി രാവിലെ നടന്ന 'നവോത്ഥാന ശക്തി ചരിത്രപ്രദർശനം' ഡോ.ബി.എ.രാജാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. അയ്യൻകാളിയും ശ്രീനാരായണ ഗുരുവും ഉൾപ്പെടെയുള്ള നവോത്ഥാന നായകന്മാർ നടത്തിയ അതികഠിനമായ പോരാട്ടങ്ങളും അന്നത്തെ അധഃസ്ഥിത ജനവിഭാഗം അനുഭവിച്ച പീഢനങ്ങളും യാതനകളും അടങ്ങിയ ശരിയായ ചരിത്രം പുതിയ തലമുറ പഠിക്കണം എന്നും അദ്ദേഹം ആവശ്യപ്പെട്ടു. ആചരണ സമിതി പ്രസിഡന്റ് എ. ജയിംസ് അദ്ധ്യക്ഷത വഹിച്ചു. റ്റിഡി.സദാശിവൻ, പിറവന്തൂർ ഗോപാലകൃഷ്ണൻ, ഇരവിപുരം ഭാസി, എസ്. രാഘവൻ, കൗൺസിലർ എം. എസ്. ഗോപകുമാർ, ജോർജ് സേവ്യർ, പി. സുരേന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

വൈകിട്ട് 6 മണിക്ക് നടന്ന 'അയ്യൻകാളിയും കേരള നവോത്ഥാനവും' എന്ന സെമിനാർ തലമുതിർന്ന പത്രപ്രവർത്തകൻ ബി. ആർ.പി. ഭാസ്ക്കർ ഉദ്ഘാടനം ചെയ്തു. 100 വർഷങ്ങൾക്ക് മുൻപ് ജനങ്ങളെ തിരിച്ചറിഞ്ഞിരുന്നത് അവരുടെ വേഷം, ഭാഷ, മുടി, ആഭരണം, ശരീരഭാഷ തുടങ്ങിയവ നോക്കിയായിരുന്നു. നവോത്ഥാനനായകന്മാർ നടത്തിയ പ്രക്ഷോഭങ്ങളുടെ ഫലമായിട്ടാണ് അവരെ മനുഷ്യരായി പരിഗണിക്കുന്ന അവസ്ഥ വന്നതും ജാതി അടയാളങ്ങൾ പ്രകടമായി ഇല്ലാതായതും. ഭൂപരിഷ്ക്കരണം കേരളത്തിൽ ഭൂരഹിതർക്ക് പ്രാധാന്യം കൊടുത്തല്ല നടത്തിയിട്ടുള്ളതെന്നും അതിനാൽ അധഃസ്ഥിത ജനവിഭാഗങ്ങൾ ഇപ്പോഴും ഭൂമിക്കുവേണ്ടി നീണ്ടുനിൽക്കുന്ന സമരങ്ങൾ നടത്തുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജനകീയ പ്രതിരോധസമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി. വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എൻ.കെ. ബിജു വിഷയാവതരണം നടത്തി. ഡി. സുകേശൻ, പെരുമ്പുഴ ഗോപാലകൃഷ്ണപിള്ള, ശശിധരൻ കുണ്ടറ, എസ്. രാജീവൻ, പി.പി. പ്രശാന്ത്കുമാർ, കെ. ശശാങ്കൻ, ബി. വിനോദ്, ബി. രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

ഡിസംബർ 5-ാം തീയതി നടന്ന 'കേരള നവോത്ഥാനവും അവശേഷിക്കുന്ന കർത്തവ്യങ്ങളും' എന്ന സെമിനാറിൽ ജി.എസ്. പത്മകുമാർ വിഷയാവതരണം നടത്തി. ശരിയായ ജനാധിപത്യവൽക്കരണവും മതേതര ശാസ്ത്രീയ സമീപനവും ബഹുജനങ്ങൾക്കിടയിൽ വളർത്തിയെടുക്കുവാൻ നവോത്ഥാന നായകരെ പഠിക്കുകയും ആ അടിത്തറയിൽ നിന്നുകൊണ്ട് സാമൂഹിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ശേഷിയുള്ളവരാകുകയുമാണ് ഇന്നത്തെ കർത്തവ്യം എന്ന് അദ്ദേഹം ഊന്നിപറഞ്ഞു. നവോത്ഥാന നായകന്മാർ ഒരു മതത്തിലും വിശ്വസിച്ചിരുന്നവരായിരുന്നില്ലെന്നും അവരെ പ്രത്യേക സമുദായത്തിന്റെ ആളുകളായി ചിത്രീകരിക്കുന്നത് അവസാനിപ്പിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോൺ അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ ഡോ.എൻ.ജയദേവൻ, ജോൺ ഫിലിപ്പ്, പി. രാമഭദ്രൻ, ശ്രീനി പട്ടത്താനം, കൈനകരി തങ്കരാജ്, എസ്.രാധാകൃഷ്ണൻ, ടിങ്കിൾ പ്രഭാകരൻ, ആർ. രാഹുൽ എന്നിവർ പ്രസംഗിച്ചു. ജി. ധ്രുവകുമാർ സ്വാഗതവും വി.ആന്റണി നന്ദിയും രേഖപ്പെടുത്തി. ഇരവിപുരം ഭാസി, കൃഷ്ണകുമാർ, അപ്സര ശശികുമാർ എന്നിവർ നവോത്ഥാന ചരിത്രത്തെക്കുറിച്ചുള്ള കവിതകൾ അവതരിപ്പിച്ചു.

# പ്രത്യയശാസ്ത്ര-സംഘടനാ പ്രശ്നങ്ങളെപ്പറ്റി

(11-ാം പേജിൽ നിന്ന്)

പറഞ്ഞു: ഒന്നാമതായി, കേഡർമാരെ പാർട്ടിയുടെ സ്വർണ്ണ കരുതൽധനമെന്ന നിലയിൽ വിലമതിക്കുകയും നിധിപോലെ സംരക്ഷിക്കുകയും ആദരിക്കുകയും ചെയ്യുക; രണ്ടാമതായി കേഡർമാരെ, അവരിൽ ഓരോരുത്തരുടെയും കഴിവുകളും പോരായ്മകളും ശ്രദ്ധാപൂർവ്വം പഠിച്ച്, ഏത് ചുമതല ഏല്പിച്ചാലാണ് ഒരു പ്രത്യേക കേഡറുടെ ശേഷികൾ വളർന്നുവരാൻ ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ളതെന്ന് മനസ്സിലാക്കി, കേഡർമാരെ അറിയുക; മൂന്നാമതായി, കേഡർമാരെ ശ്രദ്ധാപൂർവ്വം വളർത്തിക്കൊണ്ടുവരുക, സാദ്ധ്യതയുള്ള ഓരോ പ്രവർത്തകനെയും മുന്നേറാൻ സഹായിക്കുക, അത്തരം പ്രവർത്തകരെ ക്ഷമാപൂർവ്വം ശ്രദ്ധിക്കുന്നതിനായി സമയം മിനക്കെടുത്താൻ തയ്യാറാവുക, അവരുടെ വളർച്ചയെ ത്വരിതപ്പെടുത്തുക; നാലാമതായി, യുവാക്കളായ പുതിയ കേഡർമാർ അവരുടെ പഴയ പദവികളിലിരുന്ന് മുരടിക്കാതിരിക്കുന്നതിന് വേണ്ടി ധീരമായി അവർക്ക് യഥാസമയം സ്ഥാനക്കയറ്റം നൽകുക; അഞ്ചാമതായി, ഓരോ പ്രവർത്തകനും തനിക്ക് അനുയോജ്യമായ ചുമതലയാണ് ലഭിച്ചിരിക്കുന്നതെന്ന് അനുഭവപ്പെടുകയും, നമ്മുടെ പൊതുലക്ഷ്യത്തിന് വേണ്ടി കഴിവിന്റെ പരമാവധി സംഭാവന നൽകാൻ വേണ്ട പ്രചോദനം ലഭിക്കുയും ചെയ്യുമാറ് പ്രവർത്തകർക്ക് ഉചിതമായ ചുമതലകൾ നൽകുക... സ്റ്റാലിന്റെ ഈ വിലപ്പെട്ട മാർഗ്ഗനിർദ്ദേശം നാം എപ്പോഴും ഓർക്കണം. ദ്വേഷ്യപ്പെട്ട് ഒരു സഖാവിനെയും അയാളുടെ നിലവാരം പരിഗണിക്കാതെ വിമർശിക്കരുത്. സഖാവ് ശിബ്ദാസ്ഘോഷ് തന്റെ സ്വന്തം ഉദാഹരണത്തിലൂടെ ചൂണ്ടിക്കാട്ടിയിട്ടുള്ള കാര്യമാണിത്. സഖാക്കൾ നിഹാർ മുഖർജി, സച്ചിൻ ബാനർജി, സുബോധ് ബാനർജി, പ്രതീഷ്ചന്ദ, ഹിരൺ സർക്കാർ തുടങ്ങിയ മുതിർന്ന നേതാക്കളെ, അവരുടെ നിസ്സാരമായ വീഴ്ചകളുടെ പേരിൽപ്പോലും അദ്ദേഹം കഠിനമായി വിമർശിച്ചിരുന്നു. എന്തെന്നാൽ, അവർ പാർട്ടിയുടെ നെടുംതൂണുകളായിരുന്നതിനാൽ, അവരുടെ നിസ്സാരമായ തെറ്റുകൾ പോലും പാർട്ടിക്ക് വലിയ ദോഷം വരുത്തിവയ്ക്കുമായിരുന്നു. എന്നുമല്ല, തങ്ങളെ രൂക്ഷമായി വിമർശിക്കുന്നതിലൂടെ സഖാവ് ഘോഷ് തങ്ങളെ കൂടുതൽ ഉയർന്ന നിലവാരമാർജ്ജിക്കാൻ സഹായിക്കുകയാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ അവർക്ക് കഴിയുമായിരുന്നു. എന്നാൽ, സാധാരണ സഖാക്കൾ ഗുരുതരമായ തെറ്റുകൾ വരുത്തിയാലും താൻ അവരെ വിമർശിക്കുമായിരുന്നില്ല എന്നദ്ദേഹം പറഞ്ഞിരുന്നു. അദ്ദേഹം അളവറ്റ ക്ഷമയോടെ അവരെ സഹായിക്കുകയാണ് ചെയ്തിരുന്നത്. കാരണം, അദ്ദേഹം ദ്വേഷ്യപ്പെട്ട് എന്തെങ്കിലും അഭിപ്രായപ്രകടനം നടത്തിയാൽ, ആ സഖാക്കൾക്ക് സത്യം വെളിപ്പെട്ട് കിട്ടുമായിരുന്നില്ല. എന്തെന്നാൽ, നിലവാരത്തിലുള്ള അവരുടെ പിന്നോക്കാവസ്ഥ മൂലം അവർ അദ്ദേഹത്തെ തെറ്റിദ്ധരിക്കുമായിരുന്നു. സഖാവ് ശിബ്ദാസ് ഘോഷിനെപ്പോലെ മഹാനായ ഒരു നേതാവാണ് ഇത് പറഞ്ഞതെന്നോർക്കുക.

അദ്ദേഹം എല്ലാ സഖാക്കളെയും, പുതിയ സഖാക്കളെപ്പോലും, വിലമതിച്ചിരുന്നു. സ്നേഹസമ്പന്നനായ ഒരു പിതാവിനെപ്പോലെ അദ്ദേഹം അവരെ ശ്രദ്ധിച്ചിരുന്നു. അതിനാൽ ചെറുപ്പക്കാരായ സഖാക്കളുമായി ഇടപെടുമ്പോൾ നാം വളരെ ശ്രദ്ധപുലർത്തണം. ഞാൻ എന്റെ തന്നെ ഉദാഹരണം പറയട്ടെ. ഞാൻ പാർട്ടിയിൽ കേവലം ഒരു തുടക്കക്കാരനായിരുന്ന സമയം. അന്ന് ഒരു ബന്ധുവിന്റെ വീട്ടിൽ താമസിച്ചിരുന്ന ഞാൻ പാർട്ടിയുടെ ഒരു പുതിയ സെന്ററിൽ ഇടയ്ക്കിടെ സന്ദർശിക്കുക പതിവായിരുന്നു. സെന്റർ ജീവിതത്തോട് കൗതുകവും ആകർഷണവും സെന്റർ ജീവിതം സ്വീകരിക്കണമെന്ന താല്പര്യവും അന്നുണ്ടായിരുന്നു. ഒരു ദിവസം സെന്ററിലെ രണ്ട് സഖാക്കൾ ദ്വേഷ്യപ്പെട്ട് പരസ്പരം മോശപ്പെട്ട ഭാഷയിൽ സംസാരിക്കുന്നത് ഞാൻ കേൾക്കാനിടയായി. പാർട്ടിയിൽ പുതിയ ആളും പക്വതയില്ലാത്തയാളുമായിരുന്ന എന്നെ അത് ഞെട്ടിച്ചു. അന്ന് രാത്രി ഞാൻ സഖാവ് ഘോഷിന് ഒരു കത്തെഴുതി. ഞാൻ പാർട്ടിയിൽ പ്രവർത്തിക്കാൻ സന്നദ്ധനാണെങ്കിലും സെന്ററിൽ താമസിക്കുകയില്ലെന്ന് ആ കത്തിൽ പറഞ്ഞിരുന്നു. സഖാവ് ഘോഷ്, ഞാൻ ഉടൻ തന്നെ അദ്ദേഹത്തെ കാണണമെന്ന സന്ദേശവുമായി ഒരു സീനിയർ സഖാവായ സ.കലിക മുഖർജിയെ എന്നെ തിരഞ്ഞുകണ്ടുപിടിക്കാനായി അയച്ചു. ഞാൻ സഖാവ് ഘോഷിനെ കാണാനെത്തിയപ്പോൾ, അന്ന് രാവിലെ മുതൽ വൈകിട്ട് വരെ അദ്ദേഹം ഭക്ഷണമൊന്നും കഴിച്ചിട്ടില്ലെന്നും, ആകാംക്ഷയോടെ എന്നെ കാത്തിരിക്കുകയായിരുന്നുവെന്നും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഒന്നാലോചിച്ചുനോക്കൂ! അദ്ദേഹം എന്നോട് സംസാരിച്ചു, എന്നെ ബോദ്ധ്യപ്പെടുത്തി, തുടർന്ന് ഞങ്ങൾ ഒന്നിച്ച് ഭക്ഷണം കഴിച്ചു. അദ്ദേഹത്തിന്റെ ആ സ്നേഹം എനിക്ക് മറക്കാൻ സാധിക്കുമോ? നാം നമ്മുടെ ജൂനിയർ സഖാക്കളുമായി ഇടപെടുമ്പോൾ അങ്ങനെ ശ്രദ്ധ പാലിക്കണം. പുറകിലിരിക്കുന്ന ഒരു ജൂനിയർ സഖാവ്, വേണ്ട സഹായം ലഭിച്ചാൽ, ഒരുനാൾ പാർട്ടിയുടെ കരുത്തുറ്റ നേതാവായിത്തീരുകയില്ല എന്ന് ആർക്ക് പറയാൻ കഴിയും? ഞങ്ങൾ ആദ്യനാളുകളിൽ എങ്ങനെയായിരുന്നു? സഖാവ് ഘോഷ് ഞങ്ങളെ വളർന്നുവരാൻ സഹായിച്ചു. നേതാക്കളെന്ന നിലയിൽ നാം ജൂനിയർ സഖാക്കൾക്ക് വഴികാട്ടേണ്ടവരാണ്. നിരന്തരം കുറ്റങ്ങൾ ചൂണ്ടിക്കാട്ടി വിമർശിക്കുകയും പ്രവർത്തനങ്ങളിൽ ഇടങ്കോലിടുകയും ചെയ്തുകൊണ്ട് അവരുടെ വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കുകയും, അവരുടെ മുൻകൈയെ കെടുത്തുകയും ചെയ്യുന്ന തരത്തിലാകരുത് മാർഗ്ഗനിർദ്ദേശം. ശരിയായ മാർഗ്ഗനിർദ്ദേശത്തിനർത്ഥം അവർക്ക് സ്വന്തം ചിന്താശക്തിയുപയോഗിച്ച് പദ്ധതികൾ ആവിഷ്കരിക്കാനും, പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും, പരിപാടികൾ നടപ്പിൽവരുത്താനും വേണ്ട സഹായവും പ്രോത്സാഹനവും നൽകുക എന്നാണ്. തെറ്റുകൾ വരുത്താൻ അവരെ അനുവദിക്കുക; എന്തെന്നാൽ ആ തെറ്റുകളിൽ നിന്ന് അവർക്ക് പഠിക്കാൻ കഴിയും. പക്ഷെ, ഈ പ്രക്രിയയിൽ അവരെ സഹായിക്കുന്നതിനുവേണ്ടി ശ്രദ്ധയും പരിശോധനയും തീർച്ചയായും ഉണ്ടാകണം. നടക്കാൻ തുടങ്ങുന്ന ചെറിയ കുട്ടിയെ വീടുകളിലെ മുതിർന്നവർ എങ്ങനെയാണ് ശ്രദ്ധിക്കുന്നത്? കുട്ടി ഇഴഞ്ഞും, എണീറ്റ് നിൽക്കാൻ ശ്രമിച്ചും, മറിഞ്ഞുവീണും, വീണ്ടും എണീറ്റും, ഒടുവിൽ നടക്കാൻ തുടങ്ങുമ്പോൾ, മുതിർന്നവർ എല്ലായ്പ്പോഴും ശ്രദ്ധപുലർത്തും, പക്ഷെ, വലിയ അപകടത്തിലേയ്ക്ക് പോവുകയാണെന്ന് കാണുമ്പോൾ മാത്രമേ ഇടപെടുകയുള്ളൂ. പാർട്ടിയിലെ മുതിർന്നവരും ജൂനിയർ സഖാക്കളെ ഇപ്രകാരം ശ്രദ്ധിക്കണം. പരിപാടികളോ ചുമതലകളോ കൊടുക്കുമ്പോൾ അതിന്റെ രാഷ്ട്രീയപ്രാധാന്യം സഖാക്കൾക്ക് ബോദ്ധ്യപ്പെടുന്ന തരത്തിൽ വിശദീകരിച്ചുകൊടുക്കുകയും, അതിന്റെ നടത്തിപ്പിൽ അവരെ വൈകാരികമായി പങ്കാളികളാക്കുകയും വേണം.

സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സഖാവ് പൊടുന്നനെ നിഷ്ക്രിയനാവുകയില്ല. ഇവിടെയും അളവിലുള്ള മാറ്റത്തിൽ നിന്ന് ഗുണപരമായ മാറ്റത്തിലേയ്ക്ക് എന്ന നിയമം സാവകാശവും ക്രമേണയും പ്രവർത്തിക്കുന്നു. ചിലപ്പോൾ അബോധപൂർവ്വം പോലും ഒരു സഖാവ് ചില പ്രശ്നങ്ങളിൽ കെട്ടുപിണഞ്ഞുപോകാം. ഇവിടെ നേതൃത്വത്തിന്റെ ശ്രദ്ധ എന്നതിനർത്ഥം ഹാനികരമായ ഈ സംഭവവികാസത്തെ തുടക്കത്തിലേ കാണുകയും, ആ സഖാവ് തികച്ചും നിഷ്ക്രിയമായ ഒരവസ്ഥയിലേയ്ക്ക് പോകുന്ന നിർണ്ണായകമായ ദശാസന്ധിയിൽ കാര്യങ്ങൾ ചെന്നെത്തുന്നതിന് മുമ്പ് ആന്തരികവും ബാഹ്യവുമായ വൈരുദ്ധ്യങ്ങളെ കൈകാര്യം ചെയ്യുകയും ചെയ്യുക എന്നാണ്. ഒരു പ്രവർത്തകന് തനിക്ക് തോന്നിയപടി പ്രവർത്തിക്കാൻ വിടുകയും, പ്രവർത്തനങ്ങൾക്ക് നിയന്ത്രണമോ, പരിശോധനയോ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായാൽ, നല്ലൊരു പ്രവർത്തകൻ പോലും അധഃപതിക്കാൻ തുടങ്ങുന്നുവെന്ന സ്റ്റാലിന്റെ മുന്നറിയിപ്പ് എപ്പോഴും ഓർക്കുക.

മറ്റൊരു പ്രധാനകാര്യം: നാം പലപ്പോഴും വ്യക്തിപരമായ അഭിപ്രായങ്ങളുണ്ടാക്കുകയും അക്കാര്യത്തിൽ നേതൃത്വത്തിന്റെ കാഴ്ചപ്പാടെന്തെന്ന് അന്വേഷിക്കാതെ ആ അഭിപ്രായങ്ങൾ നമ്മുടെയിടയിൽ കൈമാറുകയും ചെയ്യാറുണ്ട്. സഖാവ് ഘോഷ് ഈ സമീപനത്തെ വിമർശിച്ചിരുന്നു. പെരുമാറ്റച്ചട്ട ത്തിൽ അത് കാണാം. അദ്ദേഹത്തെപ്പോലൊരു മഹാൻ ഒരിക്കലും തോന്നലുകളെ അങ്ങനെയെടുത്തിരുന്നില്ല. അദ്ദേഹം പറഞ്ഞു: ഞാൻ സ്വയം എങ്ങനെയാണ് പ്രവർത്തിക്കുന്നത്? ചിലപ്പോൾ ഞാൻ നേതാക്കളെപ്പറ്റി സഖാക്കളുടെ സദസ്സിൽ പരസ്യമായും തുറന്നടിച്ചും ചർച്ച ചെയ്യാറുണ്ട്... അത് രണ്ട് തരത്തിൽ സഹായകരമാണ്. ഒന്നാമതായി, എന്റെ ധാരണ എല്ലാവരുടെയും മുന്നിലാണ് അവതരിപ്പിച്ചിരിക്കുന്നതെന്നതിനാൽ, അതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ തിരുത്താൻ എനിക്ക് സാധിക്കും.

രണ്ടാമതായി, സമാനമായ പോരായ്മകൾ മറ്റ് സഖാക്കൾക്കുണ്ടെങ്കിൽ അവർക്കും അത് ഈ വിധത്തിൽ പരിഹരിക്കാൻ കഴിയും.

അതേ പുസ്തകത്തിൽത്തന്നെ അദ്ദേഹം പറയുന്നു. ഒന്നാമതായി, വിമർശനം ഉന്നയിക്കുന്നയാളെ സംബന്ധിച്ചിടത്തോളം, തന്റെ അഭിപ്രായത്തിൽ തെറ്റുണ്ടെങ്കിൽ- അതിനെപ്പറ്റി അയാൾ അറിഞ്ഞിരുന്നില്ല എന്നുവരാം - വിമർശനപ്രക്രിയയിലൂടെ സ്വയം തിരുത്താൻ തനിക്ക് കഴിയണം എന്നതായിരിക്കണം ഉദ്ദേശ്യം . അതിനാൽ, വ്യക്തിപരമായി നിഗമനങ്ങളുണ്ടാക്കാതിരിക്കുക, ഒരാശയം മനസ്സിലുദിച്ചാൽ, തിരക്കിട്ട് വ്യക്തിപരമായി നിഗമനത്തിലെത്തരുത്. ഒരു കമ്മിറ്റിയിലോ മുതിർന്ന നേതൃത്വത്തിന് മുന്നിലോ വിഷയം അവതരിപ്പിച്ച്, ചർച്ചയുടെ അടിസ്ഥാനത്തിലുണ്ടാകുന്ന തീരുമാനം അംഗീകരിക്കുക. മറ്റ് വ്യക്തികളെയോ, പ്രതിഭാസങ്ങളെയോ വിലയിരുത്താൻ ഞാൻ പ്രയോഗിക്കുന്ന എന്റെ മനസ്സ് സമൂഹത്തിന്റെ സൃഷ്ടിയാണെന്ന കാര്യം മറക്കരുത്. അതിന് വർഗ്ഗ സ്വഭാവവും വർഗ്ഗവീക്ഷണവുമുണ്ട്. മഹാനായ ദ്വന്ദ്വവാദ ചിന്തകൻ സഖാവ് ശിബ്ദാസ്ഘോഷ് മറ്റുള്ളവരെ വിലയിരുത്തുമ്പോൾ എന്തുമാത്രം കരുതലെടുത്തിരുന്നുവെന്ന് നിങ്ങൾ കണ്ടു. ഒരു അഭിപ്രായം രൂപീകരിക്കുന്ന അവസരത്തിൽ പലപ്പോഴും നാം വ്യക്തിബന്ധങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, വ്യക്തിപരമായ പ്രതികരണങ്ങൾ, മുൻവിധി, നീരസം തുടങ്ങിയവയാൽ സ്വാധീനിക്കപ്പെടുവാനിടയുണ്ടെന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളതായി കാണാം. അതിനാൽ ഒരു കമ്മിറ്റിയിലോ, ഉചിതമായ നേതൃത്വത്തിനുമുന്നിലോ അവതരിപ്പിച്ച് പരിശോധിക്കാതെ ഒരു അഭിപ്രായത്തിലും അന്തിമ നിഗമനത്തിലെത്തരുത്. നാം സ്വന്തം പോരായ്മകളും പരിമിതികളും എന്തെന്ന് കണ്ടെത്തുന്നതിന് വേണ്ടിയുള്ള വിമർശനാത്മകമായ പരിശോധനയ്ക്കുവേണ്ടി എപ്പോഴും സ്വയംവിമർശനപരമായ മനോഭാവം പലുർത്തണമെന്നും, എങ്കിൽ മാത്രമേ നമുക്ക് കൂടുതൽ കൂടുതൽ മുന്നേറാൻ കഴിയുകയുള്ളൂ എന്നുമുള്ള സഖാവ് ശിബ്ദാസ്ഘോഷിന്റെ അമൂല്യമായ പാഠം നമ്മിൽ ഏവർക്കും, അല്ലെങ്കിൽ മിക്കവർക്കും, അറിയാവുന്നതാണ്. മറ്റുള്ളവരിൽനിന്നുള്ള വിമർശനങ്ങളെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യാനും സ്വീകരിക്കാനും അദ്ദേഹം നമ്മെ പഠിപ്പിച്ചത് അതുകൊണ്ടാണ്. നാം മറ്റുള്ളവരെ, സീനിയർ സഖാക്കളെയും ജൂനിയർ സഖാക്കളെയും എന്നല്ല സാധാരണ ആളുകളെപ്പോലും, നോക്കേണ്ടത് അവരിൽനിന്ന് പഠിക്കുക എന്ന ഉദ്ദേശ്യത്തോടെയാകണം. അല്ലാതെ അവരുടെ കുറ്റം കണ്ടുപിടിക്കാനാകരുത്.

നിങ്ങളെ മടികൂടാതെയും നിർഭയമായും വിമർശിക്കാൻ ജൂനിയർ സഖാക്കളെ പ്രോത്സാഹിപ്പിക്കുകയും, അവരത് ചെയ്യുമ്പോൾ അഭിനന്ദിക്കുകയും ചെയ്യുക. അവർക്ക് അത് സാധിക്കുമെങ്കിൽ അത് നിങ്ങളോടുള്ള ബഹുമാനത്തിന്റെ പ്രകാശനമായിരിക്കും. എന്തെന്നാൽ അവർക്ക് നിങ്ങളെപ്പറ്റി ആശങ്കയോ നിങ്ങളെ ഭയമോ ഇല്ല എന്നാണത് കാണി

(ശേഷം12-ാം പേജിൽ)

## മാൻഹോളിലെ തൊഴിലാളികളുടെ മരണം: കൊലക്കുറ്റത്തിന് കേസ്സെടുക്കുക

- എഐയുറ്റിയുസി

മാൻഹോളിലെ വിഷവായു ശ്വസിച്ച് മൂന്നു തൊഴിലാഴിലാളികൾ ദാരുണമായി മരിക്കാനിടയായത് മുഖ്യതൊഴിലുടമകളായ കോർപ്പറേഷനും ജല അതോറിറ്റിയും ഉൾപ്പെടെയുള്ളവരുടെ കുറ്റകരമായ അനാസ്ഥകൊണ്ട് സംഭവിച്ചതാകയാൽ, മുഴുവൻ കുറ്റക്കാർക്കുമെതിരെ കൊലക്കുറ്റത്തിന് കേസ്സെടുക്കണമെന്നും തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ ആവശ്യപ്പെട്ടു. കോർപ്പറേഷന് യാതൊരു ഉത്തരവാദിത്വവുമില്ലെന്ന് പറഞ്ഞ് കയ്യൊഴിഞ്ഞ കോഴിക്കോട് മേയറുടെ നടപടി തികച്ചും അപലപനീയമാണ്. കുറ്റം കരാറുകാരുടെ തലയിൽ മാത്രം വച്ചുകൊണ്ട് ഒഴിഞ്ഞുമാറാൻ മുഖ്യ തൊഴിലുടമയായ (പ്രിൻസിപ്പൽ എംപ്ലോയർ) കോർപ്പറേഷനു കഴിയില്ല. യാതൊരു സുരക്ഷാ സംവിധാനമോ മുന്നൊരുക്കമോ കൂടാതെ തൊഴിലാളികളെ മാൻ ഹോളിലേക്കിറക്കിയത് കൊലയ്ക്ക് കൊടുക്കുന്നതിന് തുല്യമാണ്.

മാൻ ഹോളിലകപ്പെട്ട തൊഴിലാളികളെ രക്ഷപ്പെടുത്തുവാൻ നടത്തിയ ധീരകർമ്മത്തിനിടയിൽ മൃത്യുവരിച്ച ഓട്ടോറിക്ഷാ തൊഴിലാളി നൗഷാദ് മനുഷ്യസ്നേഹത്തിന്റെ ഉത്തമ മാതൃകക്കുടമയായിരിക്കുന്നുവെന്നും പ്രസ്താവനയിൽ പറഞ്ഞു.



കോഴിക്കോട് നടന്ന പ്രതിഷേധ യോഗത്തിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ പ്രസംഗിക്കുന്നു

# പ്രത്യയശാസ്ത്ര-സംഘടനാ പ്രശ്നങ്ങളെപ്പറ്റി

(12-ാം പേജിൽ നിന്ന്)

ക്കുന്നത്. അവരുടെ അഭിപ്രായം തെറ്റാണെങ്കിൽപ്പോലും സ്വതന്ത്രമായും നിർഭയമായും അത് അവതരിപ്പിക്കാൻ അനുവദിക്കുകയും അതിനുശേഷം അവരെ തിരുത്തുകയും ചെയ്യുക. ഒരു സഖാവ് എന്നെ തെറ്റായി വിമർശിക്കുകയോ എന്നോട് മോശമായി പെരുമാറുകയോ എന്റെ പിന്നിൽ നിന്ന് മോശപ്പെട്ട അഭിപ്രായപ്രകടനം നടത്തുകയോ ചെയ്തുവെന്ന് വരാം. ആ സഖാവിനോടുള്ള എന്റെ സമീപനം എന്തായിരിക്കണം. ദേഷ്യപ്പെടുകയും പ്രത്യാക്രമണം നടത്തുകയും ചെയ്യണമോ? ഞാൻ ഒരിക്കൽപ്പോലും തെറ്റു ചെയ്തിട്ടില്ലെന്നും ആരോടും മോശമായി പെരുമാറിയിട്ടില്ലെന്നും എനിക്ക് അവകാശപ്പെടാൻ കഴിയുമോ? അപ്പോൾപ്പിന്നെ എനിക്ക് ശത്രുതയും പ്രതികാര മനോഭാവവും ഉണ്ടാകേണ്ട കാര്യമെന്ത്? നമ്മുടെ പാർട്ടി പോലെ ഒരു വലിയ കുടുംബത്തിൽ ഇത്തരം തെറ്റുകൾ സംഭവിക്കുക സ്വാഭാവികമാണെന്ന് മനസ്സിലാക്കണം. സഖാക്കളുടെ നിലവാരത്തിലുള്ള അന്തരംമൂലം ഇങ്ങനെ സംഭവിക്കാം. അന്യവർഗ്ഗ സംസ്കാരം സഖാക്കളെ ബാധിക്കുന്നതിന്റെ ഫലമായും ഇങ്ങനെ സംഭവിക്കാം. അതിനാൽ, പരിഭവം തോന്നുന്നതിന് പകരം എനിക്ക് തോന്നേണ്ടത് തെറ്റ് ചെയ്ത സഖാവിനെച്ചൊല്ലിയുള്ള ഉത്കണ്ഠയും ദുഃഖവുമാണ്. എന്തെന്നാൽ ആ തെറ്റായ ശൈലി തുടർന്നാൽ അത് അയാളുടെ വളർച്ചയ്ക്ക് ഹാനി വരുത്തും. അതിനാൽ, സഹാനുഭൂതിയോടുകൂടിയും നേതൃത്വത്തിന്റെ സഹായത്തോടെയും അയാളെ തെറ്റു തിരുത്താൻ സഹായിക്കുകയാണ് ഞാൻ ചെയ്യേണ്ടത്. ഈ വിഷയത്തിലുള്ള ബൂർഷ്വാ സമീപനവും തൊഴിലാളിവർഗ്ഗ സമീപനവും തമ്മിലുള്ള വ്യത്യാസം ഇവിടെയാണ് കുടികൊള്ളുന്നത്. പരിഭവം, നീരസം, ദേഷ്യം, പ്രതികാരമനോഭാവം തുടങ്ങിയവയിൽ നിന്നുകൊണ്ട് ആരും വിമർശിക്കരുത്. അത് നൈതികമല്ല. ഞാൻ സ്വയംവിമർശന മനോഭാവം പുലർത്തുകയും ഏതൊരാളിൽ നിന്നുമുള്ള വിമർശനം സ്വീകരിക്കാൻ സന്നദ്ധനായിരിക്കുകയും എന്റെ വിമർശനത്തിന് വിധേയനാകുന്ന സഖാവിനോട് സ്നേഹവും ആദരവും പുലർത്തുകയും ചെയ്യാത്തിടത്തോളം എനിക്ക് ആ സഖാവിനെ വിമർശിക്കാൻ ധാർമ്മികാവകാശമില്ല. വിമർശനത്തിന്റെ ഒരേ ഒരു ലക്ഷ്യം തെറ്റുവരുത്തിയ സഖാവിനെ തിരുത്തുക എന്നതായിരിക്കണം. അയാളെ ഒരു രോഗിയെപ്പോലെ കണ്ട് രോഗം പരിഹരിക്കുക എന്നതായിരിക്കണം. അതിന് യോജിച്ച രൂപമാണ് വിമർശനത്തിന്റെ ശരിയായ രൂപം. തെറ്റ് വരുത്തുക എന്നത് മനുഷ്യസഹജമാണ്. നമ്മളാരും അതിന് അതീതരല്ല. അതിനാൽ ഒരാൾ തെറ്റ് വരുത്തിയാൽ അയാളോട് ശത്രുത തോന്നേണ്ട കാര്യമെന്താണ്? ഏതെങ്കിലും സഖാവ് എന്നോട് മോശമായി പെരുമാറിയാൽ ഞാൻ അപമാനിതനായതായും ഇടിച്ചുതാഴ്ത്തപ്പെട്ടതായും തോന്നേണ്ട ഒരു കാര്യവുമില്ല. എന്തെന്നാൽ എന്നെ ഇടിച്ചുതാഴ്ത്താനും അപമാനിക്കാനും എനിക്ക് മാത്രമേ സാധിക്കൂ - എന്റെ മോശം പ്രവൃത്തിയിലൂടെ. മറ്റുള്ളവരുടെ ആന്തരികവും ബാഹ്യവുമായ വൈരുദ്ധ്യങ്ങൾ നിരീക്ഷിക്കുക; ആ വൈരുദ്ധ്യങ്ങളിലെ ക്രിയാത്മകവും നിഷേധാത്മകവുമായ വശങ്ങൾ ഏതെന്നും നിരീക്ഷിക്കുക; മാറ്റത്തിന്റെ പ്രക്രിയയിൽ ഒരു നിശ്ചിത സന്ദർഭത്തിൽ അയാളുടെ വളർച്ചയെ സ്വാധീനിക്കുന്നത് അതിൽ ഏത് വശമാണെന്ന് മനസ്സിലാക്കി അതിനനുസരിച്ച് പ്രവർത്തിക്കുക. മാർക്സിസം പഠിപ്പിക്കുന്നത് ആർക്കും നിശ്ചലമായിരിക്കാൻ സാധിക്കുകയില്ല എന്നാണ്. മുന്നോട്ടോ, പിന്നോട്ടോ ഉള്ള ചലനം ഉണ്ടാവുകതന്നെ ചെയ്യും. എപ്പോഴും അളവിലുള്ള മാറ്റം ഗുണപരമായ മാറ്റത്തിലേക്ക് നയിക്കുകയും ചെയ്യും. ക്രിയാത്മകമായ വളർച്ചയുടെ പ്രക്രിയയെ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി നിഷേധാത്മകവശങ്ങളെ പരാജയപ്പെടുത്തുന്നതിനായി ബാഹ്യമായി പ്രവർത്തിക്കുകയെന്നതാണ് നേതാക്കൾ ചെയ്യേണ്ടത്. നിരന്തരമായ ഒരു പ്രക്രിയയാണത്.

വിപ്ലവകാരികളെന്ന നിലയിൽ നാം ജനങ്ങളുമായി ഇഴുകിച്ചേർന്നുള്ള ജീവിതത്തെ നമ്മുടെ ജീവിതശൈലിയായി കാണണം. സ്ഥിരമായി കൈക്കൊള്ളേണ്ട കേവലമൊരു പരിപാടിയായി അതിനെ കണ്ടാൽപ്പോരാ. എന്തുകൊണ്ടാണ് നാം വിപ്ലവപ്രസ്ഥാനത്തിൽ സ്വമേധയാ വന്നുചേർന്നത്. ഒന്നാമതായി, മർദ്ദിതരായ ജനങ്ങളോടുള്ള അഗാധമായ സ്നേഹം മൂലം, നാം ചൂഷണം അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നു. സഖാവ് ഘോഷ് പറഞ്ഞതുപോലെ വിപ്ലവരാഷ്ട്രീയം ഉദാത്തമായ മനുഷ്യത്വമാണ്. രണ്ടാമതായി, നാം അന്തസ്സുള്ളതും നൈതികവുമായ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നു. വിപ്ലവജീവിതത്തിന് മാത്രമേ അത് പ്രദാനം ചെയ്യാൻ കഴിയുകയുള്ളൂ. മൂന്നാമതായി, നാം സ്വാതന്ത്ര്യം കാംക്ഷിക്കുന്നു. ആവശ്യകതയുടെ അംഗീകാരമാണ് സ്വാതന്ത്ര്യം എന്നതിനാൽ നാം യഥാർത്ഥ സ്വാതന്ത്ര്യം കൈവരിക്കുന്നതിനുവേണ്ടി, സാമൂഹ്യ വിപ്ലവത്തിന്റെ ആവശ്യകത അംഗീകരിച്ച് വിപ്ലവപ്രസ്ഥാനത്തിൽ സ്വമേധയാ വന്നുചേർന്നിരിക്കുന്നു. എന്നാൽ, നമുക്ക് ജനങ്ങളുമായി ബന്ധമില്ലെങ്കിൽ, നാം അവരുടെ പ്രശ്നങ്ങളും യാതനകളും വേദനയും കണ്ണീരും നെടുവീർപ്പും അറിയാതിരിക്കുകയാണെങ്കിൽ ആത്യന്തികമായി, ഉദാത്തമായ മനുഷ്യത്വം ആർജ്ജിക്കാനുള്ള നമ്മുടെ സമരം വറ്റിവരണ്ടുപോകാൻ അത് ഇടവരുത്തും. നാം വേരില്ലാത്തവരാകും. നമ്മുടെ വിപ്ലവഭാഷണങ്ങളെല്ലാം നിർജ്ജീവമായ പൊള്ള വാക്കുകളായി മാറും.

മഹാനായ മാവോ സെതുങ് പറഞ്ഞു: ആദ്യം വിദ്യാർത്ഥികളാകുക, എങ്കിൽ മാത്രമേ നിങ്ങൾക്ക് അദ്ധ്യാപകരാകാൻ കഴിയുകയുള്ളൂ . ജനങ്ങളെ കൂടുതൽ പഠിക്കുകയും, ജനങ്ങളുടെ ഭാഷയിൽ സംസാരിക്കാൻ പഠിക്കുകയും ചെയ്യുന്നതിനനുസരിച്ച്, ബുദ്ധിമുട്ടേറിയ രാഷ്ട്രീയാശയങ്ങൾ ലളിതമായ ജനകീയ ഭാഷയിൽ അവതരിപ്പിക്കാനുള്ള കഴിവും നിങ്ങൾക്ക് ആർജ്ജിക്കാൻ കഴിയും. നിരന്തരമായ അനുശീലനത്തിലൂടെ മാത്രമേ അത് സാധിക്കുകയുള്ളൂ.

ബഹുജനങ്ങളുമായി ഇഴുകിച്ചേർന്നുള്ള ജീവിതം നയിക്കുന്നതിനെ സംബന്ധിച്ച് ലെനിൻ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കാം: "ബഹുജനങ്ങളെ സഹായിക്കാനും, ബഹുജനങ്ങളുടെ അനുഭാവവും വിശ്വാസവും പിന്തുണയും നേടിയെടുക്കാനും കഴിയണമെങ്കിൽ, എല്ലാ ബുദ്ധിമുട്ടുകളെയും അതിജീവിച്ചും, നേതാക്കളുടെ (അവരിൽ മിക്കവരും അവസരവാദികളും സോഷ്യൽ ഷോവനിസ്റ്റുകളുമായതിനാൽ ബൂർഷ്വാസിയുമായും പോലീസുമായും പ്രത്യക്ഷമോ പരോക്ഷമോ ആയ ബന്ധമുള്ളവരുമാണ്) ശല്യപ്പെടുത്തലുകളെയും അവർ സൃഷ്ടിക്കുന്ന തടസ്സങ്ങളെയും അവഹേളനത്തെയും പീഡനത്തെയും ഭയപ്പെടാതെയും പ്രയത്നിക്കേണ്ടത് അനിവാര്യമാണ്. അതുപോലെ, ബഹുജനങ്ങൾ എവിടെയാണോ ഉള്ളത് അവിടങ്ങളിൽ പ്രവർത്തിക്കുകയെന്നതും ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്. തൊഴിലാളികളും അർദ്ധതൊഴിലാളികളുമായ ബഹുജനങ്ങൾ എവിടെയാണോ ഉൾപ്പെട്ടിരിക്കുന്നത് കൃത്യമായും ആ സ്ഥാപനങ്ങളിലും സംഘങ്ങളിലും സംഘടനകളിലും- ഏറ്റവും പ്രതിലോമ സ്വഭാവമുള്ളവരുടെയിടയിൽപ്പോലും- ചിട്ടയായും സ്ഥിരോത്സാഹത്തോടെയും നിരന്തരമായും ക്ഷമാപൂർവ്വവും പ്രക്ഷോഭവും പ്രചാരണവും കൊണ്ടെത്തിക്കാൻ എന്ത് ത്യാഗം സഹിച്ചും എത്രവലിയ പ്രതിബന്ധത്തെ അതിജീവിച്ചും പ്രവർത്തിക്കേണ്ടതുണ്ട്".

വീണ്ടും അദ്ദേഹം പറഞ്ഞു: "പിന്തിരിപ്പൻ ട്രേഡ്യൂണിയനുകളിൽ പ്രവർത്തിക്കാൻ വിസമ്മതിക്കുകയെന്ന് പറഞ്ഞാൽ അതിനർത്ഥം, ബൂർഷ്വാസിയുടെ ഏജന്റുമാരും തൊഴിലാളികളുടെയിടയിലെ യജമാനന്മാരും( ലേബർ അരിസ്റ്റോക്രാറ്റുകൾ) അതല്ലെങ്കിൽ തികച്ചും ബൂർഷ്വാകളായ തൊഴിലാളികളുമായ പിന്തിരിപ്പൻ നേതാക്കളുടെ സ്വാധീനത്തിലേയ്ക്ക്, വേണ്ടത്ര വളർച്ച നേടിയിട്ടില്ലാത്തവരോ പിന്നാക്കം നിൽക്കുന്നവരോ ആയ തൊഴിലാളി ബഹുജനങ്ങളെ വിട്ടുകൊടുക്കുകയെന്നതാണ്." നമ്മുടെ ചില സഖാക്കൾ, "പ്യൂരിറ്റനിസം മൂലം ബഹുജനങ്ങളിൽ നിന്നും അകന്നുമാറി നിൽക്കാറുണ്ട്. ഈ മോശപ്പെട്ട ശീലം അവർ ഒഴിവാക്കണം. ദൈനംദിന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതുകൊണ്ടുമാത്രം ഒരു സഖാവിനും വിപ്ലവസ്വഭാവം ആർജ്ജിക്കാൻ സാദ്ധ്യമല്ല" എന്ന് സഖാവ് ഘോഷ് നമ്മെ പഠിപ്പിച്ചിട്ടുണ്ട്. സഖാവ് ശിബ്ദാസ്ഘോഷ് പറഞ്ഞു: "സഖാക്കൾ പാർട്ടി പ്രസിദ്ധീകരണങ്ങൾ സ്ഥിരമായി തെരുവിലും വീട് വീടാന്തരവും വിൽപ്പന നടത്തുക, തെരുവിൽനിന്നുള്ള ഫണ്ട് പിരിവിൽ പങ്കെടുക്കുക, പോസ്റ്ററൊട്ടിക്കുക, പാർട്ടി ഓഫീസുകൾ സന്ദർശിക്കുക, പാർട്ടി സെന്ററിലുള്ള മറ്റു സഖാക്കളുമായി സഹകരിക്കുക, പാർട്ടിക്ലാസ്സുകളിൽ പങ്കെടുക്കുക തുടങ്ങിയുള്ള ദൈനംദിനപ്രവർത്തനങ്ങൾ യാന്ത്രികമായി ചെയ്യുന്നുവെന്നിരിക്കട്ടെ. പക്ഷേ അവർ ബഹുജനങ്ങളുമായി ബന്ധം വയ്ക്കുന്നില്ല. ഒരു പ്രദേശത്തെ എല്ലാ പാർട്ടി സഖാക്കളെയും സഹകരിപ്പിച്ചുകൊണ്ട് വ്യക്തിപരമായും കൂട്ടായും ജനങ്ങളുടെ ജനാധിപത്യസമരങ്ങളിൽ സഹകരിക്കുന്നില്ല. അവർ വീടുതോറും കയറിയിറങ്ങിയോ വ്യക്തിബന്ധങ്ങളിലൂടെയോ രാഷ്ട്രീയ-പ്രത്യയശാസ്ത്ര പ്രചാരണം നടത്തുന്നില്ല. അവർക്ക് വ്യക്തമായ ഒരു രാഷ്ട്രീയ കാര്യപരിപാടിയോ സുവ്യക്തമായ പ്രചാരണശൈലിയോ ഇല്ല. ജനങ്ങളെ അണിനിരത്തി ബഹുജന സംഘടനകൾ കെട്ടിപ്പടുക്കുന്നതിനെപ്പറ്റി വിഭാവനം ചെയ്യുകയോ അതിനുവേണ്ടി ശ്രമിക്കുകയോ ചെയ്യുന്നില്ല. ഇങ്ങനെയാണ് സ്ഥിതിയെങ്കിൽ അത് തീർച്ചയായും വിപ്ലവസ്വഭാവം ആർജ്ജിക്കുന്നതിലേയ്ക്ക് നയിക്കുകയില്ല". അതിന് ബഹുജനങ്ങളുമായി ബന്ധം വയ്ക്കുകയും അവർക്കിടയിൽ ജീവിക്കുകയും, സ്നേഹവായ്പും അർപ്പണബോധവും സ്വഭാവമഹിമയും കൊണ്ട് അവരുടെ പിന്തുണ നേടിയെടുക്കുകയും, എതെങ്കിലും രൂപത്തിലുള്ള ബഹുജനസംഘടനയിൽ അവരെ സഹകരിപ്പിക്കുകയും ജനകീയ സമരങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

നാം സ്വന്തം വിമോചനത്തിന് വേണ്ടിയാണ് വിപ്ലവപ്രസ്ഥാനത്തിൽ ചേർന്നിരിക്കുന്നത്. അത് തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനവുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. വിപ്ലവം കൂടാതെ അത് കൈവരിക്കുക സാദ്ധ്യമല്ല. അതുപോലെതന്നെ, നാം വിപ്ലവപ്പാർട്ടിയിൽ ചേർന്നിരിക്കുന്നത് നൈതികമായ ഒരു ജീവിതം നയിക്കാൻ വേണ്ടി കൂടിയാണ്. ഇന്ന് കമ്മ്യൂണിസ്റ്റ് നൈതികബോധത്തിന് മാത്രമേ അത് പ്രദാനം ചെയ്യാൻ കഴിയുകയുള്ളൂ. നമുക്ക് സ്ഥാനമാനങ്ങളുടെയോ പ്രശസ്തിയുടെയോ പിന്നാലെ പോകാനാവില്ലെന്നാണ് കമ്മ്യൂണിസ്റ്റ് നൈതികത പറയുന്നത്. എന്ത് ഉത്തരവാദിത്തമാണോ നമുക്ക് നൽകപ്പെടുന്നത്, അത് സന്തോഷപൂർവ്വം നിറവേറ്റും; കിട്ടിയ ഉത്തരവാദിത്തം ഉയർന്നതാണോ താണതാണോ എന്ന് അളക്കാൻ ശ്രമിക്കില്ല. ചിലപ്പോൾ, ശരിയായോ തെറ്റായോ നിങ്ങളെ ഒരു പ്രത്യേക കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കിയെന്നുവരാം, ഒരു പ്രത്യേക ചുമതലയിൽ നിന്നോ പ്രദേശത്തുനിന്നോ മാറ്റിയെന്ന് വരാം. ഒരു മുറുമുറുപ്പുമില്ലാതെ അത് സ്വീകരിക്കുക. താഴെപ്പറയുന്ന വാക്കുകളിലൂടെ സഖാവ് മാവോ സെ തുങ് നമുക്ക് നൽകുന്ന പാഠം അനുസ്മരിക്കാം: "ന്യായീകരിക്കപ്പെടാവുന്നവയാണെങ്കിലും അല്ലെങ്കിലും, തരംതാഴ്ത്തലിനും സ്ഥലംമാറ്റത്തിനും അവയുടേതായ നേട്ടങ്ങളുണ്ട്. ആൾക്കാരുടെ വിപ്ലവകരമായ ഇച്ഛാശക്തിയെ പതംവരുത്താനും, പുതിയ സാഹചര്യങ്ങളെപ്പറ്റി ഗവേഷണവും പഠനവും നടത്താനും, ഉപയോഗപ്രദമായ കൂടുതൽ അറിവുകൾ സമ്പാദിക്കാനും അവ സഹായിക്കുന്നു. ഇക്കാര്യത്തിൽ എനിക്ക് സ്വന്തം അനുഭവമുണ്ട്. അവയിൽ നിന്ന് ഞാൻ വളരെയേറെ നേട്ടമുണ്ടാക്കിയിട്ടുമുണ്ട്." അതുപോലെ, സഖാവ് ശിബ്ദാസ് ഘോഷിന്റെ സ്വന്തം സമരത്തിൽ നിന്നും നമുക്ക് പാഠമുൾക്കൊള്ളാം. അദ്ദേഹം പറയുകയുണ്ടായി: "ഞാൻ ഒരിക്കൽ ചില നേതാക്കളുടെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്. അവരെനിക്ക് നിർദ്ദേശങ്ങൾ തന്നിരുന്നു. പൊടുന്നനെ ഒരുനാൾ ഞാൻ അവരുടെ നേതാവായിത്തീർന്നിരിക്കുന്നതായി ഞാൻ കണ്ടെത്തി. പാർട്ടികമ്മിറ്റിയുടെ തീരുമാനമോ പ്രമേയമോ അനുസരി

(ശേഷം13-ാം പേജിൽ)

## സെക്രട്ടറിയേറ്റിന് മുന്നിൽ വിദ്യാഭ്യാസ സംഗമം



**സെക്രട്ടേറിയറ്റിനുമുന്നിൽ വിദ്യാഭ്യാസ സംരക്ഷണ സംഗമം എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു**

സ്വകാര്യ സർവ്വകലാശാലകളും സ്വയംഭരണകോളേജുകളും വേണ്ട, ആൾ പ്രമോഷൻ സമ്പ്രദായം പിൻവലിക്കുക, പാരലൽ വിദ്യാഭ്യാസം സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ഓൾ ഇന്ത്യാ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ (എഐഡിഎസ്ഒ)സെക്രട്ടേറിയേറ്റിനു മുൻപിൽ വിദ്യാഭ്യാസ സംരക്ഷണ സംഗമം നടത്തി. എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയേറ്റംഗം ഡോ.വി.വേണുഗോപാൽ സംഗമം ഉദ്ഘാടനം ചെയ്തു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് തുല്യ ഉത്തരവാദിത്തമുള്ള വിദ്യാഭ്യാസരംഗം, ഇപ്പോൾ കേന്ദ്ര നിയന്ത്രണത്തിലാക്കാൻ മോദി സർക്കാർ ശ്രമിക്കുകയാണെന്നും ഇത് ഫെഡറൽ സംവിധാനത്തെ ദുർബലപ്പെടുത്തുമെന്നും വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണത്തിലൂടെ സാധാരണക്കാരന് വിദ്യ നിഷേധിക്കപ്പെടുമെന്നും വർഗ്ഗീയവൽക്കരണം ജനങ്ങളെ ഭിന്നിപ്പിക്കുമെന്നും വിദ്യാഭ്യാസ സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ബൗദ്ധികമായ ശേഷിയും ജനാധിപത്യ ജീവിത മൂല്യങ്ങളും വളർത്തുന്നതിന് പകരം സാങ്കേതിക ശേഷിയേയാണ് പുതിയ കാലത്തെ ജ്ഞാനമായി അവതരിപ്പിക്കുന്നത് - അദ്ദേഹം പറഞ്ഞു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ് അദ്ധ്യക്ഷത വഹിച്ചു. സേവ് എജ്യൂക്കേഷൻ കമ്മറ്റി സംസ്ഥാനസെക്രട്ടറി എം. ഷാജർഖാൻ, എഐഡിഎസ്ഒ സംസ്ഥാനസെക്രട്ടറി ബിനു ബേബി, പാരലൽ കോളേജ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഗിരി, എഐഡിഎസ്ഒ സെക്രട്ടേറിയേറ്റ് അംഗങ്ങളായ എസ്. ശ്രീകുമാർ, കെ.പി.സാൽവിൻ, പി.കെ.പ്രഭാഷ്, വി.ഡി.സന്തോഷ്, എ.ഷൈജു, വിദ്യാ ആർ.ശേഖർ, എം.കെ.ഷഹസാദ്, ആർ.അപർണ്ണ എന്നിവർ പ്രസംഗിച്ചു. ⬣

# പ്രത്യയശാസ്ത്ര-സംഘടനാ പ്രശ്നങ്ങളെപ്പറ്റി

(13-ാം പേജിൽ നിന്ന്)

ച്ചായിരുന്നില്ല, മറിച്ച് സ്വാഭാവികമായി സംഭവിച്ചതാണത്. എപ്പോൾ, എങ്ങനെ അത് സംഭവിച്ചുവെന്നതിനെപ്പറ്റി അവരോ ഞാനോ ബോധവാന്മാരല്ല...ഞാൻ അവരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയും, അവരെ ആദരിക്കുകയും, അവരുടെ കീഴിൽ പ്രവർത്തിക്കുകയും ചെയ്തിരുന്നു...പ്രവർത്തനങ്ങൾ എങ്ങനെ കുറെക്കൂടി മെച്ചപ്പെട്ട വിധത്തിൽ നടത്താം എന്ന വിഷയത്തെച്ചൊല്ലി അഭിപ്രായഭിന്നതകളും വാദപ്രതിവാദങ്ങളുമുണ്ടായിട്ടുണ്ട്. പക്ഷെ, നേതൃത്വത്തിലിരിക്കുന്നവർ അയോഗ്യരാണെന്ന് ഒരിക്കലും എനിക്ക് തോന്നിയിട്ടില്ല. ഞാൻ ഈ പോരാട്ടത്തിൽ ചേർന്നത് നേതൃത്വത്തെച്ചൊല്ലി സമരം ചെയ്യാനല്ല. ഇന്ന് ഞാനൊരു നേതാവാണെങ്കിൽ, അത് വിപ്ലവത്തിന് വേണ്ടിയല്ലാതെ മറ്റൊന്നിനുംവേണ്ടിയല്ല. എന്നെ വിശ്വസിക്കൂ, ഞാൻ നേതാവാകാൻ വേണ്ടി സമരം ചെയ്തില്ല എന്നതുകൊണ്ടാണ് നേതാവായിരിക്കുന്നത്.'' നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു പാഠമാണിത്.

ഇനി, ഒരു നേതാവ് എങ്ങനെ കമ്മിറ്റിപ്രവർത്തനത്തെ നയിക്കണം എന്നതിനെ സംബന്ധിച്ച് ഏതാനും വാക്കുകൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ വിഷയത്തിൽ സഖാവ് ഘോഷ് പറഞ്ഞു: "കമ്മിറ്റി പ്രവർത്തനം മെച്ചപ്പെടുത്തുക എന്നതുകൊണ്ട് ഞാനുദ്ദേശിക്കുന്നത്, യോഗങ്ങളിൽ സഖാക്കൾക്ക് വിശദമായ ചർച്ചകൾക്ക് അവസരം നൽകപ്പെടണം എന്നാണ്. ഈ ചർച്ചകൾ അരോചകമാണെങ്കിലും, അവ നിഷ്ഫലങ്ങളും ആവർത്തനവിരസവുമാണെങ്കിൽപ്പോലും, വാദപ്രതിവാദങ്ങളിലൂടെ ഒരു ലൈൻ മുന്നോട്ടുകൊണ്ടുവരാൻ അവർക്ക് കഴിയുമോ എന്നറിയുന്നതിന് വേണ്ടി അതിന് അവസരം നൽകണം. കമ്മിറ്റിപ്രവർത്തനങ്ങൾ നയിക്കുന്നതിന് നമുക്ക് പരമാവധി ക്ഷമയുണ്ടായിരിക്കേണ്ടതാണ്. സഖാക്കൾ അപ്രസക്തമായ കാര്യങ്ങൾ പറയുന്നുണ്ടാകാം, മറ്റുള്ളവരെ അലോസരപ്പെടുത്തുന്നുണ്ടാകാം, അതല്ലെങ്കിൽ ആവശ്യത്തിലേറെ സമയമെടുക്കുന്നുണ്ടാകാം – ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കേണ്ടതുമാണ്. പക്ഷെ, ഈ നിയന്ത്രിക്കൽ പ്രക്രിയയിലൂടെ ചർച്ചകൾ തന്നെ ഇല്ലാതായിപ്പോകരുത്. ആവശ്യത്തിന് ചർച്ചകൾ നടന്നുകഴിഞ്ഞു, കൂടുതൽ സമയം അനുവദിക്കുന്നത് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അതിന് നിർവാഹമില്ല, ഒരു തീരുമാനത്തിലെത്തേണ്ടതുണ്ട് എന്ന സാഹചര്യമുണ്ടാകുമ്പോൾ മാത്രമേ നേതൃത്വം ഇടപെടാവൂ. എന്നാൽ ചർച്ചകളിലേർപ്പെടാനുള്ള മനോഭാവത്തെ കെടുത്തുന്ന തരത്തിലാകരുത് നേതൃത്വത്തിന്റെ ശൈലി. സഖാക്കൾ ഗൗരവപൂർവ്വം ചിന്തിക്കുകയും, ചിലത് പറയാൻ ശ്രമിക്കുകയും, കാര്യങ്ങൾ വിലയിരുത്താൻ ശ്രമിക്കുകയും, ചർച്ച നടത്തുകയുമാണ് – ഈയവസ്ഥയെ കെടുത്തുന്നതാകരുത് നിയന്ത്രിക്കാനുള്ള ശ്രമം.'' ഇത് നേതാക്കൾക്കൊരു പാഠമാണ്. സാധാരണയായി നടക്കുന്ന ഒരു കമ്മിറ്റിയോഗത്തിന്റെ അജണ്ട മുൻകൂട്ടി അറിയിച്ചിരിക്കണം. അങ്ങനെയാകുമ്പോൾ സഖാക്കൾക്ക് അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അവതരിപ്പിക്കാൻ തയ്യാറായി വരാൻ കഴിയും. എല്ലാവരും അവരവരുടെ അഭിപ്രായങ്ങൾ സ്വതന്ത്രമായി അവതരിപ്പിക്കണം. ചർച്ചകൾ ഔപചാരികമായ വാദപ്രതിവാദങ്ങളായി ചുരുങ്ങിപ്പോകരുത്. ശരിയായ തീരുമാനത്തിൽ കൂട്ടായി എത്തിച്ചേരുക എന്ന ഏക ഉദ്ദേശ്യത്തോടെ നടക്കുന്ന ചർച്ചകളിൽ അഭിപ്രായഭിന്നതകളും വ്യത്യസ്ത കാഴ്ചപ്പാടുകളും അവതരിപ്പിക്കപ്പെടുകയും വാദപ്രതിവാദങ്ങളുണ്ടാവുകയും ചെയ്യുകയെന്നത് സ്വാഭാവികമാണ്.

വ്യക്തിപരമായ മുൻകൈയിനെ കൂട്ടായ പ്രവർത്തനവുമായി എങ്ങനെ ഒന്നിച്ചുകൊണ്ടുപോകാം എന്നതു സംബന്ധിച്ച് സഖാവ് ശിബ്ദാസ് ഘോഷിന്റെ അമൂല്യമായ പാഠം നാം എപ്പോഴും ഓർക്കുകയും നമ്മുടെ ജീവിതസമരത്തിൽ പ്രാവർത്തികമാക്കുകയും വേണം. അദ്ദേഹം പറഞ്ഞു: "വ്യക്തിപരമായ മുൻകൈയും കൂട്ടായ പരിശ്രമവും ഒന്നിപ്പിക്കുകയെന്നത് വളരെ ബുദ്ധിമുട്ടേറിയ ഒരു കർത്തവ്യമാണ്. നാം ദൂരീകരിക്കാനാഗ്രഹിക്കുന്ന വ്യക്തിവാദപരമായ പ്രവണതയുടെയും മനോഘടനയുടെയും സ്വഭാവമെന്തെന്നാൽ, അത് വിപ്ലവത്തെപ്പറ്റി ഉപരിപ്ലവമായിട്ടാണെങ്കിലും കുറച്ച് ബോധ്യമുള്ള ഒരാളിൽ വിപ്ലവപ്പോരാട്ടത്തിൽ ചേരാനുള്ള മനസ്സുണ്ടാക്കിയെന്ന് വരാം എന്നുള്ളതാണ്. അത്തരത്തിൽ പ്രസ്ഥാനത്തിൽ വരുന്നയാളുടെ കാര്യത്തിൽ സംഭവിക്കുന്നതെന്തെന്നാൽ അയാൾ സ്വന്തം തോന്നലുകളും സ്വന്തം ആശയങ്ങളുമനുസരിച്ച് മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നുവെന്നതാണ്. മറുവശത്ത് അയാൾക്ക് വ്യക്തിവാദത്തിൽ നിന്നോ അതിസ്വാതന്ത്ര്യബോധത്തിൽ നിന്നോ സ്വയം മോചിപ്പിക്കാൻ സാധിക്കുന്നില്ല... ഒരാൾ ഒറ്റയ്ക്ക് ഒരു പ്രദേശത്ത് ജനങ്ങളെ സംഘടിപ്പിക്കുമ്പോൾ, അയാളിൽ പോരാട്ടവീര്യവും ത്യാഗസന്നദ്ധതയുമുണ്ടെങ്കിൽ, തന്റെ നേതൃത്വത്തിലുള്ള ജനങ്ങൾക്കിടയിൽ അയാൾ വളരെ നന്നായി പ്രവർത്തിക്കുന്നതായി കാണാം...പക്ഷെ, സമശീർഷരായ മറ്റ് സഖാക്കളുമൊത്ത് ഒരു പദ്ധതിയനുസരിച്ച് പ്രവർത്തിക്കേണ്ട സാഹചര്യമുണ്ടാകുമ്പോൾ വ്യത്യസ്ത വ്യക്തിത്വങ്ങൾ തമ്മിൽ സംഘർഷമുണ്ടാകുകയും, പ്രവർത്തനം അവതാളത്തിലാകുകയും, പല സങ്കീർണ്ണതകളും ഉടലെടുക്കുകയും ചെയ്യുന്നതായി കാണാം. അതിനാൽ ഒരാൾ സ്വന്തം പദ്ധതിയനുസരിച്ച് എങ്ങനെ പ്രവർത്തിക്കാം എന്നു മാത്രമല്ല, മറ്റുള്ളവർ ആവിഷ്കരിക്കുന്ന പദ്ധതിയനുസരിച്ചും എങ്ങനെ സ്വയംസന്നദ്ധതയോടെയും സന്തോഷത്തോടെയും പ്രവർത്തിക്കാം എന്നും കൂടി മനസ്സിലാക്കേണ്ടതാണ്. അത് മനസ്സിലാക്കണമെങ്കിൽ അയാൾ വ്യക്തിവാദപരമായ സ്വഭാവവിശേഷങ്ങളിൽ നിന്നും, വ്യക്തിനിഷ്ഠമായ ശാഠ്യങ്ങളിൽ നിന്നും സ്വയം മോചിപ്പിക്കേണ്ടതുണ്ട്... ബഹുജനങ്ങളുമായിച്ചേർന്ന് പ്രവർത്തിക്കുമ്പോൾ കൂട്ടായ്മയ്ക്ക് വിധേയമായി പ്രവർത്തിക്കുകയെന്ന ശീലം വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ അത് പഠിക്കാൻ കഴിയൂ.'' ആവശ്യകതയ്ക്കനുസരിച്ച് കാലാകാലങ്ങളിൽ വ്യത്യസ്ത തലങ്ങളിലുള്ള പാർട്ടികമ്മിറ്റികൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ഒരിക്കൽ പാർട്ടിക്ക് വലിയ സംഭാവനകൾ നൽകിക്കൊണ്ടിരുന്നവരെങ്കിലും, മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് സ്വയം മുന്നേറുന്നതിൽ പരാജയപ്പെടുകയോ ജീവിതത്തിൽ വിട്ടുവീഴ്ചകൾ നടത്തുകയോ ചെയ്തതുമൂലം ഇപ്പോൾ അത്ര സജീവമല്ലാത്ത ചില സീനിയർ സഖാക്കളുണ്ട്. അവരെ അർഹമായ ആദരവോടെ തന്നെ വിടുതൽ ചെയ്യുകയും, അവർക്ക് യോജിച്ച മറ്റ് ചുമതലകൾ ഏല്പിക്കുകയും വേണം. തൽസ്ഥാനത്ത് ഊർജ്ജസ്വലരും നിലവാരമാർജ്ജിച്ചവരുമായ യുവസഖാക്കളെ ഉയർത്തിക്കൊണ്ടുവരണം.

സഖാക്കളേ, നമ്മുടെ രാജ്യം ഇന്നോളം അഭിമുഖീകരിച്ചിട്ടില്ലാത്ത തരത്തിലുള്ള സർവ്വാംഗീണമായ ഒരു പ്രതിസന്ധിയെ ഇന്ന് നാം നേരിട്ടുകൊണ്ടിരിക്കുകയാണ് – സാമ്പത്തികവും രാഷ്ട്രീയവും നൈതികവും ധാർമ്മികവുമായ മണ്ഡലങ്ങളെയെല്ലാം ഗ്രസിച്ചിരിക്കുന്ന പ്രതിസന്ധി. കുടുംബ ബന്ധങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു. ദാമ്പത്യങ്ങൾ താറുമാറാകുന്നു. പ്രായമായ മാതാപിതാക്കളെ മക്കൾ വീടുകളിൽ നിന്ന് പുറന്തള്ളുന്നു. ബലാൽസംഗങ്ങളും കൂട്ടബലാൽസംഗങ്ങളും മറ്റ് അതിക്രമങ്ങളും കാട്ടാളത്തത്തിന്റെ കാലഘട്ടത്തെ ലജ്ജിപ്പിക്കുന്ന വിധത്തിൽ പെരുകുന്നു. സ്നേഹവും വാത്സല്യവും വൈകാരികഭാവങ്ങളുമൊക്കെ കമ്പോളച്ചരക്കുകളായി മാറ്റപ്പെടുന്നു. മുതലാളിത്ത സംസ്കൃതി ഇന്ന് ജീർണ്ണിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ദുർഗന്ധം എവിടെയും പടർന്നുകൊണ്ടുമിരിക്കുന്നു. മനുഷ്യരാശി വിമോചനത്തിന് വേണ്ടി കേഴുകയാണ്. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന നിലയിൽ നമ്മുടെ പാർട്ടി മാത്രമാണ് പ്രതീക്ഷ നൽകുന്നത് – നമ്മുടെ രാജ്യത്ത് മാത്രമല്ല, ലോകത്തും. മറ്റ് രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് ചിന്താഗതിക്കാരുടെയിടയിൽ അത്രയേറെ ചിന്താക്കുഴപ്പങ്ങളാണ് നിലനിൽക്കുന്നത്. സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകളുടെ കരുത്തുറ്റ ആയുധത്തിന്റെ സഹായത്തോടെ അവർക്കും നാം മാർഗ്ഗം കാട്ടേണ്ടതുണ്ട്. സഖാവ് ശിബ്ദാസ്ഘോഷിന്റെ ഒരഭ്യർത്ഥന അനുസ്മരിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കാം: "...*വരുന്ന നാളുകൾ നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. നിങ്ങൾ വളരെ വേഗം, വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ, വിപ്ലവത്തിന് നേതൃത്വം നൽകാൻ പര്യാപ്തമായ രാഷ്ട്രീയവും സംഘടനാപരവുമായ കരുത്തോടെ ഈ പാർട്ടിയെ വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്. മുമ്പ് നാം അങ്ങനെ ആഗ്രഹിച്ചിരുന്നുവെങ്കിൽപ്പോലും ആ കർത്തവ്യം നിറവേറ്റാൻ നമുക്ക് കഴിയുമായിരുന്നില്ല. പക്ഷെ ഇപ്പോൾ, നമ്മുടെ ഇന്നത്തെ അംഗബലം വച്ചുകൊണ്ട്, നമ്മൾ എല്ലാവരും, ഓരോ നേതാവും കേഡറും, മതിയായ ഭാവനയോടെ അത് യാഥാർത്ഥ്യമാക്കാൻവേണ്ടി പരിശ്രമിച്ചാൽ, അത് നിറവേറ്റുന്നതിൽ നാം വിജയിക്കും. അതിനുവേണ്ടി, ഓരോ പ്രവർത്തകനും തന്റെ ഉത്തരവാദിത്തം യാതൊരു വൈമുഖ്യവുമില്ലാതെ വ്യക്തിപരമായ മുൻകൈയോടെയും ബുദ്ധിപൂർവ്വമായും നിർവഹിക്കേണ്ടതുണ്ട് – നിങ്ങൾക്കത് നിർവഹിക്കാൻ കഴിയുന്നുണ്ടോ ഇല്ലയോ, നിങ്ങൾ പരാജയപ്പെടുന്നുവോ വിജയിക്കുന്നുവോ, ഇതൊന്നും പരിഗണിക്കാതെ പരിശ്രമിക്കേണ്ടതുണ്ട്. ഒരു വശത്ത് നിങ്ങൾ പാർട്ടിയുടെ രാഷ്ട്രീയം പഠിക്കുകയും, മറുവശത്ത് ആ രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ഏത് മണ്ഡലത്തിലുമുള്ള ജനങ്ങളെ സംഘടിപ്പിക്കാൻ എല്ലാ പരിശ്രമവും നടത്തുകയും ചെയ്യും – ഇതായിരിക്കണം അതിന്റെ ശൈലി.''*

അതിനാൽ, സഖാവ് ശിബ്ദാസ്ഘോഷിന്റെ വിദ്യാർത്ഥികളെന്ന നിലയിൽ നാം ഈ ആഹ്വാനം ചെവിക്കൊള്ളുകയും, നമ്മുടെ ചരിത്രപരമായ ഉത്തരവാദിത്തം മനസ്സിലാക്കി അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഈ വാക്കുകളോടെ ഞാൻ അവസാനിപ്പിക്കുന്നു.

**എസ്‌യുസിഐ(സി) നീണാൾ വാഴട്ടെ**
**മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം നീണാൾവാഴട്ടെ**
**മാർക്സിസം–ലെനിനിസം–സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകൾ നീണാൾ വാഴട്ടെ**
**മഹാനായ തൊഴിലാളിവർഗ്ഗനേതാവ് സഖാവ്ശിബ്ദാസ്ഘോഷിന് ലാൽസലാം**

---

**എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പുറപ്പെടുവിച്ച പ്രസ്താവനകൾ**

## ബുദ്ധിജീവികൾക്കും എഴുത്തുകാർക്കും ശാസ്ത്രജ്ഞർക്കും മറ്റും നേരെ നടക്കുന്ന ആക്രമണങ്ങളെ അപലപിക്കുക

നവംബർ 27: ബലംപ്രയോഗിച്ചുള്ള മതപരിവർത്തനം, പള്ളികൾക്കുമേൽ ആവർത്തിച്ച് നടക്കുന്ന ആക്രമണങ്ങൾ, ഇടയ്ക്കിടെ ആസൂത്രണം ചെയ്യപ്പെടുന്ന വർഗ്ഗീയകലാപങ്ങൾ, ബീഫിന്റെ പേരിൽ നടന്ന കൊലപാതകം, പ്രമുഖ യുക്തിവാദികളെ അരുംകൊല ചെയ്തത് തുടങ്ങി നിരന്തരം നടക്കുന്ന വർഗ്ഗീയ ആക്രമണങ്ങൾ, ന്യൂനപക്ഷ മതവിഭാഗങ്ങളിൽ ഭീതിയുളവാക്കുന്ന അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ടെന്നത് സുബോധമുള്ള, ജനാധിപത്യ മനസ്കരായ ഏവരും അംഗീകരിക്കുന്ന വസ്തുതയാണ്. വർദ്ധിച്ചുവരുന്ന ഈ അസഹിഷ്ണുതയ്ക്കും വർഗ്ഗീയ ഭ്രാന്തിനുമെതിരെ പ്രമുഖ എഴുത്തുകാരും കലാകാരന്മാരും എന്തിന് ശാസ്ത്രജ്ഞർപോലും ശക്തമായി പ്രതികരിച്ചിട്ടുണ്ട്. പ്രതിഷേധ സൂചകമായി രാജ്യത്തെ പല ആദരണീയ വ്യക്തിത്വങ്ങളും തങ്ങൾക്കുകിട്ടിയ പുരസ്കാരങ്ങൾ തിരിച്ചു നൽകി. ഇത്തരം പൈശാചികമായ വർഗ്ഗീയ നടപടികൾക്കെതിരെ സത്വരവും കർക്കശവുമായ നടപടിയെടുക്കേണ്ടതിനുപകരം കേന്ദ്ര ഗവൺമെന്റ് മൗനം പാലിച്ചത് പ്രമുഖവ്യക്തിത്വങ്ങളെപ്പോലും ദേശദ്രോഹികളായി ചിത്രീകരിച്ചുകൊണ്ട് അവർക്കുമേൽ ആക്രമണമഴിച്ചുവിടാൻ സംഘപരിവാറിനും ശിവസേനയ്ക്കുമൊക്കെ മൗനാനുവാദം നൽകുകയും സ്ഥിതി കൂടുതൽ വഷളാക്കുകയും ചെയ്തു. ഇവ്വിധം കേന്ദ്രസർക്കാരിന്റെ പരോക്ഷപിന്തുണയോടെ സൃഷ്ടിക്കപ്പെട്ട വർഗ്ഗീയാന്തരീക്ഷം ന്യൂനപക്ഷ വിഭാഗങ്ങളിൽ അരക്ഷിതബോധമുണ്ടാക്കുക സ്വാഭാവികം മാത്രം. അതുകൊണ്ടാണ് സിനിമരംഗത്തെ പ്രമുഖവ്യക്തിത്വമായ അമീർഖാൻ ഇതിനോടുള്ള നീരസവും മുഷിച്ചിലും പരസ്യമായി പ്രകടിപ്പിച്ചത്. സാഹചര്യത്തിന്റെ ഗൗരവം ഉൾക്കൊള്ളുന്നതിനുപകരം കേന്ദ്രസർക്കാർ ഭീതിദമായ മൗനം അവലംബിച്ചത് അമീർഖാനുനേരെ പരുഷമായി പ്രതികരിക്കാൻ ഹിന്ദുവർഗ്ഗീയവാദികൾക്ക് അവസരമൊരുക്കുകയും സാഹചര്യം വഷളാക്കുകയും ചെയ്തു. അമീർഖാന്റെ പ്രസ്താവന ലോകത്തിനുമുന്നിൽ ഇന്ത്യയുടെ പ്രതിച്ഛായ കളങ്കപ്പെടുത്തി എന്നാണ് ഹിന്ദുത്വശക്തികളുടെ ആരോപണം. എന്നാൽ സത്യം നേരെ മറിച്ചാണ്. ഹിന്ദുവർഗ്ഗീയവാദികളുടെ ആവർത്തിച്ചുള്ള വർഗ്ഗീയചെയ്തികളും വർഗ്ഗീയസ്പർദ്ധ സൃഷ്ടിക്കലും അക്രമവും കൊലപാതകങ്ങളും ന്യൂനപക്ഷങ്ങൾക്കെതിരായ വിദ്വേഷപ്രചാരണവുമെല്ലാം യഥാർത്ഥത്തിൽ രാജ്യത്തിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുകയും ജനാധിപത്യാന്തരീക്ഷത്തെ മലിനപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്. അമീർഖാന്റെ പ്രസ്താവനയെച്ചൊല്ലി കോലാഹലമുണ്ടാക്കുന്നത് ഈ വസ്തുത മറച്ചുവയ്ക്കാനാണ്. ഹിന്ദുമത ഭ്രാന്തന്മാരുടെ വർഗ്ഗീയമായ ചെയ്തികളെയും വർഗ്ഗീയ ലാക്കോടെ ബുദ്ധിജീവികൾക്കും എഴുത്തുകാർക്കും ശാസ്ത്രജ്ഞർക്കും അതുപോലെതന്നെ അമീർഖാനുമെതിരെ നടത്തുന്ന വാക്പോരിനെയും ഞങ്ങൾ ശക്തമായി അപലപിക്കുന്നു. അതോടൊപ്പം, ഹിന്ദുവർഗ്ഗീയവാദികളുടെ വിഷലിപ്തമായ പ്രചാരണവും വർഗ്ഗീയമായ ചെയ്തികളും അവസാനിപ്പിക്കുന്നതിനും ന്യൂനപക്ഷ ജനവിഭാഗങ്ങളുടെയാകെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും അടിയന്തര നടപടികൈക്കൊള്ളണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. വർദ്ധിച്ചുവരുന്ന വർഗ്ഗീയ, ഫാസിസ്റ്റ് വിപത്തിനെതിരെ ഒറ്റക്കെട്ടായി നിന്ന് പൊരുതാൻ ജനങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## പാസഞ്ചർ ട്രെയിനുകളിലെ മിനിമംചാർജ്ജ് ഇരട്ടിയാക്കുന്നതിനെതിരെ അണിനിരക്കുക

പട്ടിണിയിലും ദുരിതത്തിലും ഉഴറുന്ന സാധാരണജനങ്ങൾക്കെതിരെ ബിജെപി നയിക്കുന്ന കേന്ദ്രസർക്കാർ യുദ്ധംപ്രഖ്യാപിച്ചിരിക്കുകയാണെന്ന് ഇപ്പോൾ വ്യക്തമായിരിക്കുന്നു. സർവ്വീസ് ചാർജ്ജ് രണ്ടിരട്ടിയായി വർദ്ധിപ്പിച്ചതിനുപിന്നാലെ, പാസഞ്ചർ ട്രെയിനിലെ മിനിമം ചാർജ്ജ് 5 രൂപയിൽനിന്നും 10 രൂപയായി ഒറ്റയടിക്ക് വർദ്ധിപ്പിച്ചുകൊണ്ട് സ്ഥിരംയാത്രക്കാരായ തെരുവുകച്ചവടക്കാർ, ഗാർഹികത്തൊഴിലാളികൾ തുടങ്ങിയ ദരിദ്ര ജനവിഭാഗങ്ങളെ കടുത്ത ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. സാധാരണക്കാരായ യാത്രക്കാരുടെ നേർക്കുള്ള കിരാതമായ ഈ സാമ്പത്തികാക്രമണത്തെ ശക്തിയായി അപലപിക്കുന്നതോടൊപ്പം ബന്ധപ്പെട്ട എല്ലാവരോടും ഉടനടി സംഘടിത സമരം ആരംഭിക്കുവാനും അതിനെ ഒരു ചെറുത്തുനിൽപ്പിന്റെ തലത്തിലേക്ക് ക്രമേണ വളർത്തിയെടുക്കാനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു

## കലാ വിദ്യാർത്ഥി സമര സമിതിയുടെ ആഭിമുഖ്യത്തിൽ

# സെക്രട്ടേറിയറ്റ് നടയിൽ കലാപരിശീലന സമരം




**പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്യാമപ്രസാദ് കലാപരിശീലന സമരം ഉദ്ഘാടനം ചെയ്യുന്നു**

2015 നവംബർ 17 ന് കലാവിദ്യാർത്ഥി സമരസമിതിയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് നടയിൽ നടന്ന 'കലാപരിശീലന സമരം', അതുയർത്തിയ ആവശ്യങ്ങൾ കൊണ്ടും ഉള്ളടക്കം കൊണ്ടും രൂപം കൊണ്ടും ശ്രദ്ധേയമായിരുന്നു. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക പുനഃസ്ഥാപിക്കുക, കലാപരിശീലനം നേടിയവരെ അദ്ധ്യാപകരായി നിയമിക്കുക, കലാപഠനത്തിനായി അനുവദിച്ച കേന്ദ്ര ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുക. മുൻകാലത്ത് കലാപഠനത്തിനായി അനുവദിച്ച ഫണ്ടിന്റെ വിനിയോഗത്തെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തുക എന്നിവയായിരുന്നു സമരത്തിന്റെ പ്രധാനപ്പെട്ട ആവശ്യങ്ങൾ.

ഈ അദ്ധ്യയന വർഷം മുതൽ കേരളത്തിലെ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും നാടകം, സംഗീതം, ചിത്രകല, നൃത്തം തുടങ്ങിയ കലകൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കി പ്രഖ്യാപിച്ചുവെന്ന് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇതര വൈജ്ഞാനിക വിഷയങ്ങൾക്കൊപ്പം തന്നെ കലാപഠനം പാഠ്യപദ്ധതിയുടെ ഭാഗമാക്കി എന്നതായിരുന്നു പ്രഖ്യാപനം. വിദ്യാഭ്യാസമന്ത്രി അദ്ധ്യക്ഷനായുള്ള കരിക്കുലം കമ്മിറ്റിയുടെ തീരുമാനപ്രകാരം എൽ.പി, യു.പി. ക്ലാസ്സുകളിലേക്ക് ആഴ്ചയിൽ 3 പിരീഡുകളും 8, 9 ക്ലാസുകളിൽ 2 പിരീഡുകളും 10-ാം ക്ലാസിൽ ഒരു പിരീഡുമാണ് കലാപഠനത്തിനായി ക്രമീകരിച്ചത്. നിലവിൽ 7 പിരിയഡ് ഉണ്ടായിരുന്നതിനെ 8 പിരിയഡായി മാറ്റിക്കൊണ്ടാണ് ഇത് സാധ്യമാക്കിയത്. വാർത്തയെത്തുടർന്ന് കലാവിദ്യാർത്ഥികൾ നടത്തിയ അന്വേഷണത്തിലൂടെ അതീവ ഗൗരവകരമായ ചില പ്രശ്നങ്ങൾ വെളിപ്പെടുത്തപ്പെട്ടു. പുതിയ അധ്യായന വർഷം ആരംഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കലാ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചില്ല. എന്നുമാത്രമല്ല ഇതര വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകരെ നാടകം, സംഗീതം, ചിത്രകല, നൃത്തം തുടങ്ങിയ കലകൾ പഠിപ്പിക്കുവാൻ നിയോഗിച്ചു. 2010 മുതൽ കേരളത്തിലെ സ്കൂളുകളിൽ കലാ-കായിക അധ്യാപകരെ നിയമിക്കുന്നതിനായി എസ്.എസ്.എ. പദ്ധതിപ്രകാരം കേന്ദ്രസക്കാർ ഫണ്ട് അനുവദിക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷമായി ഈ ഫണ്ട് കേള സർക്കാർ വിനിയോഗിക്കുന്നില്ല. 270 കോടി രൂപ വരുന്ന നാല് വർഷത്തെ കലാ- കായിക അധ്യാപക നിയമനത്തിനായി കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഈ അധ്യയന വർഷത്തേക്ക് മാത്രം 82 കോടി രൂപയാണ് ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ളത്. കേന്ദ്രഫണ്ട് ലഭിച്ചിട്ടും ഒരു രൂപ പോലും കലാവിദ്യാഭ്യാസത്തിനായി വിനിയോഗിച്ചിട്ടില്ലെന്നും ഫണ്ടില്ലാത്തതിനാലാണ് കലാ അധ്യാപകരെ നിയമിക്കാത്തതെന്ന സർക്കാർ വാദം തെറ്റാണെന്നും 2015 ഒക്ടോബർ 10 ന് പ്രമുഖ പത്രങ്ങളും റിപ്പോർട്ട് ചെയ്തു.

മുൻപ് പാഠ്യേതര വിഷയമെന്ന നിലയിൽ കണ്ടിരുന്ന കലാകായിക പഠനം സഹവൈജ്ഞാനിക പാഠ്യവിഷയമായാണ് ഇന്ന് പരിഗണിക്കപ്പെടുന്നത്. കലാപഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ടത് അങ്ങനെയാണ്. രണ്ടു പതിറ്റാണ്ട് മുമ്പ് വരെ കേരളത്തിലെ സ്കൂളുകളിൽ ഉണ്ടായിരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക പുനഃസ്ഥാപിക്കണമെന്നത് കേരളത്തിലെ കലാലോകത്തിന്റെ ദീർഘകാലത്തെ ആവശ്യവുമായിരുന്നു. എന്നാൽ കലാപഠനത്തെ കുറ്റകരമായ വിധം അവഗണിക്കുന്ന സമീപനമാണ് മാറിമാറി വന്ന എല്ലാ സർക്കാരുകൾക്കുമുണ്ടായിരുന്നത്. പ്രവർത്തനത്തിലൂടെ പഠനം, സർഗാത്മക പഠനം എന്നീ പരസ്യവാചകവുമായി കടന്നുവന്ന ലോകബാങ്കിന്റെ ഡിപിഇപി. എസ്എസ്എ പാഠ്യപദ്ധതികൾ വൈജ്ഞാനിക പഠനത്തെ നിരാകരിക്കുകയാണെന്നത്



ഇന്ന് എല്ലാവർക്കുമറിയാം. സർഗ്ഗാത്മക പഠനം എന്നതും വെറും വചാടോപം മാത്രമാണ് എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് കലാപഠനത്തിന് എന്ന പേരിൽ നീക്കിവച്ച തുക വിനിയോഗിക്കാതിരിക്കലും അദ്ധ്യാപകരെ നിയമിക്കാതിരിക്കലും. എല്ലാ കലാരൂപങ്ങൾക്കും ശാസ്ത്രീയമായ ക്രമങ്ങളും വികാസ ചരിത്രവുമുണ്ട്. ഇത് അഭ്യസിച്ചവർക്ക് മാത്രമേ ശാസ്ത്രീയമായ പരിശീലനം നൽകുവാനാകൂ. കല ശാസ്ത്രീയമായി പഠിച്ചവർക്ക് പകരം മറ്റുവിഷയങ്ങളിൽ പ്രാവീണ്യമുള്ളവരെ കലാപരിശീലനത്തിന് നിയോഗിക്കാനായിരുന്നു സർക്കാർ നീക്കം. ഈ തീരുമാനം വികലവും കലാപഠനത്തെ ഒരു പ്രഹസനമാക്കിത്തീർക്കുന്നതുമാണ്.

ഈ സാഹചര്യത്തിലാണ് കേരളത്തിലെ പ്രമുഖ കലാസ്ഥാപനങ്ങളിലെ കലാവിദ്യാർത്ഥികൾ ഒത്തുചേർന്ന് കേരള സംസ്ഥാന കലാവിദ്യാർത്ഥി സമര സമിതിക്ക് രൂപം കൊടുത്തത്. മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും ഈവിഷയത്തിൽ നിവേദനം നൽകി. തുടർന്ന് ജൂലൈ മാസത്തിൽ സ്കൂൾ ഓഫ് ഡ്രാമ ഉൾപ്പെടുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ തൃശൂർ കാമ്പസായ ജോൺ മത്തായി സെന്റർ ഒരു മണിക്കൂർ ഉപരോധിച്ചുകൊണ്ട് പ്രത്യക്ഷ സമര പരിപാടിക്ക് തുടക്കം കുറിച്ചു. കലാവിദ്യാർത്ഥി സമരസമിതി സംസ്ഥാന കൺവീനർ എം.പ്രദീപന്റെ നേതൃത്വത്തിൽ തൃശൂർ കളക്ട്രേറ്റിന് മുന്നിൽ പാതയോരത്തൊരു കലാപരിശീലനം എന്ന പരിപാടിയും സംഘടിപ്പിക്കപ്പെട്ടു. കലാമണ്ഡലം, തൃശൂർ കോളേജ് ഓഫ് ഫൈൻ ആർട്സ്, സ്ക്കൂൾ ഓഫ് ഡ്രാമ വിദ്യാർത്ഥികൾ പങ്കെടുത്തു. സ്കൂൾ ഓഫ് ഡ്രാമ അദ്ധ്യാപകരും സാംസ്കാരിക നായകരും അണിനിരന്ന പാതയോര കലാ പരിശീലന സമര പരിപാടി ചലച്ചിത്ര സംവിധയകൻ പ്രിയനന്ദനൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് ഒക്ടോബർ 12 ന് കാലടി സർവ്വകലാശാലയിൽ നൃത്ത-സംഗീത-നാടക-ചിത്രരചനാ വിഭാഗങ്ങളിലെ വിദ്യാർഥികളുടെ സംയുക്താഭിമുഖ്യത്തിൽ ഒരു ദിവസം നീണ്ടുനിന്ന കലാസംഗമവും കലാകൺവൻഷനും നടന്നു. പ്രമുഖ ചിത്രകാരൻ ടി. കലാധരൻ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര സംഗീത സംവിധായകൻ അൽഫോൻസ്, ചിത്രകാരന്മാരായ ആർ.പാർത്ഥസാരഥി വർമ്മ, ബിനു ബേബി തുടങ്ങിയവരും അദ്ധ്യാപകരും പങ്കെടുത്തു.

കലാമണ്ഡലം, ചെമ്പൈ സംഗീത കോളേജ് പാലക്കാട്, ശ്രീശങ്കരാ യൂണിവേഴ്സിറ്റി കാലടി, രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ് മാവേലിക്കര, സ്വാതി തിരുന്നാൾ സംഗീത കോളേജ് തിരുവനന്തപുരം, കോളേജ് ഓഫ് ഫൈൻ ആർട്സ് തിരുവനന്തപുരം, സ്കൂൾ ഓഫ് ഡ്രാമ തൃശൂർ എന്നീ കലാലയങ്ങളിലെ വിദ്യാർത്ഥികളുടെ കൂട്ടായ്മയിലാണ് നവംബർ 17 ന് തിരുവന്തപുരത്ത് 'കലാപരിശീലന സമരം' സംഘടിപ്പിച്ചത്. പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്യാമപ്രസാദ് പരിപാടി ഉദ്ഘാടനം ചെയ്തു. എല്ലാ ഭരണാധികാരികളും കലാപഠനത്തെക്കുറിച്ച് അധരസേവ നടത്താറുണ്ടെങ്കിലും കുറ്റകരമായ അനാസ്ഥയാണ് വച്ചുപുലർത്തുന്നത്. ചലച്ചിത്ര അവാർഡ് പ്രഖ്യാപനത്തിലും കലോത്സവസംഘാടനത്തിലും മൗനമായി കലാപരിപോഷണം അവസാനിപ്പിക്കുകയാണ്. പല വിദേശ രാജ്യങ്ങളിലും സ്കൂൾ തലത്തിൽ ഏതെങ്കിലും ഒരു കലാമേഖലയിലെ പരിശീലനം നിർബന്ധമാണെന്നും കേരളത്തിലെ സ്കൂളുകളിൽ അടിയന്തരമായി കല ശാസ്ത്രീയമായി പഠിച്ചവരെ അദ്ധ്യാപകരായി നിയോഗിക്കണം. പത്തൊൻപതാം നൂറ്റാണ്ടിൽ തിരുവിതാംകൂർ ഭരിച്ച ലക്ഷ്മി പാർവ്വതി ഭായിയുടെ കാലത്താണ് കേരളത്തിൽ ആദ്യമായി കലാപഠനം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കിയതെങ്കിൽ, കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി കലാപഠനത്തെ സർക്കാരുകൾ അവഗണിക്കുകയാണ്. കല പാഠ്യവിഷയമാക്കുകയെന്നത് അത് ഐച്ഛികമായി പഠിച്ചവരുടെ കേവലം തൊഴിൽ പ്രശ്നമല്ലെന്നും സമൂഹത്തിന്റെ സാംസ്കാരിക പ്രശ്നമാണെന്നും അവർ പറഞ്ഞു. സ്കൂൾ ഓഫ് ഡ്രാമയിലെ ഗവേഷകനും കലാ വിദ്യാർത്ഥി സമരസമിതി സംസ്ഥാന കൺവീനറുമായ എം.പ്രദീപൻ അദ്ധ്യക്ഷത വഹിച്ചു. വൈജ്ഞാനികവും സർഗ്ഗാത്മകവുമായ വിദ്യാഭ്യാസം നടപ്പിലായാൽ സർക്കാർ സ്കൂളുകൾ അനാദായകരം എന്നപേരിൽ പൂട്ടിപ്പോവുകയില്ലെന്നും സർക്കാർ സ്കൂളുകൾക്ക് അതിന്റെ പ്രതാപകാലം വീണ്ടെടുക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. നാടക സംവിധായകൻ രഘൂത്തമൻ, ചിത്രകാരനും കവിയുമായ ആർ.പാർത്ഥസാരഥി വർമ്മ, സിനിമ നാടക രംഗത്തെ ശ്യാം രഞ്ജി, സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർ ഖാൻ, ജനകീയ പ്രതിരോധ സമിതി നേതാവ് ഡോ.പ്രസന്നൻ, വിവിധ വിദ്യാർത്ഥിസംഘടനാ പ്രതിനിധികളായ പി.കെ. പ്രഭാഷ് (എഐഡിഎസ്ഒ) എറിക് സ്റ്റീഫൻ -- (കെഎസ്‌യു), കണ്ണൻ (എസ്എഫ്ഐ), എം.പ്രസാദ്(എബിവിപി), അലീന എസ്.(ഡിആർഎസ്ഒ), കേരളത്തിലെ വിവിധ കലാവിദ്യാഭ്യാസ കേന്ദ്രങ്ങളിലെ സുന്ദർദാസ് (ചെമ്പൈ സംഗീത കോളേജ്,പാലക്കാട്), കലാമണ്ഡലം നിതിൻ പി.ആനന്ദ്, രാകേഷ് ( ഫൈനാർട്സ് കോളേജ,തൃശൂർ) അനിലാ ബോസ് ( ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റി, കാലടി), സാഗർ ശ്രീനിവാസൻ (പെർഫോർമിംഗ് ആർട്സ്, തിരുവനന്തപുരം), സ്റ്റീന രാജ് (സ്വാതിതിരുന്നാൾ കോളേജ്,തിരുവനന്തപുരം), ദേവിക (വിമൻസ് കോളേജ്, തിരുവനന്തപുരം), നിതിൻ (കോളേജ് ഓഫ് ഫൈൻ ആർട്സ്, തിരുവനന്തപുരം), അജേഷ് കുമാർ (രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ്, മാവേലിക്കര) എന്നിവർ സംസാരിച്ചു. മണിദാസ് സ്വാഗതവും ബിനു ബേബി നന്ദിയും പറഞ്ഞു.

തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിലെ അദ്ധ്യാപകൻ സംവിധാനം ചെയ്ത് നാടകം *റീ ഫണ്ട്* നാടക വിദ്യാർത്ഥികൾ അവതരിപ്പിച്ചു. യാന്ത്രികമായ വിദ്യാഭ്യാസ രീതിയെ പരിഹസിക്കുന്ന നാടകം, കലാസമരത്തിന്റെ ഉള്ളടക്കത്തെത്തന്നെ പ്രതിഫലിപ്പിക്കുന്നതായിരുന്നു. സംഗീത വിദ്യാർത്ഥികൾ ഗാനസദസ്സും ചിത്രകലാ വിദ്യാർത്ഥികൾ സംഘചിത്രരചനയും നൃത്ത വിദ്യാർത്ഥികൾ സംഘ നൃത്തവും അവതരിപ്പിച്ചു. ഗവർണ്ണർ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി, പൊതുവിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർക്ക് നിവദനം നൽകി. കലാപഠനത്തിനുള്ള കേന്ദ്ര ഫണ്ട് വിനിയോഗിച്ചുകൊണ്ട് കേരളത്തിലെ സ്കൂളുകളിൽ കാലവിളംബം കൂടാതെ കലാ അധ്യാപകരെ നിയമിക്കുന്നില്ലെങ്കിൽ സംസ്ഥാന സ്കൂൾ കലോത്സവം, ഇന്റർനാഷണൽ നാടകോത്സവങ്ങൾ, ഫിലിം ഫെസ്റ്റിവലുകൾ തുടങ്ങിയവ കലാസമര വേദികളാക്കുവാനാണ് കലാവിദ്യാർത്ഥികൾ തീരുമാനിച്ചിട്ടുള്ളത്. ⬢




**സമര സമിതി സംസ്ഥാന കൺവീനർ എം.പ്രദീപൻ പ്രസംഗിക്കുന്നു**



Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/12/2015
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 42 No.9
Price : Rs 5.00
December 2015

# വർദ്ധിച്ചുവരുന്ന അസഹിഷ്ണുതയ്ക്കും മതഭ്രാന്തിനുമെതിരെ രാജ്യമെമ്പാടും പ്രതിഷേധം






കൽക്കത്തയിൽ കലാകാരന്മാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും ബുദ്ധജീവികളുടെയും വേദി നവംബർ 19 ന് സംഘടിപ്പിച്ച കൺവൻഷൻ. പ്രശസ്ത ചലച്ചിത്ര സംവിധായിക അപർണാ സെൻ, പ്രശസ്ത നാടകകാരൻ ബിഭാസ് ചക്രവർത്തി, പ്രമുഖ എഴുത്തുകാരൻ പ്രൊഫ. ആദിത്യമുഖർജി, ആദിത്യമുഖർജി, മുൻ വി.സി. പ്രൊഫ.ദിലീപ്കുമാർ സിൻഹ, പ്രമുഖ ശാസ്ത്രജ്ഞൻ അമിതാവ ദത്ത, പ്രമുഖ സംഗീതജ്ഞൻ കബീർ സുമൻ, മാധ്യമപ്രവർത്തകൻ പരൻജയ് ഗുഹ തകുർത്താ, മുൻ അഡ്വ.ജനറൽ ബിമൽ ചാറ്റർജി, മുൻ എം.പി . ഡോ. തരുൺ മണ്ഡൽ, സന്തുഗുപ്ത, മുതിർന്ന പത്രപ്രവർത്തകൻ ദിലീപ് ചക്രവർത്തി തുടങ്ങി നിരവധി വ്യക്തിത്വങ്ങൾ ഈ കൺവൻഷനിൽ പങ്കെടുത്തു

## ജനാധിപത്യ-മതേതര മഹാസംഗമം കോട്ടയത്ത്




കോട്ടയത്ത് ദിശാ സാംസ്കാരികവേദി സംഘടിപ്പിച്ച മഹാസംഗമം പ്രശസ്ത ചലച്ചിത്ര സംവിധായകൻ കമൽ ഉദ്ഘാടനം ചെയ്യുന്നു

മോദി ഭരണത്തിൻ കീഴിൽ രാജ്യം കടന്നുപോകുന്നത് ഏറ്റവും ഭീതിദമായ അവസ്ഥയിലൂടെയാണെന്ന് പ്രശസ്ത ചലച്ചിത്ര സംവിധായകൻ കമൽ പറഞ്ഞു. ജനാധിപത്യ-മതേതര സമൂഹത്തിൽ ആരെയും ഭയപ്പെടാതെ ജീവിക്കാൻ ഭരണ ഘടന നൽകുന്ന അവകാശം ചോദ്യം ചെയ്യപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഇന്ത്യയെ ജനാധിപത്യ-മതേതര രാഷ്ട്രം എന്നു പറയാൻ നാണക്കേടാണ്. ജ്ഞാന വൃദ്ധരായ ഗോവിന്ദ പൻസാരെ, എം.എം. കൽബുർഗി തുടങ്ങിയവരുടെ കൊലപാതകത്തോടുള്ള നരേന്ദ്ര മോദിയുടെ മഹാമൗനം ഹിറ്റ്ലറെ ഓർമ്മിപ്പിക്കുന്നു. ഗീബൽസിനെ ഹിറ്റ്ലർ ജിഹ്വയാക്കിയെങ്കിൽ നരേന്ദ്ര മേദിക്കും നിരവധി ജിഹ്വകളുണ്ട്. എതിർ ശബ്ദങ്ങളെ ഇല്ലാതാക്കുന്ന ഹിറ്റ്ലറുടെ കാലത്തേയ്ക്കാണ് ഇന്ത്യ നടന്നടുക്കുന്നത്. ഈ സാഹചര്യത്തിൽ ഇന്ത്യയുടെ സാംസ്ക്കാരിക-ജനാധിപത്യ-മതേതര മൂല്യങ്ങളിലേയ്ക്ക് കടന്നു കയറാൻ ഫാസിസ്റ്റ് ശക്തികളെ അനുവദിക്കരുതെന്നും അദ്ദേഹം പറഞ്ഞു. സിനിമ സംവിധായകൻ ജോഷി മാത്യൂ അദ്ധ്യക്ഷത വഹിച്ച സംഗമത്തിൽ ബാനർ സാംസ്ക്കാരിക സമിതി സംസ്ഥാന കൺവീനർ ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. സംഗീത സംവിധായകൻ ആലപ്പി രംഗനാഥ്, ശാസ്ത്ര സാഹിത്യ പരിഷത്ത് സംസ്ഥാന സെക്രട്ടറി ജോജി കൂട്ടുമ്മേൽ, സുജ സൂസൺ ജോർജ്ജ്, പുരോഗമന കലാ സാഹിത്യ സംഘം ജില്ലാ പ്രസിഡന്റ് എം.ജി. ബാബുജി, ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറി കെ.ആർ.ചന്ദ്രമോഹൻ, ഡോ.സി.എസ്.മേനോൻ, ജയ്സൺ ജോസഫ്, ജോർജ്ജ് മുല്ലക്കര, ഡോ. ജോർജ്ജ് സെബാസ്റ്റ്യൻ, ഡോ.വർഗ്ഗീസ് ജോർജ്ജ്, ഡോ. നസ്നീൻ സെയ്ദു, പ്രൊഫ.പിഎൻ. തങ്കച്ചൻ, വൈക്കം ബാബു, ഡോ. മുഹമ്മദ് ഷഫീഖ്, എൻ.കെ.ബിജു തുങ്ങിയവർ പ്രസംഗിച്ചു. ദിശ സാംസ്ക്കാരിക വേദി കൺവീനർ ഇ.വി.പ്രകാശ് സ്വാഗതവും എം.കെ. ഷഹസദ് നന്ദിയും പറഞ്ഞു. രാവിലെ 10 മണിക്ക് നടന്ന സംഘചിത്ര രചന ലളിത കലാ അക്കാദമി മുൻ ചെയർമാൻ കെ.എ.ഫ്രാൻസിസ് ഉദ്ഘാടനം ചെയ്തു. കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റ്റി.ആർ.ഉദയകുമാർ, ജയലാൽ, ടി.എസ്.പ്രസാദ്, ആർ.പാർത്ഥസാരഥി വർമ്മ ഉൾപ്പടെ നിരവധി ചിത്രകാരന്മാർ പങ്കെടുത്തു.ബൈജു സി.തങ്കപ്പൻ സ്വാഗതം ആശംസിച്ചു. തുടർന്ന് നടന്ന സാഹിത്യ സമ്മേളനം പ്രശസ്ത ബാല സാഹിത്യകാരൻ കിളിരൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി മിനി കെ.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എം.കൃഷ്ണകുമാർ, യാക്കൂബ് യാക്കൂ തുടങ്ങിയവർ പ്രസംഗിച്ചു. ബിനോയ് പി.ജോണി സ്വാഗതം ആശംസിച്ചു. ഉച്ചയ്ക്കു ശേഷം നടന്ന മതേതര ഗാന സദസ്സിൽ കെ.വി.സന്തോഷ് തൃപ്പൂണിത്തുറ, ജയമോൻ നീലംപേരൂർ, സൂര്യ സെൻ തുടങ്ങിയവർ പങ്കെടുത്തു. ⬢

## ബ്രേക്ത്രൂ സയൻസ് സൊസൈറ്റി കൺവൻഷൻ




വർദ്ധിച്ചുവരുന്ന അസഹിഷ്ണുതയ്ക്കും അശാസ്ത്രീയ ചിന്താഗതികളുടെ പ്രചാരണത്തിനും ഗവേഷണത്തിനുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുന്നതിനുമെതിരെ ഡിസംബർ 7 ന് എറണാകുളം അച്യുതമേനോൻ ഹാളിൽ ബ്രേക്ത്രൂ സയൻസ് സൊസൈറ്റി കേരളാ ചാപ്റ്റർ സംഘടിപ്പിച്ച കൺവൻഷൻ കൊച്ചിൻ യൂണിവേഴ്സിറ്റി മുൻ വിസിയും പ്രമുഖ ശാസ്ത്രജ്ഞനുമായ ഡോ. കെ.ബാബു ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

അടിസ്ഥാന ശാസ്ത്ര ഗവേഷണങ്ങൾക്കുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം രാജ്യാന്തരതലത്തിൽ ഇന്ത്യയെ പിന്നോട്ടടിപ്പിക്കുമെന്ന് ഡോ.ബാബു ജോസഫ് അഭിപ്രായപ്പെട്ടു. വ്യവസായികളിൽ നിന്ന് ഗവേഷണഫണ്ട് കണ്ടെത്തുവാനുള്ള നിർദ്ദേശം അടിസ്ഥാന ശാസ്ത്ര വളർച്ചയെ തടയും. മുൻ സർക്കാരുകളുടെ കാലത്തും കപട ശാസ്ത്രങ്ങൾ പ്രചരിപ്പിക്കപ്പെട്ടിരുന്നുവെങ്കിലും ഇത്രയും വ്യാപകവും സംഘടിതവുമായ രീതിയിൽ ആയിരുന്നില്ല. വ്യാജ ശാസ്ത്രപ്രചാരണത്തിനായി പണം മുടക്കാൻ സർക്കാരിനു മടിയൊന്നും കാണുന്നില്ല. അദ്ദേഹം തുടർന്നു.

കൽക്കട്ട ഐഐഎസ്ഇആർ പ്രൊഫസറും ബ്രേക്ത്രൂ സയൻസ് സൊസൈറ്റി അഖിലേന്ത്യ ജനറൽ സെക്രട്ടറിയുമായ ഡോ. സൗമിത്രോ ബാനർജി മുഖ്യപ്രഭാഷണം നടത്തി. പാരമ്പര്യത്തിന്റെ പേരിലുള്ള അയഥാർത്ഥ അവകാശവാദങ്ങൾ തുറന്നുകാട്ടുകയും യഥാർത്ഥ ഭാരതീയ ശാസ്ത്ര പാരമ്പര്യം വിശദമാക്കുകയും ചെയ്തുകൊണ്ട് അദ്ദേഹം പ്രഭാഷണം നടത്തി. ഗ്രീക്കു ശാസ്ത്രത്തിൽ ക്ഷേത്രഗണിതമായിരുന്നു പ്രമുഖമായും വികസിച്ചിരുന്നത്. എന്നാൽ ഇന്ത്യയിൽ ബീജഗണിതവും (അൽജിബ്ര), സംഖ്യാഗണിതവും (അരിത്തമാറ്റിക്സ്), ക്ഷേത്രഗണിത(ട്രിഗ്ണോമെട്രി)വും വികാസം പ്രാപിച്ചിരുന്നു. സ്ഥാനവിലയനുസരിച്ച് സംഖ്യകൾ എഴുതുന്ന രീതിയും ഇന്ത്യയിലാണാദ്യം വികസിച്ചത്. എന്നാൽ വൈദീക ശാസ്ത്രത്തിന്റെയും പ്ലാസ്റ്റിക് സർജറിയുടെയും പേരിൽ നടത്തുന്ന അവകാശവാദങ്ങൾ യഥാർത്ഥ നേട്ടങ്ങളെ തിരസ്ക്കരിക്കുവാനേ ഉപകരിക്കൂവെന്നും അദ്ദേഹം പറഞ്ഞു. ഡോ.എം.കെ.പ്രസാദ്, ഡോ.മോൻസി വി. ജോൺ, സി.രാമചന്ദ്രൻ, ഡോ.വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ, പ്രൊഫ.പി.എൻ.തങ്കച്ചൻ, ഫ്രാൻസിസ് കളത്തുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു. ⬢




അസഹിഷ്ണുതയ്ക്കെതിരെ ഡിസംബർ 3 ന് മുംബൈയിലെ വനമാലി ഹാളിൽ എസ്യുസിഐ(സി) ഉൾപ്പെടെയുള്ള 7 ഇടതുപാർട്ടികളുടെ നേതൃത്വത്തിൽ നടന്ന സമ്മേളനം മുംബൈ ഹൈക്കോടതിയിലെ മുൻ ജസ്റ്റിസ് സുരേഷ് ഹോസ്ബെറ്റ് ഉദ്ഘാടനം ചെയ്യുന്നു

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.